
പഠന നിലാവ്
MAGAZINE
MATHA HS Mannampetta

TO SERVE NOT TO BE SERVED

1935

MATHA HIGH SCHOOL, MANNAMPETTA

# സന്ദേശം



വിദ്യാലയം എന്ന സമൂഹത്തിലേക്ക് മാതാ ഹൈസ്കൂൾ മണ്ണംപേട്ട പഠന നിലാവ് എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ ഇറക്കുന്നു. കുട്ടികളുടെ സ്വതന്ത്രമായ ചിന്തക്കും സർഗാത്മകാവിഷ്കാരങ്ങൾക്കും
ഒട്ടേറെ അവസരങ്ങൾ ഇതിൽ ഒരുക്കിയിരിക്കുന്നു.
സ്കൂളിലെ IT പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും പരിശീലനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു.

**മാനേജർ**

**ഫാദർ ജോസ് എടക്കളത്തൂർ**



വിദ്യാലയം എന്ന സമൂഹത്തിലേക്ക് മാതാ ഹൈസ്കൂൾമണ്ണംപേട്ട പഠന നിലാവ് എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ ഇറക്കുന്നു. കുട്ടികളുടെ സ്വതന്ത്രമായ ചിന്തക്കും സർഗാത്മകാവിഷ്കാരങ്ങൾക്കും ഒട്ടേറെ അവസരങ്ങൾ ഇതിൽ ഒരുക്കിയിരിക്കുന്നു.സ്കൂളിലെ IT പ്രവർത്തനങ്ങള് ഏകോപിപ്പിക്കുകയും പരിശീലനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു.കുട്ടികളിലെ സർഗാത്മക അഭിരുചികളെ ഉണർത്തി മാനസിക വികാസം സാധ്യമാക്കാൻ ശ്രമിക്കുന്ന ഇടമാണല്ലോ നമ്മുടെ വിദ്യാലയം. കാലം ചെല്ലുന്തോറും പരിഷ്കാരങ്ങൾ നിറഞ്ഞ് വിദ്യാലയ മേഖല മുന്നേറുമ്പോൾ ഹൈടെക് സംവിധാനങ്ങള്ഉപയോഗിച്ച് നമ്മുടെ കുട്ടികൾ അവരുടെ സർഗ കഴിവുകളെ പ്രകടിപ്പിക്കാവൻ തയ്യാറാക്കിയ ഈ ഡിജിറ്റല്മാഗസിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു

**ഹെഡ്മിസ്ട്രസ് . പി സി ആനീസ്**



# ഉള്ളടക്കം


നേട്ടങ്ങൾ.................................................08

മലയാളം കോർണർ

കഥകൾ.................................................12

കവിതകൾ.............................................30

ഉപന്യാസം............................................63

ഇംഗ്ലീഷ് കോർണർ

കഥകൾ.................................................117

കവിതകൾ.............................................121

സുഡോകു..............................................147

## ലിറ്റിൽ കൈറ്റ്സ് ടീം അംഗങ്ങൾ ജില്ലാതല പുരസ്കാരം ഏറ്റുവാങ്ങുന്നു





# മാതാ ന്യൂസ്
ലിറ്റിൽ കൈറ്റ്സ്

Vol. - 1 | 2020 January 10

## സംസ്കൃത നാടകത്തിന് എ ഗ്രേഡിന്റെ ഉജ്ജ്വല തിളക്കം

## മികവ് തേടി ഗുജറാത്ത് വിദ്യാഭ്യാസ സെക്രട്ടറി മാതാ സ്കൂളിൽ

## സംസ്ഥാനത്ത് ആദ്യമായി ഏർപ്പെടുത്തിയ മികച്ച സ്കൂൾ വിക്കിക്കും ലിറ്റിൽ കൈറ്റ്സ് ടീമിനുമുള്ള സംസ്ഥാനതല അവാർഡുകൾ മാതാ ഹൈസ്കൂളിന്

## ഗിത്താറിൽ താളവിസ്മയം തീർത്ത് എയ്ബൽ

## തിരക്കഥാരചനാ മത്സരം

## ഐ.ടി.മേള

ജില്ലാ കലോത്സവത്തിലും സംസ്ഥാന കലോത്സവത്തിലും മികച്ച നടനായി തെരഞ്ഞെടുക്കപ്പെട്ട ഹരിനാരായണൻ

## ശാസ്ത്ര ലോകത്തേക്ക് ഒരു ചുവടുവയ്പ്

[illegible]

## ഉപജില്ല ലിറ്റിൽ കൈറ്റ്സ് ക്യാമ്പ്

[illegible]



[illegible]

## ദിന മേശ വിതരണം



[illegible]

## മാതാ ന്യൂസ്

[illegible]



[illegible]

## പ്രകൃതിയെ അറിഞ്ഞ്



[illegible]

## ജീവകാരുണ്യ പ്രവർത്തനങ്ങളുടെ മറ്റൊരു മുഖം



[illegible]

## ഹൈടെക് അമ്മ

[illegible]

## കേരളപ്പിറവി

[illegible]



## സംസ്കൃത ദിനം

[illegible]

## പുതു വിദ്യാലയങ്ങളിലൂടെ ആരം

[illegible]



## കോഴി വിതരണം

[illegible]

## ഇന്നിനൊരേറും വേസ്റ്റ് ബിന്നുകളും

[illegible]



## ലിറ്റിൽ കൈറ്റ്സ് പ്രവേശനം

[illegible]



## വിദ്യാലയം പ്രതിഭകളോടൊപ്പം

## മാതാ എച്ച് എസ്സിൽ അരങ്ങുണരുന്നു.

## വൈദ്യുതി അപകടങ്ങൾ തടയാൻ

## പ്രവേശനോത്സവം


ജൂൺ 5 പരിസ്ഥിതി ദിനം
കൊതുകു നിവാരണം
21 അന്താരാഷ്ട്ര യോഗ ദിനം
ലഹരി വിരുദ്ധ ജാഥ
പ്രകൃതി കർഷകൻ
1991 ബാച്ച് പൂർവ്വ വിദ്യാർത്ഥികൾ

# മലയാളം കോർണർ

## കഥകൾ

### അപ്പൂപ്പനും അമ്മൂമയും ചാമ്പങ്ങയും...

ഒരിടത്തൊരിടത്ത് ഒരു അപ്പൂപ്പനും അമ്മൂമ്മയും ഉണ്ടായിരുന്നു. അവരുടെ വീടിനു മുന്നിൽ ഒരു ചാമ്പ മരം ഉണ്ടായിരുന്നു. ആ ചാമ്പ മരത്തിൽ നിറയെ ചാമ്പങ്ങ ഉണ്ടായി.
ചാമ്പമരം മുഴുവൻ ചാമ്പങ്ങ പഴുത്തു കിടക്കുന്നത് കാണുവാൻ നല്ല രസമായിരുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം അമ്മൂമ്മ അപ്പൂപ്പനോട് പറഞ്ഞു. "എന്ത് രസമാണ് ചാമ്പങ്ങ പഴുത്തു കിടക്കുന്നതു കാണുവാൻ. നമുക്ക് ഇതാർക്കും കൊടുക്കേണ്ട. അടുത്ത വീടുകളിലെ കുട്ടികൾ വരുമ്പോൾ നമുക്കവരെ ഓടിക്കാം. "

ഇതുകേട്ട് അപ്പൂപ്പൻ പറഞ്ഞു. "ശരിയാ , ഇതാർക്കും കൊടുക്കേണ്ട. നമുക്കും കഴിക്കേണ്ട. എന്നും കണ്ടു കൊണ്ടിരിക്കാം."



അപ്പൂപ്പനും അമ്മൂമ്മയും ചാമ്പയ്ക്ക് കാവലിരുന്നു.അവർ ചാമ്പങ്ങ പറിക്കാൻ വന്ന കുട്ടികളെയെല്ലാം ഓടിച്ചു. അവർ പഴുത്തു ചുവന്ന ചാമ്പങ്ങ സന്തോഷത്തോടെ കണ്ടു കൊണ്ടിരുന്നു.

അങ്ങനെയിരിക്കെ അവരുടെ ചാമ്പങ്ങ രാത്രിയിൽ ആരോ പറിക്കുന്നുണ്ടെന്ന് അവർക്കു മനസിലായി. അവർ ആളെ കണ്ടുപിടിക്കാൻ തീരുമാനിച്ചു. അത് ഒരു മരപ്പട്ടിയാണെന്ന് അവർക്ക് മനസിലായി.

അപ്പൂപ്പനും അമ്മൂമ്മയും മരപ്പട്ടിയെ എങ്ങനെ പിടിക്കാം എന്ന് തല പുകഞ്ഞാലോചിച്ചു. അങ്ങനെ അമ്മൂമ്മക്കൊരു ഒരു ബുദ്ധി തോന്നി.

അമ്മൂമ്മ പറഞ്ഞു . "രാത്രി ആകുമ്പോൾ അപ്പൂപ്പൻ ചാമ്പ മരത്തിനു മുകളിൽ ഇരിക്കണം. മരപ്പട്ടി വരുമ്പോൾ അതിനെ കുലുക്കി താഴേക്കിടണം.ഞാൻ ഒരു വടിയുമായി താഴെ ഇരിക്കാം. ഞാൻ അതിനെ അടിച്ചു കൊല്ലാം." അപ്പൂപ്പൻ സമ്മതിച്ചു.

അങ്ങനെ രാത്രിയായി. അപ്പൂപ്പൻ ചാമ്പ മരത്തിനു മുകളിൽ പുതച്ചു മൂടി ഇരുന്നു. അമ്മൂമ്മ ചാമ്പ മരത്തിന്റെ ചുവട്ടിലും ഇരുന്നു. കുറെ നേരമായിട്ടും മരപ്പട്ടി വന്നില്ല. അപ്പൂപ്പന് ഉറക്കം വന്നു തുടങ്ങി. അപ്പൂപ്പൻ അങ്ങനെ ഇരുന്ന് ഉറങ്ങിപ്പോയി. ഉറങ്ങി മരത്തിൽ നിന്നു താഴേക്കു വീണു.
രാത്രിയല്ലേ അമ്മൂമ്മക്കുണ്ടോ കണ്ണു കാണാൻ പറ്റുന്നുള്ളു! അമ്മൂമ്മ മരപ്പട്ടിയാണെന്നു വിചാരിച്ച് അപ്പൂപ്പനെ അടിയോടടി.

അപ്പൂപ്പൻ വേദന കൊണ്ട് ഉച്ചത്തിൽ നിലവിളിക്കാൻ തുടങ്ങി. നിലവിളിക്കുന്ന ശബ്ദം കേട്ടപ്പോൾ അമ്മൂമ്മക്ക് തോന്നി."ഇത് മരപ്പട്ടിയുടെ സ്വരമല്ലല്ലോ. ഒരു മനുഷ്യന്റെ സ്വരം ആണല്ലോ ?" അമ്മൂമ്മ പുതപ്പു മാറ്റി നോക്കിയപ്പോൾ , അതാ പാവം അപ്പൂപ്പൻ അടി കൊണ്ട് അവശനായി കിടക്കുന്നു. അമ്മൂമ്മക്കും വിഷമമായി.

പിന്നീട് അവർ എല്ലാവർക്കും ചാമ്പങ്ങ കൊടുക്കാൻ തുടങ്ങി. കുട്ടികളുടെ സന്തോഷം കണ്ടപ്പോൾ അവർക്കും സന്തോഷം തോന്നി.

**ഗുണപാഠം : നമ്മുക്കുള്ളത് മറ്റുള്ളവരുമായി പങ്കു വച്ചാൽ സന്തോഷം ഇരട്ടിയാകും...........**

## ബീമുവിനെ കുടുക്കി.

കാട്ടരുവിയുടെ  തീരത്ത് ബീമു എന്നൊരു കരടികുട്ടനുണ്ടായിരുന്നു. മറ്റുള്ളവരെ പേടിപ്പിക്കുകയായിരുന്നു അവന്റെ വിനോദം.
ഒരു ദിവസം ,ബീമു കാട്ടരുവിയുടെ അരികിലൂടെ നടക്കുകയായിരുന്നു.



അപ്പോഴാണ് ചൊങ്കൻ കരടി കാട്ടരുവിയുടെയരികിലെ ഒരു പാറയിൽ ചാരി ഇരിക്കുന്നത് കണ്ടത്.



"ഹി! ഹി! കരടിച്ചേട്ടനെ ഒന്നു പേടിപ്പിക്കാം..." ബീമു വിചാരിച്ചു.എന്നിട്ട്  അവൻ കരടിയുടെ അരികിലെത്തിയിട്ട് ഒറ്റ കരച്ചിൽ.. "ഗ്രാ....."

പേടിച്ചു വിറച്ച കരടി "യ്യോ... മ്മോ .." ന്ന്  കരഞ്ഞു ചാടി എണീറ്റു . വെപ്രാളത്തിനിടയിൽ കാൽ തെറ്റി അവൻ കാട്ടരുവിയിൽ വീണു.



പിന്നീട് ഒരു വിധത്തിലാണ് കരടി കരയ്ക്കു കയറിയത്. "ദുഷ്ടാ... നീ ഇതിന് അനുഭവിക്കും..." എന്ന് പറഞ്ഞിട്ട് കരടി വീട്ടിലേക്കു മടങ്ങി.

ആ ദിവസം ബീമു കാട്ടിലെ ചതുപ്പിനരികിലൂടെ നടക്കുകയായിരുന്നു. അപ്പോഴാണ് കോക്രി തവളയെ കണ്ടത്.



അവൻ കുളക്കരയിലെത്തിയപ്പോൾ തവള പറഞ്ഞു.

"ചേട്ടാ.. ഇങ്ങോട്ടു വാ .. നമുക്ക് നീന്തി കളിക്കാം..."

ബീമുവിന് അത് പിടിച്ചില്ല.. " ഹ്ഹം , എന്നെ കളിയാക്കുന്നോടാ..." അവൻ ചതുപ്പിലേക്കിറങ്ങി .

പക്ഷേ അവന്റെ രണ്ടു കാലുകളും ചതുപ്പിൽ കുടുങ്ങി."യ്യോ.. മ്മേ ....." അവൻ പറഞ്ഞു. അതുകണ്ട് തവള പറഞ്ഞു. "മറ്റുള്ളവരെ പേടിപ്പിക്കുന്നതിനുള്ള ശിക്ഷയാണത്.

"**ഗുണപാഠം : മറ്റുള്ളവരെ ദ്രോഹിച്ചാൽ തിരിച്ചും ശിക്ഷ കിട്ടും .....**

# ചെന്നായും ആട്ടിൻക്കുട്ടിയും

ഒരിക്കൽ കുറെ ആട്ടിൻപറ്റം കാട്ടിലൂടെ മേഞ്ഞു നടക്കുകയായിരുന്നു.

കൂട്ടത്തിലൊരു കുഞ്ഞാട് കൂട്ടം തെറ്റിപ്പോയി. കൂട്ടുകാരെല്ലാം കുറെ ദൂരെ എത്തിക്കഴിഞ്ഞതൊന്നും അവനറിഞ്ഞില്ല.അവൻ അറിയാത്ത മറ്റൊരു കാര്യം കൂടി ഉണ്ടായിരുന്നു; ഒരു ചെന്നായ അവന്റെ പിന്നാലെ നടക്കുന്ന കാര്യം! കുഞ്ഞാട് തനിച്ചാണെന്ന് ഉറപ്പു വരുത്തിയ ശേഷം ചെന്നായ അവനു മേൽ ചാടി വീണു."ആട്ടിറച്ചി കഴിച്ചിട്ട് നാളേറെയായി," ചെന്നായ നാവു നൊട്ടി നുണഞ്ഞുകൊണ്ട് പറഞ്ഞു.രക്ഷപെടാൻ ഒരു മാർഗത്തിനായി കുഞ്ഞാട് തലപുകഞ്ഞാലോചിച്ചു. അവൻ എങ്ങനെയൊക്കെയോ ധൈര്യം സംഭരിച്ച് ചെന്നായയോട് സംസാരിക്കാൻ തുടങ്ങി.



"എന്നെ തിന്നോളൂ. പക്ഷേ , രുചിയുള്ള ആട്ടിറച്ചി തിന്നണമെങ്കിൽ അല്പം കാത്തിരിക്കണം."

"അതെന്താ?" ചെന്നായ അന്തം വിട്ടു.

"ഞാൻ ഇപ്പോൾ വയറുനിറച്ചും പുല്ലു തിന്നതേയുള്ളൂ . ഇപ്പോൾ എന്നെ തിന്നാൽ പുല്ലു തിന്നുന്നതു പോലിരിക്കും." ആട്ടിൻകുട്ടി പറഞ്ഞു .

" അതു ശരിയാണല്ലോ!" ചെന്നായയ്ക്കു തോന്നി.

"പുല്ലൊക്കെ ദഹിച്ചു കഴിഞ്ഞാൽപ്പിന്നെ ആട്ടിറച്ചിയുടെ രുചി കൂടും , അറിയില്ലേ? " കുഞ്ഞാട് വീണ്ടും പറഞ്ഞതു കൂടി കേട്ടതോടെ ചെന്നായയ്ക്ക് കൊതി സഹിക്കാനായില്ല.



"ഹും ! ദഹിക്കാൻ എത്ര സമയം വേണം? " ചെന്നായ ചോദിച്ചു .

"നൃത്തം ചെയ്താൽ വേഗം ദഹിക്കും. എന്റെ കഴുത്തിൽ കെട്ടിയ ഈ മണി ഒന്നു കിലുക്കിത്താ . എന്നാലേ എനിക്ക് നൃത്തം ചെയ്യാൻ തോന്നൂ ."

കുഞ്ഞാട് പറഞ്ഞു. എന്നിട്ടു സ്വന്തം കഴുത്തിലെ മണി അഴിച്ചെടുത്ത് കൊടുത്തു.

ചെന്നായയ്ക്ക് സന്തോഷമായി. എന്നിട്ട് കുഞ്ഞാട് കൊടുത്ത മണി ആഞ്ഞാഞ്ഞ് കിലുക്കിത്തുടങ്ങി."ണിം.....ണിം....ണ്ണീം.....ണ്ണീം....." കുഞ്ഞാട് മണി കിലുങ്ങുന്ന ശബ്ദത്തിനനുസരിച്ച് നൃത്തം ചെയ്യാനും തുടങ്ങി.

മണിയുടെ ഉച്ചത്തിലുള്ള ശബ്ദം അപ്പോഴാണ് ആട്ടിടയൻ കേട്ടത്. അയാൾ വന്നു നോക്കുമ്പോഴതാ തന്റെ കുഞ്ഞാടിനടുത്ത് ഒരു
ചെന്നായ നിന്ന് മണി കിലുക്കുന്നു! അയാൾ കൈയിലുള്ള വടിയെടുത്ത് ചെന്നായയുടെ മുതുകത്ത്

'പ്ലെ..

"ഹമ്മോ..." ചെന്നായ കരഞ്ഞു കൊണ്ട് ഒറ്റയോട്ടം!



**ഗുണപാഠം : അപകടസമയത്ത് വേണ്ടതുപോലെ ബുദ്ധി ഉപയോഗിച്ചാൽ രക്ഷപെടാം.....**

# മഴവില്ല്

ഒരിക്കൽ നിറങ്ങളെല്ലാം ഒത്തുക്കൂടി.ഓരോന്നു പറഞ്ഞ് പറഞ്ഞ് വലിയ വഴക്കായി.താനാണ് ഏറ്റവും മികച്ചവനെന്നായി



ഓരോരുത്തവരുടേയും വാദം.എറ്റവും മികച്ചവനും പ്രസക്പനും ഉപകാരിയും താനാണെന്ന് ഓരോ നിറവും വീറോടെ വാതിച്ചതിനാൽ പോരു മൂത്തു.

പച്ച പറഞ്ഞു-വാസ്തവത്തിൽ ഞാനാണ് എറ്റവും പ്രധാനി.ജീവൻേറയും പ്രതീക്ഷയുടേയും അടയാളം.പുല്ലിലും മരത്തിലും ഇലയിലും എല്ലാം" ഞാൻ മയം."!

നീല തടസ്സം പറഞ്ഞു-എടോ പച്ചേ നീ ഭൂമിയെപറ്റിമാത്രം ചിന്തിക്കുന്നതുക്കൊണ്ടാണ്.ആകാശവും കടലും നൂക്ക്.ഞാനില്ലെങ്കിൽ എല്ലാം തീർന്നെന്നെ.....

ഓരോരുത്തരും ഇതുപ്പോലെത്തന്നെ ഓരോ വാതങ്ങളിൽ ഏർപ്പെട്ടു.അവസാനം അതോരു വലിയ വഴക്കായി.പെട്ടെന്ന് ഇടി വെട്ടി. മഴ പെയതു.നിറങ്ങൾ സുരക്ഷിത സ്ഥാനങ്ങളിലേക്കു നിങ്ങി."മണ്ടശിരോമണികളേ തമ്മിൽ വഴക്കുണ്ടാക്കുന്നോ? നിങ്ങളെല്ലാവരും വ്യത്യസ്തവും തനതാർന്നതുമായ ഒരു നിയോഗത്തിനു വേണ്ടിയാണു നിയോഗിക്കപ്പെട്ടതെന്നു അറിയില്ലേ?"

"ഇനി ഞാൻ വരുമ്പോൾ നിങ്ങളെല്ലാവരും ഓരുമിച്ച് കൈ കോർത്തുപിടിച്ച് നിൽക്കണം.അതാണ് നിങ്ങളുടെ ഐശ്വര്യം.സുന്ദരമായ മഴവില്ലായി അത് രൂപപ്പെടണം. അത് നാളത്തെ പ്രത്യാശയുടെ സൂചനയാണ്.വഴക്കെല്ലാം ഒതുങ്ങിയതിൻെറ തെളിവാണ്"



പിന്നെ ഭൂമിയിൽ മഴ പെയ്യുംമ്പോഴൊക്കെ അവർ കൈക്കോർത്തു

പിടിച്ച നിൽക്കും.പരസ്പ്പരം പോരടിക്കാതെ ജീവിച്ചാൽ മഴവില്ലായി നിറയാം എന്ന് ഓർമപ്പെടുത്താൻ.....

## കേശുവിന് പറ്റിയ അമളി

കേശു വിശന്ന് തളർന്നു. എന്തെങ്കിലും തിന്നണം. വഴിയരികിൽ അതാ ഒരു എല്ലിൻകഷണം. അവൻ കൊതിയോടെ അതു കടിച്ചെടുത്തു. ഓടിയോടി തോട്ടിന്റെ കരയിൽ എത്തി. തോട്ടിന് അക്കരെ ഈറ്റക്കാടിന് അപ്പുറത്ത് ആളൊഴിഞ്ഞ ഒരു വീടുണ്ട്. അതിനു പിറകിലാണ് കേശുവിന്റെ വാസം. അവിടെ എത്തിയിട്ടു വേണം സമാധാനത്തോടെ എല്ല് തിന്നാൻ. തോട്ടിനു കുറുകെ ഒരു ഒറ്റത്തടിപ്പാലമുണ്ട്. സൂക്ഷിച്ച നടന്നില്ലെങ്കിൽ വെള്ളത്തിൽ



വീണതുതന്നെ. കേശു പാലത്തിലൂടെ സാവധാനം നടന്നു. തോട്ടിലെ വെള്ളത്തിൽ അതാ മറ്റൊരു നായ. എല്ലിൻകഷണം തട്ടിയെടുക്കാൻ




വന്നതാവും. പേടിപ്പിച്ച് ഓടിക്കണം. പിന്നെ ഒട്ടും താമസിച്ചില്ല. 'ബൗ.... ബൗ''-നായയെ നോക്കി കേശു കുരച്ചു. 'പ്ധും' എല്ലിൻകഷണം തോട്ടിൽ വീണു.

## സ്നേഹം ഓർമിക്കപ്പെടുന്നതുക്കൊണ്ട്..

ഒരു പ്രമുഖ പത്രം പെയ്ൻറിങ് മത്സരം സംഘടിപ്പിച്ചു.മൂന്നാം ക്ലാസിലെ കുട്ടികൾക്കായി. ഇഷ്ടമുള്ളത് വരക്കാൻ മത്സരത്തിനെത്തിയവക്ക് അനുവാദവും നൽകി. അവർക്ക് സന്തോഷം നൽകുന്ന എന്തെങ്കിലും ആയിരിക്കണം വരക്കേണ്ടത് എന്നു മാത്രം.

പലരും പപ്പായേയും മമ്മിയേയും വരച്ചു. ചിലർ പാവക്കുട്ടിയേയും മറ്റു ചിലർ കൂട്ടുക്കാരേയും കോറിയിട്ടു.



മത്സരം കഴിഞ്ഞു. സംഘാടകർ ഏവരുടേയും ചിത്രങ്ങൾ കാണാനെത്തി. ഒരു ചിത്രം ആവരുടെ ശ്രദ്ധയിൽ പെട്ടു. അതു വളരെ പുതുമയുള്ളതായി അവർക്കു തോന്നി. അതൊരു കൈയുടെ സ്കെച്ച് ആയിരുന്നു. സംഘാടകരിലൊരാൾ ആകാംഷയോടെ :"മൊനേ ഇതെന്താണ് ഈ ചിത്രം?

"ഇതെൻെറ മാഷിൻെറ കയ്യാ..."അവൻ ചാടി ഉത്തരം പറഞ്ഞു

"എനിക്കു കളിക്കാൻ കൂട്ടുക്കാരാരും ഇല്ലാതാകുംപോ ടീച്ചർ കൈപ്പിടിച്ച് എന്നെ നടത്തും. എൻെറ ടിച്ചറിന് എന്നെ വല്യ ഇഷ്ടാ.."

ടീച്ചറിൻെറ കൈകളെക്കുറിച്ചുള്ള ഓർമ്മ,മധുരതമായ ആ സ്പർശം,അവനിൽ ആനന്ദമേറ്റി.സംഘാടകർ നോക്കിനിൽക്കെ ചിത്രം നെഞ്ചോടു ചേർത്ത് അവൻ ആ ഓർമയിൽ മുഴകി നിന്നു.......

# സന്യാസിയും നായയും

ഒരു കൊടുങ്കാട്ടിൽ ഒരു സന്യാസി ജീവിച്ചിരുന്നു. കായ്കനികൾമാത്രമായിരുന്നു ആഹാരം .

ഒരു നാൾ എവിടെ നിന്നോ ഒരു നായ അലഞ്ഞു തിരിഞ്ഞ് സന്യാസിയുടെ ഗുഹയിലെത്തി.അലിവു തോന്നിയ സന്യാസി നായയെ തന്റെയൊപ്പം പാർപ്പിച്ചു.



നേരം വെളുത്താൽ നായ കാട്ടിലേക്കിറങ്ങും.പിന്നെ വൈകുന്നേരമാണ് തിരിച്ചു വരിക. സന്യാസിയെപ്പോലെ കായ്കനികൾ തിന്നു വിശപ്പടക്കാൻ നായയ്ക്കു കഴിയില്ലല്ലോ. വല്ലതും എരിവും പുളിയുള്ളതും വേണം നായയ്ക്ക്.

ഒരിക്കൽ നായ കാട്ടിൽ ഭക്ഷണമന്വേഷിച്ച് നടക്കുകയായിരുന്നു. അതാ, മരച്ചുവട്ടിൽ ഒരു കടുവ! നായയെ കണ്ടതും കടുവ ഒറ്റച്ചാട്ടം. ഒരു നിമിഷം കൊണ്ട് നായ ഓടെടാ ഓട്ടം!

നായ ചെന്നുനിന്നത് സന്യാസിയുടെ ഗുഹക്കകത്താണ്.

"എന്താ, എന്തുപറ്റി?" നിന്നു കിതയ്ക്കുന്ന നായയെ നോക്കി സന്യാസി തിരക്കി.
"ഒരു കടുവ എന്നെ പിടിക്കാൻ വന്നു." നായ പറഞ്ഞു.

സന്യാസി എന്തോ മന്ത്രം ചൊല്ലിയ മാത്രയിൽ നായ വലിയൊരു കടുവയായി മാറി. രൂപം മാറിയ നായ ഗുഹക്കു പുറത്തേക്കു വന്നു. മുന്നിൽ ഭീമാകാരനായ കടുവയെ കണ്ട് ജീവനും കൊണ്ട് ആദ്യത്തെ കടുവ കാട്ടിൽ മറഞ്ഞു.

നായയ്ക്ക് പിന്നീട്, മറ്റു പല വലിയ മൃഗങ്ങളെയും നേരിടേണ്ടി വന്നു. അപ്പോഴെല്ലാം സന്യാസി തന്റെ മാന്ത്രിക ശക്തികൊണ്ട് നായയെ ആ മൃഗമാക്കി മാറ്റി. ചുരുക്കി പറയാമല്ലോ, ഓരോ തവണയും നായ രക്ഷപെട്ടു.

ദിവസങ്ങൾ കഴിഞ്ഞു. ഒരിക്കൽ നായ തന്നെയൊരു സിംഹമാക്കണമെന്നു പറഞ്ഞു കൊണ്ടാണ് ഗുഹയിലെത്തിയത്. കാട്ടിലെ രാജാവായ സിംഹത്തെ തോൽപ്പിക്കണമെങ്കിൽ അതേ വഴിയുള്ളുവെന്ന് നായ പറഞ്ഞു. സന്യാസി തന്റെ മന്ത്രശക്തി കൊണ്ട് നായയെ ഒരു സിംഹമാക്കി.

ഇനി തനിക്ക് ആ രൂപം മതിയെന്ന് നായ തീരുമാനിച്ചു.മറ്റ് ഒരു മൃഗത്തെയും ഭയപ്പെടേണ്ടല്ലോ. സിംഹം പുറത്തൊന്നും പോകാതെ ആ ഗുഹയിൽ



കഴിഞ്ഞു കൂടി. കുറച്ച് കഴിഞ്ഞപ്പോൾ സിംഹത്തിനു വിശക്കാൻ തുടങ്ങി. പുറത്തു പോയി വേട്ടയാടാൻ അതിനു മടി തോന്നി. വിശപ്പടക്കാൻ സന്യാസിയെ തന്നെ ശാപ്പിടാമെന്ന് സിംഹം തീരുമാനിച്ചു.

സന്യാസി പുറത്തുപോയി മടങ്ങി വന്നപ്പോൾ അതാ സിംഹം ആക്രമിക്കാൻ

**ഗുണപാഠം : നമ്മുടെ അഹങ്കാരം നമുക്ക്ആപത്തുണ്ടാക്കും.....**

## സർണമീനും കാക്കയും

ഒരു കുളത്തിൽ ഒരു സ്വർണമീനുണ്ടായിരുന്നു. വലിയ അഹങ്കാരിയായിരുന്നു അവൻ. "അയ്യയ്യേ! നിങ്ങളെയൊക്കെ കാണാൻ ഒരു ഭംഗിയുമില്ല. എന്നാൽ എന്നെ നോക്ക്, എന്തു ഭംഗിയാണെനിക്ക്! " , സ്വർണമീൻ എപ്പോഴും മറ്റു മീനുകളെ കളിയാക്കും.



അങ്ങനെയിരിക്കെ ഒരു കാക്കച്ചേട്ടൻ അതുവഴി വന്നു. കുളത്തിൽ എന്തോ സ്വർണനിറത്തിൽ വെട്ടിത്തിളങ്ങുന്നത് കാക്കചേട്ടന്റെ കണ്ണിൽപ്പെട്ടു.



"ഹയ്യടാ , അതൊരു =സ്വർണമീനാണല്ലോ!" , കാക്കചേട്ടന്റെ വായിൽ കപ്പലോടിക്കാനുള്ള വെള്ളം നിറഞ്ഞു. കാക്കച്ചേട്ടൻ വേഗം സ്വർണമീനിനെ ഒറ്റക്കൊത്ത് ! ഭാഗ്യത്തിന് സ്വർണമീനിന്റെ ഒരു കുഞ്ഞിച്ചിറകിനു മാത്രമേ കൊത്തുകോണ്ടുള്ളൂ.



ഏതായാലും സ്വർണമീനിന് നന്നായി വേദനിച്ചു. തനിക്ക് സ്വർണനിറം ഉള്ളതുകൊണ്ടാണ് കാക്കച്ചേട്ടൻ കൊത്താൻ വന്നതെന്ന് സ്വർണമീനിന് മനസിലായി. അതോടെ സ്വർണമീനിന്റെ അഹങ്കാരമെല്ലാം പമ്പ കടന്നു. നല്ല ഒരു കുഞ്ഞു മീനായി അവൻ കുളത്തിൽ കഴിഞ്ഞു കൂടി.

**ഗുണപാഠം : നമ്മുടെ അഹങ്കാരം നമുക്ക് ആപത്തുണ്ടാക്കും.....**

# ഒരു ഒന്നൊന്നര മാഷ്

ഒരിടത്തൊരിടത്ത് ഒരു സ്കൂളിൽ ഒരു മാഷ് ഉണ്ടായിരുന്നു . ആ സ്കൂളിനുവേണ്ടി നന്നായി കഷ്ടപ്പെടുന്ന ഒരു വ്യക്തിയായിരുന്നു ആ മാഷ്. അതുപോലെ ആ സ്കൂളിൽ ഒരു കുട്ടി ഉണ്ടായിരുന്നു. ആ കുട്ടി ഏഴാം ക്ലാസിലായിരുന്നു പഠിക്കുന്നത് ആ കുട്ടിക്ക് ആ മാഷിനെ അറിയില്ലായിരുന്നു. ഇടയ്ക്കിടെ ആ മാഷ് നടന്നുപോകു- ന്നത് അവൻ കാണുമായിരുന്നു. അതല്ലാതെ ആ മാഷിന്റെ പേരു പോലും അവന് അറിയില്ലായിരുന്നു. അങ്ങനെ അവൻ എട്ടാം ക്ലാസിലെത്തി. അപ്പോഴാണ് കേരളത്തിൽ IT ക്ലബ്ബ് എന്ന ആശയം നിലവിൽ വന്നത് അത് എല്ലാ സ്കൂളുകളിലും IT ക്ലബ്ബ് നിലവിൽ വന്നു അതുപോലെ തന്നെ ആ സ്കൂളിലും.അതിന്റെ കീഴിൽ ലിറ്റിൽ കൈറ്റ്സും. ആ സ്കൂളിലെ കൈറ്റ് മാസ്റ്ററായി ആ മാഷും തിരഞ്ഞെടുക്കപ്പെട്ടു. കൈറ്റ് മിസ്ട്രസായി ഒരു ടീച്ചറും. എട്ടാം ക്ലാസിലായപ്പോൾ IT ക്ലബ്ബിലേക്ക് കുട്ടികളെ തിരഞ്ഞെടുത്തു തുടങ്ങി. അതിൽ അവനെയും തിരഞ്ഞെടുത്തു. അവന് ലിറ്റിൽ കൈറ്റ്സിൽ പോയി കഴിഞ്ഞപ്പോഴാണ് ആ മാഷിന്റെ പേര് അറിഞ്ഞത്. ലിറ്റിൽ കൈറ്റ്സിൽ  പോയി കഴിഞ്ഞപ്പോഴാണ് അവന് കമ്പ്യൂട്ടറിന്റെ എല്ലാ കാര്യവും അറിഞ്ഞത്. അങ്ങനെ അവൻ ഒൻമ്പതാം ക്ലാസിലെത്തി.






അങ്ങനെ ഒൻമ്പതാം ക്ലാസിലായപ്പോൾ ആ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ടീമിന് ജില്ലയിൽ ഒന്നാം സ്ഥാനം ലഭിച്ചു. ആ കുട്ടി സ്കൂളിലെ ഔദ്ധ്യോധിത ക്യാമറാ

നടത്തിപ്പുക്കാരനുമായി. അങ്ങനെ അവർ ലിറ്റിൽ കൈറ്റ്സിന്റെ ജില്ല സമ്മാനം വാങ്ങുന്നതിനായി തിരുവനന്തപുരത്തേക്കു പോയി. തിരുവനന്തപുരത്തേക്കു

പോയപ്പോൾ അവിടെ നിറയെ സ്ഥലങ്ങൾ ചുറ്റിക്കണ്ടിട്ടാണ് അവർ വന്നത്. ഒരു മൂന്ന് ദിവസത്തെ ടൂർ ആയിരുന്നു അത്. ആ ടൂർ പോയി കഴിഞ്ഞപ്പോഴാണ് മാഷുമായി ആ കുട്ടി അടുത്തിടപഴകുന്നത്. അവന് അപ്പോ തന്നെ വേറെ ചില കൂട്ടുകാരെയും കിട്ടി. അങ്ങനെ അവർ ഒരു ന്യൂസ് ടീമുണ്ടാക്കി. അങ്ങനെ അവർ നല്ലൊരു ലിറ്റിൽ കൈറ്റ്സ് ടീമായി പ്രവർത്തിച്ചു വന്നു." ***അവർ ഒരു പാത്രത്തിൽ നിന്ന് കയ്യിട്ടു വാരി തിന്നു***" അങ്ങനെ അവർ നല്ല ഉറ്റ കൂട്ടുക്കാരായി.



# ആട്ടിടയൻെറ വിദ്യ.



പണ്ട് പണ്ട് റഷ്യയിൽ മിലോവ് എന്നൊരു യുവാവുണ്ടായിരുന്നു. ആടുകളെ മേയ്ക്കുന്ന ജോലിയായിരുന്നു മിലോവിന്.

മിലോവിന്റെ സമപ്രായക്കാരെല്ലാം സൈന്യത്തിൽ ചേരാൻ പോയിട്ടും മിലോവ് ആടുകൾക്കൊപ്പം കഴിഞ്ഞു. മിലോവിനെ മറ്റുള്ളവർ എപ്പോഴും കളിയാക്കും.

"നല്ല തടിമിടുക്കുണ്ടല്ലോ. നാടിന് ഉപകാരമുള്ള വല്ല കാര്യത്തിനും പൊയ്ക്കൂടേ? പേടിത്തൊണ്ടൻ ..... ആടുകളെ മേച്ചു നടക്കുന്നു!."

കളിയാക്കൽ കേട്ടാലും മിലോവ് ഒന്നും മിണ്ടില്ല. അവൻ ഉണ്ണുന്നതും ഉറങ്ങുന്നതുമൊക്കെ ആടുകൾക്കൊപ്പമാണ്. ചിലപ്പോൾ മിലോവ് ആടുകളോട് സംസാരിക്കുക പോലും ചെയ്യും! മിലോവ് ഒന്ന് തലയാട്ടിയാൽപ്പോലും അതെന്തിനുവേണ്ടിയാണെന്ന് ആടുകൾക്ക് മനസ്സിലാകും . അത്ര ഇണക്കമാണ് മിലോവിനോട്.

നാളുകൾ കടന്നുപോയി. ഒരു രാത്രി മിലോവിന്റെ നാട്ടിൽ കൊള്ളക്കാരെത്തി. കരുത്തുള്ള യുവാക്കളെല്ലാം സൈന്യത്തിലായതു കാരണം മറ്റുള്ളവരെ കൊള്ളക്കാർ എളുപ്പത്തിൽ കീഴടക്കി. അക്കൂട്ടത്തിൽ മിലോവുമുണ്ടായിരുന്നു.കണ്ണിൽ കണ്ടതെല്ലാം കൊള്ളക്കാർ കവർച്ച ചെയ്തു. കൂട് തുറന്ന് ആടുകളെയും കൊള്ളക്കാർ തെളിച്ചു നടത്തി.

പിടികൂടിയവരെയും കൊണ്ട് കൊള്ളക്കാർ മല കയറാൻ തുടങ്ങി. ഒപ്പം ആടുകളുമുണ്ട്. ചെങ്കുത്തായ മലയുടെ ഒരു വശത്തൂടെ വരിവരിയായി പോകുകയായാണവർ. പെട്ടെന്ന് മിലോവ് ഒരു പ്രത്യേകതരം ശബ്ദമുണ്ടാക്കി.അടുത്ത നിമിഷം ആട്ടിൻകൂട്ടത്തിലെ മുട്ടനാടുകൾ മുന്നോട്ടു കുതിച്ച് കൊള്ളക്കാരെ ഒറ്റയിടി! വിചാരിച്ചിരിക്കാതെ ഇടികൊണ്ട കൊള്ളക്കാർ മലയിൽ നിന്ന് താഴേക്ക് വീണു.

ബാക്കിയുള്ളവരെ മിലോവും സംഘവും എളുപ്പത്തിൽ കീഴടക്കി.

"ആടുകളെ മേച്ച നടന്നാലും നാടിന് ഉപകാരം ചെയ്യാമെന്ന് മനസിലായില്ലേ?" തിരികെ മലയിറങ്ങുമ്പോൾ മിലോവ് ചോദിച്ചത് കേട്ട് മറ്റുള്ളവർ ഒന്നും മിണ്ടിയില്ല.

**ഗുണപാഠം : ഏതു ജോലിക്കും അതിന്റേതായ മഹത്വം ഉണ്ട്. ആരെയും നിസ്സാരരായി കണ്ടു കളിയാക്കരുത്.....**

## മാന്ത്രിക ചെണ്ട

ഒരിക്കൽ ഒരിടത്ത് വയസ്സനായ ഒരു ചെണ്ടക്കാരനുണ്ടായിരുന്നു. അയാളുടെ പേര് ചിണ്ടൻ എന്നായിരുന്നു. അയാൾക്ക് ആകെയുള്ളത് ഒരു പഴഞ്ചൻ ചെണ്ടയായിരുന്നു.ചിണ്ടൻ ചെണ്ട കോട്ടാൻ തുടങ്ങിയാൽ എല്ലാവരും കളിയാക്കും. അപ്പോൾ ചിണ്ടന് സങ്കടം വരും.



എങ്കിലും ആഘോഷം വരുമ്പോൾ ചിണ്ടനും കൊട്ടാൻ പോകും.

ഒരിക്കൽരാജാവ് ആ നാട്ടിൽ വരാൻ തീരുമാനിച്ചു. രാജാവിനെ സ്വീകരിക്കാൻ ഉഗ്രൻ ചെണ്ടമേളം വേണം - നാട്ടുകാർ തീരുമാനിച്ചു.

ആ നാട്ടിൽ രണ്ടു ചെണ്ടക്കാർ കൂടിയുണ്ടായിരുന്നു - കിണ്ടുവും ടുണ്ടുവും. ചെണ്ട കൊട്ടി രാജാവി
നെ സ്വീകരിക്കാൻ കിണ്ടുവിന്റേയും
ടുണ്ടുവിന്റേയും കൂടെ ചിണ്ടനും പുറപ്പെട്ടു.



വഴിയിൽ അവർ വിശ്രമിക്കാനായി ഒരു മരച്ചുവട്ടിൽ ഇരിപ്പായി. ചിണ്ടൻ അങ്ങനെയിരുന്നു ഉറങ്ങിപ്പോയി. അപ്പോൾ കിണ്ടു  ടുണ്ടുവിനോട് പറഞ്ഞു: "ഇതു തന്നെ തക്കം! നമുക്ക് മിണ്ടാതെ സ്ഥലം വിടാം ! ഈ കിളവന്റെ പഴഞ്ചൻ ചെണ്ടമേളം കേട്ടാൽ രാജാവിനു ദേഷ്യം വരും."

കിണ്ടുവും ടുണ്ടുവും സൂത്രത്തിൽ സ്ഥലം വിടാനൊരുങ്ങി. പക്ഷെ ഇതെല്ലാം  മറ്റൊരാൾ കാണുന്നുണ്ടായിരുന്നു - മരത്തിനു മുകളിലെ വനദേവത!

പാവം ചിണ്ടനെ പറ്റിച്ചു കടക്കാൻ നോക്കുന്ന കിണ്ടുവിനേയും ടുണ്ടുവിനേയും ഒരു പാഠം പഠിപ്പിക്കാൻ ദേവത തീരുമാനിച്ചു. ദേവത എന്തു

ചെയ്യേണ്ടതെന്നോ? മന്ത്രം ചൊല്ലി രണ്ടുപേരെയും ഉറക്കി!

പിന്നെ ദേവത മാന്ത്രികാവടികൊണ്ട് ചിണ്ടന്റെ ചെണ്ടയിൽ ഒന്നു കൊട്ടി. 'ണ്ടിം!'. ആ ശബ്ദം കേട്ട് ചിണ്ടൻ ഉറക്കമുണർന്നു.എല്ലാം മറന്നുറങ്ങുകയായിരുന്ന കൂട്ടുകാരെ വിളിച്ചുണർത്താൻ ചിണ്ടൻ കുറേ ശ്രമിച്ചു.പക്ഷേ , ദേവത മന്ത്രം ചൊല്ലി മയക്കിയ അവരുണ്ടോ ഉണരുന്നു! നിരാശനായ ചിണ്ടൻ ചെണ്ടയും ചുമലിലേറ്റി ഒറ്റയ്ക്ക് നടപ്പായി.

രാജാവ് ഗ്രാമത്തിന്റെ കവാടത്തിൽ എത്തിയിരുന്നു. ചെണ്ടക്കാരെ കാണാതെ പരിഭ്രമിച്ചു നിൽക്കുകയായിരുന്നു എല്ലാവരും. അപ്പോഴാണ് ചിണ്ടന്റെ വരവ്.

"ഹും , താൻ മാത്രമേ ഉള്ളോ? "

അധികാരി ദേഷ്യപ്പെട്ടു. "കുറേപ്പേർ വന്നു ചെണ്ടമേളം കേമമാക്കണമെന്ന് പറഞ്ഞിരുന്നതല്ലേ? രാജാവിന് ദേഷ്യം വന്നാൽ തന്റെ കാര്യം പോക്കാ!" അതു കേട്ട മറ്റൊരാൾ പറഞ്ഞു: "ആലോചിച്ചു നിൽക്കാനൊന്നും സമയമില്ല. വേഗം കോട്ടു തുടങ്ങു. രാജാവ് എത്തിക്കഴിഞ്ഞു." ചിണ്ടൻ രണ്ടും കല്പിച്ചു കൊട്ട് തുടങ്ങി. മാന്ത്രികവടികൊണ്ടു ദേവത കൊട്ടിയതല്ലേ ! മധുരമായ ശബ്ദമാണ് അതിൽനിന്നു പുറത്തു വന്നത്. അനേകം ചെണ്ടക്കാർ ഒന്നിച്ചു കൊട്ടുന്ന ഗംഭീരമേളം ! നാട്ടുകാർ അന്തംവിട്ടു നിന്നു. ചിണ്ടൻ എല്ലാം മറന്നു കൊട്ടോടുകൊട്ട്! അത്രയും നല്ല മേളം ആരും കേട്ടിരുന്നില്ല.

രാജാവ് അത്ഭുതത്തോടെ ചിണ്ടനെ അടുത്തുവിളിച്ചു ധാരാളം സമ്മാനങ്ങൾ കൊടുത്തു!

**ഗുണപാഠം : ആരെയും നിസ്സാരരായി കണ്ടു കളിയാക്കരുത് .**

# കവിതകൾ

## ആരാണ്ട പറഞ്ഞത്

ആരാണ്ട പറഞ്ഞത്
പ്രതീക്ഷ വടക്കേ മലബാറിലെ
ഒരു റെയിൽവേസ്റ്റേഷനാണെന്ന്?
അവിടെ യൂണിഫോമണിഞ്ഞ ഒരു പുലരി
ശവപ്പെട്ടിയിൽ വന്നിറങ്ങുമെന്ന്?
ആരാണ്ട പറഞ്ഞത്
ഓർമ, പഴുത്ത നെൽവയലുകളിലേയ്ക്ക
തുറക്കുന്ന ഒരു സുരഭിലജാലകമാണെന്ന്?
അവിടെ വെയിൽ മങ്ങുമ്പോഴാണ്
നമ്മുടെ ശരീരം തണുത്തു തുടങ്ങുന്നതെന്ന്?
ആരാണ്ട പറഞ്ഞത്
കാറ്റിന്റെ ഭാഷ മരങ്ങൾക്കു
മനസ്സിലാകാതായിത്തുടങ്ങിയെന്ന്?
സ്നേഹത്തിന്റെ മരണം
മുയലുകളെയും മുക്കുറ്റികളെയും
അറിയിക്കരുതെന്ന്?
ആരാണ്ട പറഞ്ഞത്
ഇനിയുള്ള ഉച്ചകൾ
കുടിയന്റെ ശിരസ്സുപോലെ
കനമേറിയവയാണെന്ന്?
വൈകുന്നേരങ്ങൾ ഏകാകിയുടെ
മൂളിപ്പാട്ടുപോലെ ഹൃദ്രോഗികളാണെന്ന്?
ആരാണ്ട പറഞ്ഞത്
കൈക്കുടന്നയിൽ കുട്ടിക്കാലത്തെ മഴ



കോരിയെടുത്ത് നാം പഴുത്ത ഇരുമ്പിലൂടെ
നഗ്നപാദരായി ഓടുകയാണെന്ന്?
ഒടുവിൽ അതേ മഴയ്ക്ക് നാം താക്കോൽ
കൈമാറുമെന്ന്?
ആരാണു പറഞ്ഞത്
മരിച്ചു കഴിഞ്ഞാൽ മനുഷ്യർക്ക് പ്രായം
കുറഞ്ഞുവരുമെന്ന്?
അവർ മറ്റൊരു കാലത്തിലാണെന്ന്?
സൂര്യോദയത്തിൽ മറഞ്ഞ പക്ഷികളെല്ലാം
ലോകാവസാനത്തിൽ തിരിച്ചുവരുമെന്ന്?
ആരാണു പറഞ്ഞത്
ആരും ഒന്നും പറയാതെതന്നെ
നാം എല്ലാം അറിയുമെന്ന്?
അപ്പോഴും നാം ഒന്നും ആരോടും
പറയുകയില്ലെന്ന്?

# അമ്മ

ഒൻപതുപേരവർ കൽപ്പണിക്കാർ ഓരമ്മപെറ്റവരായിരുന്നു
ഒൻപതുപേരും അവരുടെ നാരിമാരൊൻപതും ഒന്നിച്ചു വാണിരുന്നു
കല്ലുകൾച്ചെത്തിപ്പടുക്കുമാകൈകൾക്ക് കല്ലിനെക്കാളുറപ്പായിരുന്നു
നല്ലപകുതികൾ നാരിമാരോ കല്ലിലെ നീരുറവായിരുന്നു
ഒരുകല്ലടുപ്പിലെ തീയിലല്ലോ അവരുടെ കഞ്ഞി തിളച്ചിരുന്നു
ഒരു വിളക്കിൻ വെളിച്ചത്തിലല്ലോ അവരുടെ തീനും തിമിതിമിർപ്പും
ഒരു കിണർ കിനിയുന്ന നീരല്ലോ കോരികുടിക്കാൻ കുളിക്കുവാനും
ഒൻപതറകൾ വെവ്വേറെ അവർക്കന്തിയുറങ്ങുവാൻ മാത്രമല്ലോ
ചെത്തിയകല്ലിന്റെ ചേലുകണ്ടാൽ കെട്ടിപ്പടുക്കും പടുതകണ്ടാല്
അ കൈവിരുതു പുകഴ്ത്തുമാരും അ പുകഴ് ഏതിനും മീതെയല്ലോ
കോട്ടമതിലും മതിലകത്തെ കൊട്ടാരം കോവിൽ കൂത്തമ്പലവും
അവരുടെ കൈകൾ പടുത്തതത്രേ അഴകും കരുത്തും കൈകോർ
ത്തതത്രേ
ഒൻപതും ഒൻപതും കല്ലുകൾ ചേർന്നൊരുശിൽപ ഭംഗി തളിർത്തപോലേ
ഒൻപതുകൽപ്പണിക്കാരവർ നാരിമാരൊൻപതും ഒന്നിച്ചു വാണിരുന്നു



അതുകാലം കോട്ടതൻ മുന്നിലായി പുതിയൊരു ഗോപുരം കെട്ടുവാനായ്
ഒത്തു പതിനെട്ടുകൈകൾ വീണ്ടും ഉത്സവമായ് ശബ്ദഘോഷമായി
കല്ലിനും മീതെയായ് നൃത്തമാടി കല്ലുളി കൂടങ്ങൾ താളമിട്ടു
ചെത്തിയകല്ലുകൾ ചാന്തു തേച്ചു ചേർത്തു പടുക്കും പടുതയെന്തേഇക്കുറി വല്ലായ്മയാർ
ന്നുപോയി



ഭിത്തിയുറക്കുന്നീലൊന്നുകൊണ്ടും ഭിത്തിയുറക്കുന്നീലൊന്നുകൊണ്ടും ...
ചെത്തിയകല്ലുകൾ ചാന്തു തേച്ചു ചേർത്തു പടുക്കും പടുതയെന്തേഇക്കുറി
വല്ലായ്മയാർന്നുപോയി ഭിത്തിയുറക്കുന്നീലൊന്നുകൊണ്ടും
കല്ലുകൾ മാറ്റിപ്പടുത്തുനോക്കി കയ്യുകൾ മാറിപ്പണിഞ്ഞു നോക്കി
ചാന്തുകൾ മാറ്റിക്കുഴച്ചുനോക്കി ചാർത്തുകളൊക്കെയും മാറ്റിനോക്കി
തെറ്റിയതെന്താണെവിടെയാവൊ ഭിത്തിയുറക്കുന്നീലൊന്നുകൊണ്ടും
എന്താണപോംവഴിയെന്നൊരൊറ്റച്ചിന്തയവരിൽ പുകഞ്ഞുനിൽക്കെ
വെളിപാടുകൊണ്ടാരോ ചൊല്ലിയത്രെ അധികാരമുള്ളോരതേറ്റു ചൊല്ലി
ഒൻപതുണ്ടല്ലോ വധുക്കളെന്നാൽ ഒന്നിനെചേർത്തീ മതിൽപടുത്താല്
ആ മതിൽ മണ്ണിലുറച്ചുനിൽക്കും ആ ചന്ദ്രതാരമുയർന്നുനിൽക്കും

ഒൻപതുണ്ടത്രേ പ്രിയവധുക്കൾ അൻപിയെന്നോരവരൊന്നുപൊലെ
ക്രൂരമാമീബലിക്കായതിൽനിന്ന് ആരെയൊരുവളെ മാറ്റിനിർത്തും
കൂട്ടത്തിലേറ്റവും മൂപ്പെഴുന്നോൻ തെല്ലൊരുൾറ്റത്തോടപ്പോൾ
പറഞ്ഞുപോയി
ഇന്നുച്ചനേരത്ത് കഞ്ഞിയുമായ് വന്നെത്തിടുന്നവൾ ആരുമാട്ടെ
അവളെയും ചേർത്തീ മതിൽ പടുക്കും അവളീപ്പണിക്കാർതൻ മാനം
കാക്കും



ഒൻപതുപേരവർ കൽപ്പണിക്കാർ ഒൻപതു മെയ്യും ഒരു മനസ്സും
എങ്കിലും ഒൻപതുപേരുമപ്പോൾ സ്വന്തം വധുമുഖം മാത്രമോർത്തു
അശുഭങ്ങൾ ശങ്കിച്ചുപോകയാലോ അറിയാതെ നെടുവീർപ്പുതിർ
ന്നുപോയി
ഒത്തു പതിനെട്ടുകൈകൾ വീണ്ടും ഭിത്തി പടുക്കും പണി തുടർന്നു
തങ്ങളിൽ നോക്കാനുമായിടാതെ എങ്ങോ മിഴിനട്ടു നിന്നവരും
ഉച്ചവെയിലിൽ തിളച്ചകഞ്ഞി പച്ചിലതോറും പകർന്നതാരോ
അക്കഞ്ഞിപാർന്നതിൻ ചൂടുതട്ടി പച്ചത്തലപ്പുകളൊക്കെ വാടി
കഞ്ഞിക്കലവും തലയിലേന്തി കയ്യാലെതാങ്ങിപ്പിടിച്ചുകൊണ്ടേ
മുണ്ടകപ്പാടവരമ്പിലൂടെ മുന്നിലെചെന്തെങ്ങിൻ തോപ്പിലൂടെ
ചുണ്ടത്ത് തുമ്പച്ചിരിയുമായി മണ്ടിക്കിതച്ചുവരുന്നതാരോ മണ്ടിക്കിതച്ചുവരുന്നതാരോ
മൂക്കിന്റെതുമ്പത്ത് തൂങ്ങിനിന്നു മുത്തുപോൽ ഞാത്തുപോൽ വേർപ്പുതുള്ളി
മുന്നിൽ വന്നങ്ങനെ നിന്നവളോ മൂത്തയാൾ വേട്ടപെണ്ണായിരുന്നു
ഉച്ചക്കുകഞ്ഞിയും കൊണ്ടുപോരാൻ ഊഴമവളുടേതായിരുന്നു
ഒൻപതുപേരവർ കൽപ്പണിക്കാർ ഒൻപതു മെയ്യും ഒരു മനസ്സും
എങ്കിലുമേറ്റവും മൂത്തയാളിൻ ചങ്കിലൊരുവെള്ളിടിമുഴങ്ങി
കോട്ടിയ പ്ലാവില മുന്നിൽ വച്ചു ചട്ടിയിൽ കഞ്ഞിയും പാർന്നു വച്ചു
ഒറ്റത്തൊടുകറി കൂടെ വച്ചു ഒൻപതുപേർക്കും വിളമ്പി വച്ചു
കുഞ്ഞിനെ തോളിൽ കിടത്തി തന്റെ കുഞ്ഞിന്റെയച്ഛന്നടുത്തിരിക്കെ
ഈ കഞ്ഞിയൂട്ടൊടുക്കത്തെയാണെന്ന് ഓർക്കുവാനാസതിക്കായതില്ല
ഓർക്കപ്പുറത്താണശനിപാതം ആർക്കറിയാമിന്നതിൻ മുഹൂർത്തം
കാര്യങ്ങളെല്ലാമറിഞ്ഞവാറെ ഈറനാം കണ്ണ് തുടച്ചുകൊണ്ടേ
വൈവശ്യമൊക്കെ അകത്തൊതുക്കി കൈവന്ന കൈപ്പും മധുരമാക്കി
കൂടെപ്പൊറുത്ത പുരുഷനോടും കൂടപ്പിറപ്പുകളോടുമായി
ഗത്ഗതത്തോടു പൊരുതിടുപോൽ അക്ഷരമോരോന്നുമൂന്നിയൂന്നി**കവിതകൾ**
അന്ത്യമാം തന്നഭിലാഷപ്പോൾ അഞ്ജലിപൂർവ്വം അവൾ പറഞ്ഞു

ഭിത്തിയുറക്കാനീപ്പെണ്ണിനേയും ചെത്തിയകല്ലിന്നിടക്കു നിർത്തി
കെട്ടിപ്പടുക്കുമുൻപൊന്നെനിക്കുണ്ട് ഒറ്റയൊരാഗ്രഹം കേട്ടുകൊൾവിൻ
കെട്ടിമറയ്ക്കല്ലെൻ പാതി നെഞ്ചം കെട്ടിമറയ്ക്കല്ലേയെന്റെ കയ്യും
എന്റെ പൊന്നോമന കേണിടുമ്പോൾ എന്റെയടുത്തേക്ക് കൊണ്ടുപോരൂ
ഈ കയ്യാൽ കുഞ്ഞിനെയേറ്റുവാങ്ങി ഈമുലയൂട്ടാൻ അനുവധിക്കൂ
ഏതുകാറ്റുമെൻ പാട്ടുപാടുന്നു ഏതു മണ്ണിലും ഞാൻ മടയ്ക്കുന്നു
മണ്ണളന്ന് തിരിച്ചു കോൽനാട്ടി മന്നരായ് മധിച്ചവർക്കായി
ഒൻപതു കൽപ്പണിക്കാർ പടുത്ത വൻപിയെന്നൊരാക്കോട്ടതൻ മുന്നില്
ഇന്നുകണ്ടേനപ്പെണ്ണിൻ അപൂർണ്ണസുന്ദരമായ വെൺശിലാശിൽപ്പം
എന്തിനോവേണ്ടി നീട്ടിനിൽക്കുന്ന ചന്തമോലുന്നൊരാവലം കൈയ്യും
ഞെട്ടിൽനിന്ന് പാൽ തുള്ളികൾ ഊറും മട്ടിലുള്ളൊരാ നഗ്നമാം മാറും
കണ്ടുണർന്നെന്റെയുള്ളിലെ പൈതൽ അമ്മ അമ്മയെന്നാർത്തു നിൽക്കുന്നു

കണ്ടുണർന്നെന്റെയുള്ളിലെ പൈതൽ അമ്മ അമ്മയെന്നാർത്തു നിൽക്കുന്നു

## അമ്മൂമ്മ

എന്റെ അമ്മൂമ്മയ്ക്ക കിറുക്കായിരുന്നു
കിറുക്ക മൂത്ത് മരണമായി
എന്റെ ലുബ്ധനായ അമ്മാമൻ അവരെ
വയ്ക്കോലിൽ പൊതിഞ്ഞു കലവറയിൽ സൂക്ഷിച്ചു.
പഴുത്തുണങ്ങിയപ്പോൾ
അമ്മൂമ്മ വിത്തുകളായി പൊട്ടിച്ചിതറി
കലവറജനലിലൂടെ പുറത്തുചാടി
അതിലൊരു കുരു പട്ടുമുള മുളച്ച്
എന്റെ അമ്മയായി
വെയിലും മഴയും വന്ന്
അമ്മയുടെ കിറുക്ക മുളച്ച് ഞാനും.
പിന്നെ ഞാനെങ്ങനെ
സ്വർണ്ണപ്പല്ലുള്ള കുരങ്ങന്മാരെക്കുറിച്ച്
കവിതയെഴുതാതിരിക്കും?



# അരിപ്പിറാവ്

പാദങ്ങൾ തത്തിപ്പറമ്പിലെങ്ങും
പാറിനടക്കമരിപ്പിറാവേ!
പാവത്തം തോന്നിപ്പോം മാതിരിയിൽ
പാരം ചടച്ചോരരിപ്പിറാവേ!
ഉള്ളലിയുംമാറുഴന്നുപോകും
തള്ളയില്ലാത്തോരരിപ്പിറാവേ!
വാ, വാ, നീയെൻ കുഞ്ഞരിപ്പിറാവേ!
വാ, വാ, നീയെൻ പൊന്നരിപ്പിറാവേ!
നമ്മൾക്കൊരുമിച്ചിരുന്നിവിടെ
നർമമധുരമായ്ക്കേളിയാടാം!



- മഞ്ഞക്കിളികൾ

# അശ്വമേധം



ആരൊരാളെൻ കുതിരയെ കെട്ടുവാൻ
ആരൊരാളതിൻ മാർഗ്ഗം മുടക്കുവാൻ ?

ദിഗ്വിജയത്തിനെൻ സർഗ്ഗശക്തിയാ-
മിക്കുതിരയെ വിട്ടയയ്ക്കുന്നു ഞാൻ!

വിശ്വസംസ്കാരവേദിയിൽ പുത്തനാ-
മശ്വമേധം നടത്തുകയാണു ഞാൻ!



നിങ്ങൾ കണ്ടോ ശിരസ്സുയർത്തിപ്പയു-
മെൻ കുതിരയെ, ചെമ്പൻ കുതിരയെ?

എന്തൊരുന്മേഷമാണതിൻ കൺകളിൽ
എന്തൊരുത്സാഹമാണതിൻ കാൽകളിൽ!

കോടികോടി പുരുഷാന്തരങ്ങളിൽ-
ക്കൂടി നേടിയതാണതിൻ ശക്തികൾ.

വെട്ടി വെട്ടി പ്രകൃതിയെ മല്ലിട്ടു-
വെറ്റി നേടിയതാണതിൻ സിദ്ധികൾ!

മന്ത്രമായൂരപിഞ്ചികാചാലന-
തന്ത്രമല്ലതിൻ സംസ്കാരമണ്ഡലം!

കോടികോടി ശതാബ്ദങ്ങൾ മുമ്പൊരു
കാടിനുള്ളിൽ വച്ചെൻ പ്രപിതാമഹർ

കണ്ടതാണീക്കുതിരയെ;ക്കാട്ടുപുൽ-
ത്തണ്ടുനൽകി വളർത്തി മുത്തശ്ശിമാർ;

കാട്ടുചോലകൾ പാടിയപാട്ടുക-

ളേറ്റുപാടിപ്പഠിച്ച മുത്തശ്ശിമാർ;




ഇന്നലത്തെ ചരിത്രം മയങ്ങുന്ന
മണ്ണിലൂടെ കുതിച്ചുപാഞ്ഞീടവെ

എത്രയെത്ര ശവകുടീരങ്ങളിൽ
നൃത്തമാടിയതാണാക്കുളമ്പുകൾ!

ദൃപ്തരാഷ്ട്ര പ്രതാപങ്ങൾതൻ കോട്ട-
കൊത്തളങ്ങളെപ്പിന്നിട്ടും യാത്രയിൽ,

എത്ര കൊറ്റക്കുടകൾ,യുഗങ്ങളിൽ
കുത്തിനിർത്തിയ മുത്തണിക്കുണുകൾ,-

അക്കുളമ്പടിയേറ്റുവീണുപോയ്;
അത്രയേറെബ്ഭരണകൂടങ്ങളും!

കുഞ്ചിരോമങ്ങൾതുള്ളിച്ചുതുള്ളിച്ചു
സഞ്ചരിച്ചൊരിച്ചെമ്പങ്കുതിരയെ,

പണ്ടു ദൈവം കടിഞ്ഞാണുമായ് വന്നു
കൊണ്ടുപോയീ സവാരിക്കിറങ്ങുവാൻ.

## ഭ്രാന്തന്മാർ

ഭ്രാന്തന്മാർക്ക് ജാതിയോ മതമോ ഇല്ല.

ഭ്രാന്തികൾക്കും.

നമ്മുടെ ലിംഗവിഭജനങ്ങൾ അവർക്കു ബാധകമല്ല.

അവർ പ്രത്യയശാസ്ത്രങ്ങൾക്കു പുറത്താണ്.



അവരുടെ വിശുദ്ധി നാം അർഹിക്കുന്നില്ല.,
ഭ്രാന്തരുടെ ഭാഷ സ്വപ്നത്തിന്റേതല്ല
മറ്റൊരു യാഥാർത്ഥ്യത്തിന്റേതാണ്
അവരുടെ സ്നേഹം നിലാവാണ്

പൗർണമിദിവസം അതു കവിഞ്ഞൊഴുകുന്നു;
മുകളിലേക്കു നോക്കുമ്പോൾ അവർ കാണുന്നത്

നാം കേട്ടിട്ടേയില്ലാത്ത ദേവതമാരെയാണ്.
അവർ ചുമൽ കുലുക്കുന്നതായി നമുക്കു തോന്നുന്നത്

അദൃശ്യമായ ചിറകുകൾ കുടയുമ്പോഴാണ്.
ഈച്ചകൾക്കും ആത്മാവുണ്ടെന്ന് അവർ കരുതുന്നു
പുൽച്ചാടികളുടെ ദൈവം പച്ചനിറത്തിൽ

നീണ്ട കാലുകളിൽ ചാടി നടക്കുന്നുവെന്നും.

## മലയാളം

സന്നികൃഷ്ടാബ്ദിതൻ ഗംഭീരശൈലിയും
സഹ്യഗിരിതൻ അടിയുറപ്പും
ഗോകർണ്ണ ക്ഷേത്രത്തിൻ നിർവൃതികൃത്വവും
ശ്രീകന്യമാലിൻ പ്രസന്നതയും

ഗംഗപോലുള്ള പേരാറ്റിൻ വിശുദ്ധിയും
തെങ്ങിളം കായ്നീരിൻ മാധുര്യവും
ചന്ദനൈലാലവങ്കാദിവസ്തുക്കൾ തൻ
നന്ദിത പ്രാണമാം ഘ്രമണവും
സംസ്കൃത ഭാഷതൻ സ്വാഭാവികൌജസ്സും
സാക്ഷാൽ തമിഴിന്റെ സൌന്ദര്യവും
ഒത്തുചേർന്നുള്ളൊരു ഭാഷയാണെൻ ഭാഷ
മത്താടി കൊൾകയാണഭിമാനമേ നീ



## മഷിക്കുപ്പിയും കൂണും



ഇടിവെട്ടിയ ഒരു ദിവസമാണ്
മഷിക്കുപ്പി കൂണിനെ കണ്ടുമുട്ടിയത്.
വിറച്ചുനില്ക്കുന്ന കൂണിനോട്
മഷിക്കുപ്പി ചോദിച്ചു: 'നീയെങ്ങനെ
ഇത്ര വെളുത്തതായി?'
കൂണ് പറഞ്ഞു:
'ഞാൻ സ്വർഗ്ഗത്തിലെ ഒരു
മാലാഖയായിരുന്നു.
ദൈവത്തെ ചോദ്യംചെയ്തതുകൊണ്ട്
ശാപമേറ്റ് കരിഞ്ഞ് കറുത്ത ഒരു
കൊച്ചുവിത്തായി ഞാനീ ഭൂമിയിൽ നിപതിച്ചു.
മഴവില്ല് കണ്ടപ്പോൾ സ്വർഗ്ഗത്തിന്റെ ഓർമയിൽ
ഞാൻ മുളച്ചു, എന്റെ ചിറകുകൾ ഈ
വെളുത്ത കുടയായി വിടർന്നു. ആട്ടെ,
നീയെങ്ങനെ ഇങ്ങനെ കറുത്തുവെന്നു
പറഞ്ഞില്ലല്ലോ?



മഷിക്കുപ്പി പറഞ്ഞു:
'ഭൂമിയിലെ അമ്മമാരുടെ തലമുറകളുടെ
കണ്ണീരാണ് ഞാൻ.
വേദനയുടെ നൃത്തത്തിൽ വാടിയ
അവരുടെ ഹൃദയത്തിൽനിന്നു
വരുന്നതുകൊണ്ടാണ് എനിക്കീ കറുപ്പ്.

## നീലക്കുയിലേ

നീലക്കുയിലേ, നീലക്കുയിലേ,
നീയെന്തെന്നൊടു മുണ്ടാത്തേ?
തേമാവൊക്കെപ്പൂത്തട്ടേന്തേ
തേന്തളിർ തിന്നു മദിക്കാത്തേ?
കാറും മഴയും പോയല്ലാ!
കാടുകളൊക്കെപ്പൂത്തല്ലാ!
മാടത്തക്കിളി പാടിനടക്കും
മാനം മിന്നി വെളുത്തല്ലാ!
-എന്നട്ടും, നീയെന്താണിങ്ങനെ-
യെന്നോടൊന്നും മുണ്ടാത്തേ?
- സ്പന്ദിക്കുന്ന അസ്ഥിമാടം





## നെയ്ത്തുകാരുടെ ഒരു പാട്ട്

ഓടം മൃദുപാവിൽ ജവമോട്ടും ഉണമേറാ-
നോട്ടുമ്പടിയും, സമ്പ്രതി നീ ചെയ്‌വൊരു പൂവിൽ
തേട്ടം മണമേലായുകിലും ശോഭ നിറഞ്ഞാൽ
കൂട്ടുംപടിയും സോദര! നെയ്യൂ! തുണി നെയ്യൂ!



അന്തിക്കെഴുമർക്കന്നെഴുമോരോ കിരണംപോൽ
ചന്തം ചിതറുന്നാ നിറമെല്ലാം വിലസട്ടെ
അന്തർഗ്ഗതമായ് നിന്നഴകോട്ടുന്നിഴതോറും
ചിന്തട്ടെയതിൻശോഭകൾ നിന്നെച്ചുഴലട്ടെ.

നീക്കംകയറട്ടാടയിൽ നന്മേനിവരട്ടേ-
യാക്കെയണയട്ടേ വിരവായും ശരിയായും
എക്കാലവുമേ നിൻ തുണിനൂലൊന്നൊഴിയാതെ
നില്ക്കട്ടിഹ നീണാളൊരു നേരെന്നതുപോലെ.

കായേകനെട്ടുക്കാമിഹ പൂവേകനിറുക്കാം
മായാതെ വിതയ്ക്കാമഥ വിത്തന്യനൊരുത്തൻ
ആയാസമതെന്നാൽ വിധി സങ്കല്പിതമാർക്കും
നീയോർത്തതു ഹേ! സോദര! നെയ്യൂ! തുണി നെയ്യൂ!

ധന്യത്വമെഴും മന്നവനും മണ്ണു കിളയ്ക്കും
ഖിന്നസ്ഥിതിയാം കർഷകനും കേവലമാരും
സന്നദ്ധമതായ്‌വന്ന്യുളവെല്ലാം തരുമിമ്പം
തന്നർത്ഥവുമേതും ശ്രമമേലായുകിലോരാ.

## നിശാഗന്ധി നീയെത്ര ധന്യ



നിശാഗന്ധി നീയെത്ര ധന്യ..



നിഴൽ പാമ്പുകൾ കണ്ണുകാണാതെ നീന്തും നിലാവിൽ
നിരാലംബശോകങ്ങൾതൻ കണ്ണനീർപ്പൂക്കൾ
കൺചിമ്മിനിൽക്കുന്ന രാവിൽ,

നിശാഗന്ധി നീയേതദൃശ്യപ്രകാശത്തെ
നിന്നുള്ളിലൂതിത്തെളിക്കാനൊരേ നില്പ് നിന്നു..
നിലാവും കൊതിക്കും മൃദുത്വം നിനക്കാരു തന്നു..

മഡോണാസ്മിതത്തിന്നനാഘ്രാത ലാവണ്യ നൈർമല്യമേ
മൂകനിഷ്പന്ദ ഗന്ധർവ്വസംഗീതമേ..
മഞ്ഞുനീരിൽ തപം ചെയ്തിട്ടും നിത്യകന്യേ

നിശാഗന്ധി നീയെത്ര ധന്യ,
നിശാഗന്ധി നീയെത്ര ധന്യ..

വിടർന്നാവു നീ സുസ്മിതേ
നിൻ മനസ്സിൽ തുടിക്കും പ്രകാശം പുറത്തില്ല..



ഇരുൾ പെറ്റ നാഗങ്ങൾ നക്കിക്കുടിക്കും
നിലാവിന്റെ നാഴൂരിവെട്ടം തുളുമ്പിത്തുടിക്കുന്ന
മൺചട്ടിയിൽ നീ വിടർന്നു,
വിടർന്നൊന്നു വീർപ്പിട്ടു നിന്നു..
മനസ്സിന്റെ സൗമ്യാർദ്ര ഗന്ധങ്ങളാ വീർപ്പിലിറ്റിറ്റു നിന്നു..

## ഒരു പാട്ടു പിന്നെയും

**ഒരു പാട്ടു പിന്നെയും പാടി നോക്കുന്നിതാ**
**ചിറകൊടിഞ്ഞുള്ളോരീ കാട്ടുപക്ഷി**
**മഴതിന്ന മാമര കൊമ്പിൽ തനിച്ചിരുന്നൊ-**
**ടിയാ ചിറകു ചെറുതിളക്കി**
**നോവുമെന്നോർത്തു പതുക്കെ അനങ്ങാതെ**
**പാവം പണിപ്പെട്ടു പാടിടുന്നു**
**ഇടരുമീ ഗാനമോന്നേറ്റു പാടാൻ കൂടെ**
**ഇണയില്ല കൂട്ടിനു കിളികളില്ല**
**പതിവുപോൽ കൊത്തി പിരിഞ്ഞുപോയ്**
**മേയ് ചൂടിൽ അടവെച്ചുയർത്തിയ കൊച്ചുമക്കൾ**
**ആർക്കുമല്ലാതെ വെളിച്ചവും ഗാനവും**
**കാറ്റും മനസ്സിൽ കുടിയിരുത്തി**
**വരവായോരന്തിയെ കണ്ണാൽ ഉഴിഞ്ഞു -**
**കൊണ്ടൊരു കൊച്ചു രാപ്പൂവുണർന്ന നേരം**
**ഒരു പാട്ടു കൂടി പതുക്കെ മൂളുന്നിതാ**
**ചിറകൊടിഞ്ഞുള്ളോരീ കാട്ടുപക്ഷി**
**ഇരുളിൽ തിളങ്ങുമീ പാട്ടു കേൾക്കാൻ കൂടെ**
**മരമുണ്ട് മഴയുണ്ട് കുളിരുമുണ്ട്**
**നിഴലുണ്ട് പുഴയുണ്ട് തലയാട്ടുവാൻ താഴെ**
**വഴിമര ചോട്ടിലെ പുല്ലുമുണ്ട്**
**ആരുമില്ലെങ്കിലെന്തായിരം കൊമ്പത്ത്**
**താരുകളുണ്ട് താരങ്ങളുണ്ട്**
**ആപാട്ടിലാഹ്ലാദ തേനുണ്ട് കനിവെഴും**
**സ്വപ്നങ്ങളുണ്ട് കണ്ണീരുമുണ്ട്**
**ഒരു പാട്ടു പിന്നെയും പാടവേ തൻ കൊച്ചു**
**ചിറകിന്റെ നോവ് മറന്നു പോകെ**
**ഇനിയും പറക്കില്ല എന്നതോർക്കാതെയാ**
**വിരിമാനം ഉള്ളാൽ പുണർന്നു കൊണ്ടേ**
**വെട്ടിയ കുറ്റിമേൽ ചാഞ്ഞിരുന്നാർദ്രമായ്**
**ഒറ്റചിറകിന്റെ താളമോടെ**
**ഒരുപാട്ട് വീണ്ടും തെളിഞ്ഞു പാടുന്നിതാ**
**ചിറകൊടിഞ്ഞുള്ളോരീ കാട്ടുപക്ഷി.**



## ഒരു വട്ടം കൂടിയെൻ ഓർമകൾ മേയുന്ന

**ഒരു വട്ടം കൂടിയെന്നോർമകൾ മേയുന്ന**
**തിരുമുറ്റത്തെത്തുവാൻ മോഹം**
**തിരുമുറ്റത്തൊരു കോണിൽ നിൽക്കുന്നൊരാനെല്ലി**
**മരമൊന്നുലുത്തുവാൻ മോഹം.**



**അടരുന്ന കായ്കനികൾ പൊഴിയുമ്പോൾ**
**ചെന്നെടുത്ത് അതിലൊന്നു തിന്നുവാൻ മോഹം**
**സുഖമെഴും കയ്പ്പും പുളിപ്പും മധുരവും**
**നുകരുവാനിപ്പോഴും മോഹംതൊടിയിലെ കിണർവെള്ളം കോരിക്കുടിച്ചെന്തു**
**മധുരമെന്നോതുവാൻ മോഹം**
**എന്തു മധുരമെന്നോതുവാൻ മോഹം**



**ഒരുവട്ടം കൂടിയാപ്പുഴയുടെ തീരത്തു**
**വെറുതെയിരിക്കുവാൻ മോഹം**
**വെറുതെയിരുന്നോരാക്കുയിലിന്റെ**
**പാട്ടുകേട്ടെതിർപാട്ടു പാടുവാൻ മോഹം**

**അതുകേൾക്കെയുച്ചത്തിൽ കൂകും കുയിലിന്റെ**
**ശ്രുതി പിന്തുടരുവാൻ മോഹം**
**ഒടുവിൽ പിണങ്ങി പറന്നുപോം പക്ഷിയോടു**
**അരുതേയെന്നോതുവാൻ മോഹം**

**വെറുതേയീ മോഹങ്ങൾ എന്നറിയുമ്പോഴും**
**വെറുതേ മോഹിക്കുവാൻ മോഹം..**
**വെറുതേയീ മോഹങ്ങൾ എന്നറിയുമ്പോഴും**
**വെറുതേ മോഹിക്കുവാൻ മോഹം..**
**വെറുതേ മോഹിക്കുവാൻ ........... മോഹം.**

# പലായനം




ഒരു ദിവസം
ഉറക്കമുണർന്നു നോക്കുമ്പോൾ
ഓടുന്ന ആടുകൾ
ഓടുന്ന പുലികൾ
വൃക്ഷങ്ങൾ കുന്നുകൾ
പുഴകൾ മേഘങ്ങൾ
സൂര്യൻ ചന്ദ്രൻ നക്ഷത്രങ്ങൾ
എന്തെന്നമ്പരന്നു നിൽക്കുന്നു ഞാൻ
അതാ പിറകെ ഓടുകയാണ്
ഭ്രാന്തു പിടിച്ചപോലെ
കൈയിൽ കഠാരയുമായി ഒരു മനുഷ്യൻ
സൂക്ഷിച്ചു നോക്കുമ്പോൾ
അയാൾക്ക് എൻറെ ഛായായായിരുന്നു
ഞാൻ കൈകളിൽ തപ്പിനോക്കി:
കൈനിറയെ ചോര .

## കോതമ്പുമണികൾ

പേരറിയാത്തൊരു പെൺകിടാവേ, നിന്റെ
നേരറിയുന്നു ഞാൻ പാടുന്നു.
കോതമ്പക്കതിരിന്റെ നിറമാണ്;
പേടിച്ച പേടമാൻ മിഴിയാണ്.
കയ്യിൽ വളയില്ല, കാലിൽ കൊലുസ്സില്ല,
മേയ്യിലലങ്കാരമൊന്നുമില്ല;
ഏറ്റുന്ന യൌവനം മാടി മറയ്ക്കുവാൻ
കീറിത്തുടങ്ങിയ ചേലയാണ്!
ഗൗരിയോ ലക്ഷ്മിയോ സീതയോ രാധയോ
പേരെന്ത് തന്നെ വിളിച്ചാലും,
നീയെന്നും നീയാണ്; കോതമ്പു പാടത്ത്
നീർ പെയ്തു പോകും മുകിലാണ്!
കത്തും വറളി പോൽ ചുട്ടുപഴുത്തൊരാ
കുഗ്രാമ ഭൂവിൻ കുളിരാണ്!
ആരെയോ പ്രാകി മടയ്ക്കുമോരമ്മയ്ക്ക്
കൂരയിൽ നീയൊരു കൂട്ടാണ്.
ആരാന്റെ കല്ലിന്മേൽ രാകിയഴിയുന്നോ-
രച്ഛന്റെ ആശ തൻ കൂടാണ്.
താഴെയുള്ളിത്തിരിപ്പോന്ന കിടാങ്ങൾക്ക്
താങ്ങാണ്, താരാട്ട് പാട്ടാണ്!
പേരറിയാത്തൊരു പെൺകിടാവേ
എനിക്കേറെപ്പരിചയം നിന്നെ!

കുഞ്ഞായിരുന്ന നാൾ കണ്ടു കിനാവുകൾ ,
കുഞ്ഞു വയർ നിറച്ചാഹാരം;
കല്ലുമണിമാല, കൈവളയുത്സവ-
ച്ചന്തയിലെത്തും പലഹാരം.

തോട്ടയലത്തെത്തൊടിയിൽക്കയറിയോ-

രത്തിപ്പഴം നീയെടുത്തു തിന്നു.
ചൂരൽപ്പഴത്തിന്റെ കയ്പ്പുനീരും കണ്ണു-
നീരുമതിന്നെത്ര മോന്തീല?
പിന്നെ മനസ്സിൽ കൊതിയുണർന്നാലത്
പിഞ്ചിലേ നുള്ളിയെറിയുന്നു.
കൊയ്ത്തു കഴിഞ്ഞൊരു കോതമ്പു പാടത്ത്
കുറ്റികൾ കത്തിക്കരിയുമ്പോൾ ,
ഒറ്റയ്ക്കിരുന്നു നിൻ തുച്ഛമാം സ്വപ്നങ്ങൾ
ഒക്കെക്കരിഞ്ഞതും കാണുന്നു.
ഞെട്ടുന്നില്ലുള്ള് നടുങ്ങുന്നില്ല നീ
ഞെട്ടറപ്പുള്ളൊരു പൂവല്ലേ?
പേരറിയാത്തൊരു പെൺകിടാവേ നിന്റെ
നേരറിയുന്നു ഞാൻ പാടുന്നു.

ഞാറാണെങ്കിൽ പറിച്ചു നട്ടീടണം
ഞാറ്റുവേലക്കാലമെത്തുമ്പോൾ ;
പെറ്റുവളർത്തും കുടി വിട്ടു പെണ്ണിന്
മറ്റൊരിടത്ത് കുടിവയ്പ്പ്!
വയലിനുമപ്പുറത്തേതോ സ്വയംവര-
പ്പുകിലിനു മേലാളർ പോകുമ്പോൾ ,
വെറുതെയീ നിനവുകൾ വന്നു പോയി
വെയിലത്തൊരു മഴ ചാറ്റൽ പോലെ..
കുറുകുഴൽപ്പാട്ടുണ്ട്, താളമുണ്ട്,
കുതിരപ്പുറത്തു മണാളനുണ്ട്;
പൊന്നിൻതലപ്പാവ്, പാപ്പാസ് പയ്യന്
മിന്നുന്ന കുപ്പായം പത്രാസ്!
മുല്ലപ്പൂ കോർത്തോരിഴകളല്ലോ
മുഖമാകെ മൂടിക്കിടപ്പുണ്ട്!
കുറെയേറെയാളുകൾ കൂടെയുണ്ടെത്രയോ-
കുറിയിതേ കാഴ്ച നീ കണ്ടൂലോ..
കുതിരപ്പുരത്തിരുന്നാടിയാടി

പുതുമണവാളനാ പോക്ക് പോകെ
തിക്കിത്തിരക്കി വഴിയരികിൽ പണ്ട്
നിൽക്കുവാനുത്സാഹമായിരുന്നു.
കൺകളിലത്ഭുതമായിരുന്നു വിടർ -
ക്കണ്ണാലെ പിന്നാലെ പോയിരുന്നു.
ഇന്നാക്കുറുകുഴൽപ്പാട്ട് കേൾക്കേ,
ഇന്നാ നിറന്ന വരവ് കാൺകേ.
പാതവക്കത്തേക്ക് പായുന്നതില്ല നീ
പാടാൻ മറന്ന കിളിയല്ലേ!
പേരറിയാത്തൊരു പെൺകിടാവേ നിന്റെ
നേരറിയുന്നു ഞാൻ പാടുന്നു.

നിന്നെ വധുവായലങ്കരിക്കാനിങ്ങു
പൊന്നില്ല, പൂവില്ല, ഒന്നുമില്ല.
മയ്യെഴുതിച്ചു മൈലാഞ്ചി ചാർത്തി ചുറ്റും
കൈകൊട്ടി പാടാനുമാരുമില്ല.

വെള്ളക്കുതിരപ്പുറത്ത് വന്നെത്തുവാൻ
ഇല്ലോരാൾ , കൊട്ടും കുഴലുമില്ല.
കൊക്കിലോതുങ്ങാത്ത ഭാഗ്യങ്ങളൊന്നുമേ.
കൊത്തി വിഴുങ്ങാൻ കൊതിയുമില്ല!
തൻ പഴങ്കണ്ണുകൊണ്ടേറെക്കണ്ടോ-
രമ്മുമ്മ തൻ ചൊല്ലോർക്കുന്നു,
നമ്മള് നോക്കി വളർത്തുമിക്കോതമ്പും
നമ്മളും മക്കളെ ഒന്ന് പോലെ!

ആറ്റുനോറ്റാരോ വളർത്തുന്നു,
കതിരാരോ കൊയ്തു മെതിക്കുന്നു
പൊന്നിൻ മണികളാക്കമ്പോളങ്ങളി-
ലെങ്ങോ പോയിത്തുലയുന്നു!

# പൂക്കളം

നിറമുള്ള പൂക്കളം

ചന്തമുള്ള പൂക്കളെല്ലാം

വലിയ പൂക്കളെല്ലാം

ഒരുമയു

ടെ പൂക്കളെല്ലാം



# സർഗ്ഗസംഗീതം

ആരണ്യാന്തരഗഹ്വരോദരതപ-
സ്ഥാനങ്ങളിൽ, സൈന്ധവോ-
ദാരശ്യാമമനോഭിരാമപുളിനോപാന്തപ്രദേശങ്ങളിൽ
ആരന്തർമ്മുഖമിപ്രപഞ്ചപരിണാ-
മോത്ഭിന്നസർഗ്ഗക്രിയാ-
സാരം തേടിയലഞ്ഞു പണ്ടവരിലെ-
ചൈതന്യമെൻ ദർശനം
ആ മൺമെത്തകളാറ്റുനോറ്റ മധുര-
സ്വപ്നങ്ങളിൽ, ജീവിത-
പ്രേമം പാടിയ സാമഗാനലഹരീ-
ഹർഷാഞ്ചിതാത്മാക്കളായ്,
ഹാ, മന്വന്തരഭാവശില്പികളെനി-
ക്കെന്നേക്കുമായ് തന്നതാ-
ണോമൽക്കാർത്തിക നെയ്‌വിളക്കെരിയുമീ-
യേകാന്തയാഗാശ്രമം.
നാദം ശൂന്യതയിങ്കലാദ്യമമൃതം
വർഷിച്ച നാളിൽ, ഗതോ-
ന്മാദം വിശ്വപദാർത്ഥശാലയൊരിട-
ത്തൊന്നായ് തുടിച്ചീടവേ
ആ ദാഹിച്ചു വിടർന്ന ജീവകലികാ-
ജാലങ്ങളിൽ, കാലമേ
നീ ദർശിച്ച രസാനുഭൂതി പകരു
മൽ പാനപാത്രങ്ങളിൽ!
ഓരോ ജീവകണത്തിനുള്ളിലുമുണർ-
ന്നുദ്ദീപ്തമായ്, ധർമ്മ സംസ്-
കാരോപാസനശക്‌റിയായ്,ചിരതപ-
സ്സങ്കൽപ്പസങ്കേതമായ്,
ഓരോ മാസ്മരലോകവുമുണ്ടതിലെനി-



ക്കെന്നന്തരാത്മാവിലെ-
ത്തേരോടിക്കണെ,മെന്റെ കാവ്യകലയെ-
ക്കൊണ്ടാകുവോളം വരെ!
വാളല്ലെൻ സമരായുധം,ത്ധണത്ധണ-
ധ്വാനം മുഴക്കീടുവാ-
നാള,ല്ലെൻ കരവാളു വിറ്റൊരു മണി-
പ്പൊൻ വീണ വാങ്ങിച്ചു ഞാൻ!
താളം രാഗലയശ്രുതിസ്വരമിവയ്-
ക്കല്ലാതെയൊന്നിന്നുമി-
ന്നോളക്കുത്തുകൾ തീർക്കുവാൻ കഴിയുകി-
ല്ലെൻ പ്രേമതീർത്ഥങ്ങളിൽ!
ഓണക്കോടി ഞൊറിഞ്ഞുടുത്തു കമുകിൻ
പൊൻപ്പൂക്കുലച്ചാർത്തുമായ്
പ്രാണപ്രേയസി, കാവ്യകന്യ, കവിള-
ത്തൊന്നമ്മ വച്ചീടവേ..



# ശവപ്പെട്ടിക്കുമേൽ മഴ

ശവപ്പെട്ടിക്കുമേൽ പെയ്ത മഴ
ശവത്തെ തന്റെ ഗ്രാമം ഓർമിപ്പിച്ചു
പുളിമരത്തിൻ കീഴിൽ പ്രിയപ്പെട്ടവൾ
പുണരുന്നത് തന്നെയോ അപരനെയോ
മരണത്തെയോ എന്ന തിരിച്ചറിയും മുമ്പേ
ഒരു വലിയ സൂര്യകാന്തി വിടർന്നുവന്ന്
ആ ആകാരം മറച്ചു
ആൽമരത്തിലെ തത്തയ്ക്കകത്തുനിന്ന്
അമ്പലക്കുളത്തിൽ കെട്ടിത്താഴ്ത്തപ്പെട്ടവളുടെ
ആത്മാവ് സംസാരിക്കാൻ തുടങ്ങി.
വെള്ളരിവിത്തുകൾ മണ്ണിന്നടിയിൽ കിടന്ന്
മേഘങ്ങളുടെ ഭാഷയിൽ സ്വകാര്യം പറഞ്ഞു.
മഴ നിലച്ചപ്പൊഴേയ്ക്കും
ശവം ഗ്രാമാതിർത്തി കടന്നിരുന്നു
ശ്മശാനത്തിലെ എല്ലാ ശവങ്ങളും
പളുങ്കുമണികൾ കിലുക്കി അതിഥിയെ
വരവേൽക്കാൻ കാത്തിരിക്കുകയായിരുന്നു
ഊതനിറത്തിൽ
മലയാളത്തിലുള്ള കൈകളുമായി,
അമ്പത്തൊന്നു വിരലുകളുമായി.



# സങ്കീർത്തനം



ചന്തമേറിയ പൂവിലും ശബളാഭമാം
 ശലഭത്തിലും
സന്തതം കരതാരിയന്നൊരു ചിത്ര-
 ചാതുരി കാട്ടിയും
ഹന്ത! ചാരുകടാക്ഷമാലകളർക്ക-
രശ്മിയിൽ നീട്ടിയും
ചിന്തയാം മണിമന്തിരത്തിൽ വിളങ്ങു-
മീശനെ വാഴ്ത്തുവിൻ!



സാരമായ് സകലത്തിലും മതസംഗ്രഹം
ഗ്രഹിയാത്തതായ്
കാരണാന്തരമായ് ജഗത്തിലുയർന്നു
നിന്നിടുമൊന്നിനെ
സൌരഭോൽക്കട നാഭിയാൽ സ്വമൃഗംകണ-
 ക്കനമേയമായ്
ദൂരമാകിലുമാത്മ ഹാർദ്ദ ഗുണാസ്പദത്തെ
നിനയ്ക്കുവിൻ!
നിത്യനായക, നീതിചക്രമതിൻ-
തിരിച്ചിലിനക്ഷമാം
സത്യമുൾക്കമലത്തിലും സ്ഥിരമായ്
വിളങ്ങുക നാവിലും
കൃത്യഭൂ വെടിയാതെയും മടിയാതെയും
 കരകോടിയിൽ
പ്രത്യഹം പ്രഥയാർന്ന പാവന കർമ്മ-
 ശക്തി കുളിക്കുക!
സാഹസങ്ങൾ തുടർന്നുടൻ സുഖഭാണ്ഡ-
 മാശു കവർന്നുപോം
ദേഹമാനസ ദോഷസന്തതി ദേവ
ദേവ, നശിക്കണേ
സ്നേഹമാം കുളിർപൂനിലാവു പരന്നു

സർവവുമേകമായ്

മോഹമാമിരുൾ നീങ്ങി നിന്റെ മഹത്ത്വ-

മുള്ളിൽ വിളങ്ങണേ.

# താടക

വിന്ധ്യശൈലത്തിന്റെ താഴ്വരയിൽ
നിശാഗന്ധികൾ മൊട്ടിടും ഫാൽഗുന സന്ധ്യയിൽ
വിന്ധ്യശൈലത്തിന്റെ താഴ്വരയിൽ
നിശാഗന്ധികൾ മൊട്ടിടും ഫാൽഗുന സന്ധ്യയിൽ
പാർവ്വതീപൂജക്ക് പൂനുള്ളുവാൻ വന്ന
ദ്രാവിഡരാജകുമാരി ഞാൻ താടക
താമരചോലകൾക്കക്കരെ ഭാർഗ്ഗവരാമൻ
തെളിച്ചിട്ട സഞ്ചാരവീഥിയിൽ
കണ്ടു ശ്രീരാമനെ,
താമരചോലകൾക്കക്കരെ ഭാർഗ്ഗവരാമൻ
തെളിച്ചിട്ട സഞ്ചാരവീഥിയിൽ
കണ്ടു ശ്രീരാമനെ, ഏതോ തപോധനൻ
കൊണ്ടു നടക്കുന്ന കാമസ്വരൂപനെ.
സ്ത്രീഹൃദയത്തിനുൻമാദമുണർത്തുമാ മോഹന
ഗോപാംഗഭംഗി നുകർന്നവൾ, കണ്ണെടുക്കാതെ,
കണ്ണെടുക്കാതൊരഭൗമ രോമാഞ്ചമായി നിന്നാൾ
സലജ്ജം സകാമം സവിസ്മയം
രാജീവപുഷ്പശരങ്ങളേറ്റാദ്യമായ് രാമനിൽ
മോഹം തുടിച്ചുണർന്നീടവേ,
താടി തടവി ചിരിച്ചു ചൊല്ലീ മുനി
താടകയെന്ന നിശാചരിയാണവൾ
ആര്യഗോത്രത്തലവൻമാർ അനുചരൻമാരുമായ്
ദക്ഷിണഭാരതഭൂമിയിൽ സംഘങ്ങൾ
സംഘങ്ങളായ് വന്നു സംസ്കാരസംഹിതയാകെ
തിരുത്തിക്കുറിച്ചനാൾ, വാമനൻമാരായ്
വിരുന്നുവന്നീ ദാനഭൂമിയിൽ യാഗപശുക്കളെ മേച്ചനാൾ
ദ്രാവിഢരാജാധിരാജകിരീടങ്ങൾ ഈ മണ്ണിലിട്ടു
ചവിട്ടി ഉടച്ചനാൾ,വിശ്വമാതൃത്വത്തെ വേദമഴുവിനാൽ
വെട്ടി പുരോഹിത പാദത്തിൽ വെച്ചനാൾ...
ആദ്യമായ്, ആര്യവംശാധിപത്യത്തിനെയാട്ടിയകറ്റിയ
രാജകുമാരിയെ, താടകയെ, കണ്ട്, കോപാരുണങ്ങളായ്



താടി വളർത്തും തപസ്വി തൻ കണ്ണുകൾ
ചിത്രശിലാതലങ്ങൾക്ക് മീതെ മലർമെത്ത വിരിക്കും സുരഭിയാം തെന്നലിൽ
ചിത്രശിലാതലങ്ങൾക്ക് മീതെ മലർമെത്ത വിരിക്കും സുരഭിയാം തെന്നലിൽ
ആ രാത്രി സ്വപ്നവും കണ്ട് വനനദീതീരത്ത്
ശ്രീരാമചന്ദ്രനറങ്ങവേ, കാട്ടിലൂടെ, ഒച്ചയുണ്ടാക്കാതെ,
അനങ്ങാതെ, ഓട്ടുവളകൾ കിലുങ്ങാതെ,
ഏകയായ്, ദാശരഥിതൻ അരികത്ത്
അനുരാഗദാഹപരവശയായ് വന്നു താടക
ഞാൺ വട്ടുവാർന്ന യുവാവിന്റെ കൈകളിൽ
തോൾ വരെയെത്തിക്കിടന്ന കാർക്കുന്തലിൽ
ഹേമാംഗകങ്ങളിൽ, താടകതൻ തളിർത്താമരമൊട്ടിളം
കൈവിരൽ ഓടവെ
ഞാൺ വട്ടുവാർന്ന യുവാവിന്റെ കൈകളിൽ
തോൾ വരെയെത്തിക്കിടന്ന കാർക്കുന്തലിൽ
ഹേമാംഗകങ്ങളിൽ, താടകതൻ തളിർത്താമരമൊട്ടിളം
കൈവിരൽ ഓടവെ
അജ്ഞാതം ഏതോ മധുരാനുഭൂതിയിൽ
അർദ്ധസുപ്താന്തർവികാരമുണരവേ...
അജ്ഞാതം ഏതോ മധുരാനുഭൂതിയിൽ
അർദ്ധസുപ്താന്തർവികാരമുണരവേ...
ആദ്യത്തെ മാദകചുംബനത്തിൽ തന്നെ
പൂത്തുവിടർന്നുപോയ് രാമന്റെ കണ്ണുകൾ
മുത്തുകിലുങ്ങും സ്വരവുമായ് ചോദിച്ച
മുഗ്ദ്ധാനുരാഗ വിവശയായ് താടക.

# കാവ്യനർത്തകി



**കനകച്ചിലങ്ക കിലുങ്ങിക്കിലുങ്ങി**
**കാഞ്ചനകാഞ്ചി കുലുങ്ങിക്കുലുങ്ങി**
**കടമിഴിക്കോണുകളിൽ സ്വപ്നം മയങ്ങി**
**കതിരുതിർ പൂപ്പുഞ്ചിരി ചെഞ്ചുണ്ടിൽ തങ്ങി**

**ഒഴുകുമുടയാടയിലൊളിയലകൾ ചിന്നി**
**അഴകൊരുടലാർന്ന പോലങ്ങനെ മിന്നി**
**മതിമോഹന ശുഭനർത്തനമാടുന്നയി മഹിതേ**
**മമമുന്നിൽ നിന്നു നീ മലയാളക്കവിതേ**

**ഒരു പകുതി പ്രജ്ഞയിൽ നിഴലും നിലാവും**
**ഒരു പകുതി പ്രജ്ഞയിൽ കരിപൂശിയ വാവും**
**ഇടചേർന്നെൻ ഹൃദയം പുതുപുളകങ്ങൾ ചൂടി**
**ചുടുനെടുവീർപ്പുകൾക്കിടയിലും കൂടി**

**അതിധന്യകളുഡുകന്യകൾ മണിവീണകൾ മീട്ടി**
**അപ്സരോരമണികൾ കൈമണികൾ കൊട്ടി**
**വൃന്ദാവനമുരളീരവ പശ്ചാത്തലമൊന്നിൽ**
**സ്പന്ദിക്കും ആ മധുരസ്വരവീചികൾ തന്നിൽ..**

**താളം നിരനിരയായ് നുരയിട്ടിട്ടു തങ്ങി**
**താമരത്താരുകൾപോൽ തത്തി ലയഭംഗി**
**സതതസുഖസുലഭതതൻ നിറപറ വെച്ചു**
**ഋതുശോഭകൾ നിൻ മുന്നിൽ താലംപിടിച്ചു**




**തങ്കത്തരിവളയിളകി നിൻ പിന്നിൽ തരളിതകൾ-**
**സങ്കല്പസുഷമകൾ ചാമരം വീശി**

**സുരഭിലമൃഗമദത്തിലകിത ഫാലം**
**സുമസമസുലളിത മൃദുലകപോലം**
**നളിനദളമോഹന നയനവിലാസം**
**നവകുന്ദസുമസുന്ദര വരമന്ദഹാസം**

ഘനനീലവിപിന സമാനസുകേശം
കുനുകുന്തള വലയാങ്കിത കർണ്ണാന്തിക ദേശം
മണികനകഭൂഷിത ലളിതഗളനാളം
മമമുന്നിലെന്തൊരു സൗന്ദര്യമേളം

മുനിമാരും മുകരാത്ത സുഖചക്രവാളം
ഉണരുന്നു പുളകിതം മമജീവനാളം

ഇടവിടാതടവികളും ഗുഹകളും ശ്രുതി കൊട്ടിയ
ജഡതൻ ജ്വരജല്പനമയമായ മായ
മറയുന്നു, വിരിയുന്നു മമജീവൻ തന്നിൽ
മലരുകൾ മലയാള കവിതേ നിൻ മുന്നിൽ

നിർന്നിമേഷാക്ഷനായ് നിൽപ്പതഹോ ഞാനിതം
നിൻ നർത്തനം എന്തത്ഭുത മന്ത്രവാദം

കണ്ടൂ നിൻ കൺകോണുകളുലയവേ
കരിവരിവണ്ടലയും ചെണ്ടുലയും വനികകൾ ഞാൻ
ലളിതേ നിൻ കൈവിരലുകളിളകവേകണ്ടു ഞാൻ കിളി പാറും മരതക മരനിരകൾ

കനകോജ്ജ്വല ദീപശിഖാരേഖാവലിയാലെ
കമനീയ കലാദേവത കണിവെച്ചതുപോലെ
കവരുന്നൂ കവിതേ തവനൃത്തരംഗം
കാപാലികനെങ്കിലും എന്നന്തരംഗം..

# വെള്ളംകോരിയും വിറകുവെട്ടിയും

കരയുന്ന കപ്പി ഒഴിഞ്ഞ വെള്ളത്തൊട്ടിയെ
ആഴത്തിലേക്കു പറഞ്ഞയയ്ക്കുന്നു.
തൊട്ടി ഒന്നു കുണുങ്ങി ചിറകടിച്ച്
പൊന്മയെപ്പോലെ വെള്ളത്തിൽ ഒന്നു താണുയരുന്നു.
വെള്ളം ഇക്കിളികൊണ്ടു പൊട്ടിച്ചിരിക്കുന്നു.
പിടയ്ക്കുന്ന ആ വെള്ളിച്ചിരി കൊക്കിലേറ്റി
ഉയരുന്ന തൊട്ടിയിലുണ്ട്
ജലത്തിലലിയാത്ത ഒരു സൂര്യശകലം
വൻ വിപിനങ്ങൾ സ്വപ്നം കാണുന്ന
കിണറ്റുപന്നയുടെ പച്ചില
സമുദ്രവിസ്തൃതിയിൽ വിരിയാൻ കൊതിക്കുന്ന
കൂപമണ്ഡൂകത്തിന്റെ മുട്ട
ഇരുളിൽ തളയ്ക്കപ്പെട്ട ഈനാംപേച്ചിയുടെ
വെളിച്ചത്തിലേക്കുള്ള തുറുനോട്ടം
പന്തയം ജയിക്കുന്ന ആമയുടെ ജാഗ്രത
പോയ വേനലിന്റെ വരൾച്ച
വരുന്ന ഇടവപ്പാതിയുടെ മുരൾച്ച
ഭൂമിയുടെ സ്നിഗ്ദ്ധോർവ്വരമായ ആഴം.
ഈ കയർ ജീവിതത്തിൽനിന്നു
മരണത്തിലേക്കും മരണത്തിൽനിന്നു
ജീവിതത്തിലേക്കും നീളുന്നു
വെള്ളം കോരുന്നവൾ രണ്ടുകുറി വിയർക്കുന്നു
മരണംകൊണ്ടും ജീവിതംകൊണ്ടും.



# യാത്രകിടയിൽ

എനിക്ക് പണ്ടേ പ്രിയം നിങ്ങളെ , സ്വപ്നങ്ങളെ
ചിരിക്കും ബാല്യം തൊട്ടേ നിങ്ങളെൻ കളിത്തോഴർ
ഏതിരുട്ടിലും നമ്മളൊന്നിച്ച വാണ , നിങ്ങ-
ലെതഴളിലും വന്നെൻ കണ്ണുനീരൊപ്പി തന്ന

വിളർക്കും ദിനങ്ങൾ തൻ കവിളിൽ ചായം തേച്ച
തിളക്കും വേനൽച്ചൂടിൽ പൂകളെ തുന്നിചേ്ർത്തു
ദാഹത്തിൽ പുന്തേനെകി ദുഃഖത്തിൽ പ്രേമം നൽകീ
രോഗത്തിൽ സുഖാശ്വാസദൃഢവിശ്വാസം പാകീ

ഈ വഴിത്തളർചയെ ഞാനറിഞ്ഞീല നിങ്ങൾ
ഗാനലോലുപർ കൂട്ടിനൊന്നിച്ച നടപ്പോളം
അങ്ങനെ നാമൊന്നിച്ചേ കഴിഞ്ഞു ചിരകാലം
ഇന്നു ഞാനിവിടെയീ നാൽകവലയിൽ പെട്ടെ-
ന്നറിവു കാണ്മീലല്ലോ നിങ്ങളെക്കൂടെ പ്പിരി -
ഞ്ഞകല്വന്നേരം നിങ്ങൾ യാത്രയും ചൊല്ലീലല്ലോ



എങ്ങിനെയിനി? നിന്നു പോകുന്നേൻ , സ്വപ്നങ്ങളെ
നിങ്ങൾ കൈവിട്ടോൻ , ഏറെ ക്ഷീണനീ യാത്രക്കാരൻ
നടക്കാൻ വഴിയെത്രയുണ്ടിനി കൊട്ടും വെയിൽതണക്കും
**മഹാ സന്ധ്യകെത്രയുണ്ടിനി നേരം ...**

## മാതൃഭാഷയുടെ പ്രാധാന്യം

ഇന്ന് ലോക മാതൃഭാഷാ ദിനം. അന്താരാഷ്ട്ര മാതൃഭാഷാ ദിനാചാരണം 19-ാം വർഷത്തിലേക്ക് കടക്കുകയാണ്. 1999 നവംബർ 17-നാണ് യുനെസ്കോ ഫെബ്രുവരി 21-നെ ലോക മാതൃഭാഷാദിനമായി പ്രഖ്യാപിച്ചത്. 2008-നെ ലോക ഭാഷാവർഷമായി പ്രഖ്യാപിച്ച പ്രസ്താവനയിലൂടെ ഐക്യരാഷ്ട്രസഭയുടെ പൊതുസഭ ഈ ദിനാചരണത്തിന് ഔദ്യോഗിക അംഗീകാരം നൽകി. ബംഗ്ലാദേശിൽ ആചരിച്ചുവരുന്ന ഭാഷാപ്രസ്ഥാന ദിനത്തിന് അന്തർദ്ദേശീയ തലത്തിൽ ലഭിച്ച അംഗീകാരമെന്ന നിലയിലാണ് ലോക മാതൃഭാഷാദിനത്തിന്റെ ഉദ്ഭവം.

1952 ഫെബ്രുവരി 21-ന് ബെംഗാളീ ഭാഷാപ്രസ്ഥാനത്തിന്റെ ഒരു പ്രതിഷേധ സമരത്തിലുണ്ടായ പൊലീസ് വെടിവയ്പ്പിൽ കൊല്ലപ്പെട്ടവരുടെ സ്മരണക്കായാണ് ബംഗ്ലാദേശിൽ ഭാഷാപ്രസ്ഥാന ദിനം ആചരിക്കുന്നത്. ഭാഷ്യാ സാംസ്കാരിക വൈവിധ്യവും ബഹുഭാഷാത്വവും പ്രചരിപ്പിക്കുക എന്ന ഉദ്ദേശത്തോടെ യുനെസ്കോ ആസ്ഥാനത്തിലും അംഗരാഷ്ട്രങ്ങളിലും ലോക മാതൃഭാഷാദിനം വർഷംതോറും ആചരിക്കപ്പെടുന്നു.

സ്വന്തമായി ഒരു ഭാഷയുണ്ടായിരിക്കുകയെന്നത് എത്ര വലിയ അനുഗ്രഹമാണെന്ന് ആ ഭാഷ ഇല്ലാതാകുമ്പോഴേ മനസ്സിലാകു. മാതൃഭാഷയെ പുച്ഛിക്കുന്നവർ മലയാള ഭാഷയുടെ മഹത്വം മനസ്സിലാക്കാത്തവരാണ്. മാതൃഭാഷയെ അവഗണിച്ചാലും സാരമില്ല, താത്കാലികവും പ്രായോഗികവുമായ നേട്ടങ്ങൾ ഉണ്ടായാൽ മതി എന്നു വിചാരിച്ച് പ്രവർത്തിക്കുന്നവർ ഇരിക്കുന്ന കൊമ്പുമുറിക്കുന്ന മണ്ടത്തരം ചെയ്യുന്നവരാണെന്നേ പറയാനാകു. തികച്ചും താത്കാലികമായ നേട്ടങ്ങൾ ക്ക് വേണ്ടി, ചില മുൻവിധികളിൽ കുടുങ്ങി മലയാളം മറക്കുന്ന മലയാളി വാസ്തവത്തിൽ അത്യന്തം ദയനീയ സ്ഥിതിയിലാണെന്നതാണ് സത്യം.

ഭാര്യ ഗർഭിണിയാണെന്ന് തിരിച്ചറിയുമ്പോഴെ, കുട്ടി ജനിക്കുമ്പോൾത്തന്നെ ഇംഗ്ലീഷിന്റെ മണവും വായുവും ശ്വസിക്കാനും സംസാരിക്കണമെന്ന ആഗ്രഹത്തോടെ, പ്രസവം ഇംഗ്ലണ്ടിൽ വെച്ച് നടത്താൻ ആലോചിക്കുന്ന ഭർത്താവ്- ഇതു വെറും കവി കൽപന മാത്രമല്ല, ഇന്നത്തെ സമൂഹത്തിന്റെ ചിന്താഗതിയെ വളച്ചൊടിക്കലുകൾ ഇല്ലാതെ, തുറന്നു കാണിക്കുന്ന കവി ഒരു കാലഘട്ടത്തിന്റെ നെടുവീർപ്പാണ് പങ്കുവെക്കുന്നത്..! പക്ഷേ ഇന്നത്തെ അവസ്ഥ ഒരുപക്ഷേ കുഞ്ഞുണ്ണിമാഷ് നേരത്തെ മനസിലാക്കിയിരുന്നു എന്നുവേണം കരുതാൻ. കാരണം കുട്ടികൾ നന്നായി ഇംഗ്ലീഷ് പറയീൻ വേണ്ടി എന്തു ത്യാഗവും സഹിക്കാൻ മലയാളികൾ തയാറായി കഴിഞ്ഞു. പക്ഷേ ഇതിൽ അത്ഭുതപ്പെട്ടിട്ടും വലിയ കാര്യമൊന്നുമില്ല. കാരണം ഇംഗ്ലീഷ് സംസാരിക്കാത്തതിന് സ്വന്തം പട്ടിയെ തല്ലുന്ന ഒരാളുടെ വീഡിയോ നമ്മളിൽ പലരും കണ്ടു കഴിഞ്ഞു. ഈ ഒരു സഹചര്യത്തിൽ സ്വന്തം കുട്ടി ഇംഗ്ലീഷ് സംസാരിക്കണം എന്ന് വാശിപിടിക്കുന്നവരെ കുറ്റം പറഞ്ഞിട്ടും കാര്യമില്ല.

മലയാളഭാഷാ പഠനം വിദ്യാഭ്യാസ പഠന കാലയളവിൽ നിർ ബന്ധമാക്കുമെന്ന് ഉദ്യോഗസ്ഥരും മന്ത്രിമാരും പ്രസ്താവനകൾ ഇറക്കി മത്സരിക്കുമ്പോളും മലയാളം ഒരക്ഷരം പോലും പഠിക്കാതെ ബിരുദ തലം വരെ ഒരു ബുദ്ധിമുട്ടുമില്ലാതെ എത്താവുന്ന സാഹചര്യം ഇന്നുണ്ട്. മക്കൾ മലയാളം പറയുന്നത് കുറച്ചിലാനെന്നു കരുതുന്ന മാതാപിതാക്കൾ മക്കളെ ചേർക്കാൻ ഇന്റർനാഷണൽ സ്കൂളുകൾ തേടി പോവുന്നു. സർക്കാർ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറയുന്നു. ഏപ്രിൽ മെയ് മാസങ്ങളിൽ നിരവധി സൗജന്യങ്ങൾ പ്രഖ്യാപിച്ച പിള്ളേരെ പിടിക്കാൻ ഇറങ്ങുന്ന അധ്യാപകരെ ഗ്രാമപ്രദേശങ്ങളിൽ കാണാം.. നമ്മുടെ വിദ്യാഭ്യാസ രീതിയുടെ അലകും പിടിയും മാറിയാലേ മാതൃ ഭാഷക്ക് മാന്യമായ സ്ഥാനം ഉണ്ടാവുകയുള്ളൂ. ”മലയാളത്തെ കഴിയുന്നത്ര ഒതുക്കാനും അകറ്റാനും ശ്രമിക്കുന്ന ഒരു വിദ്യാഭ്യാസ സംവിധാനമാനിവിടെയുള്ളത്’'

ഭാഷകൾ മരിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മാതൃഭാഷ സംരക്ഷിക്കുന്നതിനാണ് ഈ ദിനാചരണം. കവിത ചോരുമ്പോൾ സംസ്കാരം ചോരും. ഭാഷ നശിക്കുമ്പോൾ സംസ്ക്കാരം നശിക്കും.ഓരോ ഭാഷയും

സംസ്ക്കാരത്തിന്റെ ചിഹ്നമാണ് അടയാളമാണ്. മനുഷ്യ ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നതു് ഭാഷയിലാണ്.' അക്ഷര സംഘാത നിബദ്ധം മർത്യ ചരിത്ര വിഹാരമെന്നാണ് ചരിത്രത്തെ കവി അടയാളപ്പെടുത്തിയത്. ലോകത്ത് ആയിരക്കണക്കിന് ഭാഷകൾ. ഏഴായിരത്തിലധികം വരുമെന്നാണ് ഒരു കണക്ക് .അവയിൽ മാസത്തിലൊരിക്കൽ ഒരു ഭാഷയെങ്കിലും ഇല്ലാതാവുന്നുവെന്നാണ് നിരീക്ഷണം പെറ്റമ്മയും മാതൃഭാഷയും ഒന്നാണ്.

ജിവിതത്തോട് ഏറ്റവും അടുത്ത്, നമ്മേ ആശ്ലേഷിച്ചു നില്ക്കുന്ന മാതൃഭാഷയിലൂടെ മനസ്സിലാക്കുന്ന അറിവാണ് നമ്മിൽ ലയിച്ചു ചേരുന്നത്. അല്ലാത്തവ മനസ്സിലാക്കപ്പെടുന്നുണ്ടെങ്കിലും പലപ്പോഴും അതു പൊങ്ങുതടിയായി നില്ക്കും.... ശാസ്ത്ര സാങ്കേതിക വിഷയങ്ങൾ മാതൃഭാഷയിലൂടെ തന്നെ സ്വായത്തമാക്കണം ... മലയാളിയുടെ പൊങ്ങച്ചമാണ് മാതൃഭാഷയിൽ നിന്ന് അകറ്റുന്നത് ... എന്റെ കുട്ടിക്ക് മലയാളം അറിയല്ലെന്ന് തന്റെ പൊങ്ങച്ച സഞ്ചിയിൽ നിന്ന് വിളമ്പുന്നത് മാന്യതയുടെ ലക്ഷണമായി കരുതുന്ന മലയാളി പുനർവിചിന്തനത്തിന് തയ്യാറാവണം. .... ക്ലാസുകളിൽ മലയാളം പറയുന്ന കുട്ടി ഇവിടെ ഇപ്പോഴും ശിക്ഷിക്കപ്പെടുകയാണ്. എല്ലാ ഭാഷകളും പഠിക്കുന്നത് നന്ന്.... പ്രത്യേകിച്ച് ഇംഗ്ലീഷ് .ലോക വിജ്ഞാനത്തിന്റെ വാതായനങ്ങൾ തുറന്നു തന്ന ഭാഷയാണത്. മാതൃഭാഷയെ അവഗണിക്കാതെ അതിൽ അവഗാഹം നേടി ഏതു ഭാഷയും നമ്മുക്ക് സ്വന്തമാക്കാം....

നമ്മുടെ മാതൃഭാഷ മലയാളം ആണ് ഇംഗ്ലീഷ് അല്ല. എന്നാല്ലും നമ്മൾ വിദ്യാഭ്യാസത്തിനു ഇംഗ്ലീഷ് ആണ് ഉപയോഗിക്കുന്നത്.ഒരു മലയാളി എന്ന് രീതിയിൽ നോക്കിയാൽ,നമ്മൾ എന്തുകൊണ്ട് നമ്മുടെ ഭാഷയിൽ വിദ്യാഭ്യാസം നടപ്പിലക്കുനില്ല എന്ന് ചോദിച്ചു പോകും. എന്നാൽ ഒരു ഇന്ത്യക്കാരൻ എന്നാ നിലക്ക് നോക്കിയാൽ അങ്ങനെ മലയാളത്തിൽ പഠിച്ചതുകൊണ്ട് നമ്മുക്ക് എന്താ പ്രയോജനം?.അനവധി മതങ്ങളും ഭാഷകളും കലർന്ന ഒരു രാഷ്ട്രമാണു ഇന്ത്യ.അവിടെ ഓരോരുത്തർ അവനവന്റെ മാതൃഭാഷയിൽ മാത്രം സംസരിക്കുവന്നെൽ എന്ത് സംഭവിക്കും??പലപ്പോൾ ആയി ഞാൻ പത്രങ്ങളിൽ മലയാളത്തേക്കാൾ ഉപരി ഇംഗ്ലീഷ് അല്ലേൽ മംഗ്ലീഷ് ഉപയോഗിക്കുന്ന കാര്യവും പറഞ്ഞു ലേഖനം

കാണാറുണ്ട്.ഒരു പരിധി വരെ ആ ലേഖനങ്ങളിൽ പറയുന്നത് നേരാ.ചില എളുപ്പമുള്ള മലയാള വാക്കുകളെക്കാൾ കട്ടി കൂടിയ ഇംഗ്ലീഷ് വാക്കുകളോട പലർക്കും കമ്പം.എന്ന് പറഞ്ഞു നമുക്ക് ഇംഗ്ലീഷ് ഭാഷ മൊത്തത്തിൽ ബഹിഷ്കരിക്കാൻ പറ്റില്ല.ഇപ്പൊ നമ്മുടെ ബസ്സിലും റോഡിലെ സൈൻബോർഡിലും എഴുതിയിരിക്കുന്ന ഇംഗ്ലീഷ് മായിച്ച് മൊത്തം മലയാളത്തിൽ ആകിയാലോ?? നമുക്ക് ഒരു പ്രശ്നവുമില്ല.അന്യസംസ്ഥാനക്കാർ നമ്മുടെ നാട്ടിൽ വരുമ്പോ പാടുപെടും..അമിതമായാൽ എന്തും വിഷമാണ്.അത് ഇംഗ്ലീഷ് ആയാലും മലയാളം ആയാലും.കേരളത്തിന്റെ പുറത്തു ഇംഗ്ലീഷ് തന്നെ വേണം, അല്ലേൽ പിടിച്ചു നില്ക്കാൻ പറ്റില്ല.

**‘ആറു മലയാളിക്ക് നൂറു മലയാളം**
**അര മലയാളിക്കുമൊരു മലയാളം**
**ഒരു മലയാളിക്കും മലയാളമില്ല’**

കുഞ്ഞുണ്ണി മാഷുടെ കവിത പോലെ മലയാളിക്കിന്നു മലയാളമില്ല. ‘ എനക്ക് കൊഞ്ചം കൊഞ്ചം മലയാളം തെറിയും” എന്നു സങ്കടത്തോടെ പറഞ്ഞിരുന്ന കാലം മാറി. ഇന്ന് മലയാളിയുടെ കൊച്ചുമക്കൾ കൈയിൽ റിമോട്ടും പിടിച്ചു നെഞ്ചും വിരിച്ചു പറയുന്നു : I don’t know Malayalam . മലയാളി ഒരുപ്പാട് മാറി. എല്ലാ തലത്തിലും എല്ലാ അർഥത്തിലും. എങ്കിലും നാലാൾ മുന്നിൽ നമ്മെ സംസ്കാരോന്നതിയില് കൈ പിടിച്ചു നിർത്തുന്നത്, നമ്മെ നാമാക്കിയ നമ്മുടെ ഭാഷ, മലയാളമാണ്. ഭാഷ പകർന്നു നൽകിയ വെളിച്ചമാണ്, സംസ്ക്കാരമാണ്. അമ്മ, അറിവിന്റെ ആദ്യാക്ഷരം ഹരിശ്രീ കുറിച്ചതും പിന്നീട് അമ്മയുടെ മടിയിൽകിടന്നു കഥകൾകേട്ട് ഉറങ്ങുമ്പോഴും സ്വപ്നങ്ങളിൽ വർണം ചാലിച്ചതും ഇണക്കങ്ങളിലും പിണക്കങ്ങളിലും ചിന്തയും എഴുത്തിലും എല്ലാം നമ്മെ വിളക്കിചേർത്ത്, പൊന്നിന്റെ ശോഭയിൽ മുന്നോട്ടു നയിച്ചത് നമ്മുടെ പെറ്റമ്മ, നമ്മുടെ മലയാളമാണ്.

നമുക്ക് മുൻപേ ഒരു തലമുറയുണ്ടായിരുന്നു. സ്വന്തം അമ്മയ്ക്കും മാതൃഭാഷയ്ക്കും ഒരുപോലെ പ്രാധാന്യം നൽകിയിരുന്നവർ. സംസ്കാരമെന്തെന്ന് വള്ളിപുള്ളി തെറ്റാതെ എന്താണെന്നറിഞ്ഞവർ.

**'ഏതൊരു വേദവുമേതൊരു ശാസ്ത്രവുമേതൊരു**
**കാവ്യവുമേതൊരാൾക്കും ഹൃത്തിൽപ്പതിയേണമെങ്കിൽ**
**സ്വഭാഷ തൻ വക്ത്രത്തിൽനിന്നു താൻ കേൾക്കവേണം...'**

മഹാകവി വള്ളത്തോളിന്റെ ഈ വരികളിൽനിന്നു മാതൃഭാഷയുടെ ജീവൽ പ്രാധാന്യമെന്താണെന്നു വ്യക്തമാകും ഏതൊരാൾക്കും. ചിന്തയുടെ മാധ്യമം ഭാഷയാണ്, വിദ്യാഭ്യാസത്തിന്റെ മാധ്യമവും ഭാഷ തന്നെ. ഇനിയുള്ള തലമുറയ്ക്ക് ഒരുപക്ഷേ മലയാളം എന്ന ഭാഷ വെറും കേട്ടുകേൾവിയുള്ള ഒന്നായി മാത്രം മാറുമെന്ന് കാര്യത്തിൽ ഒരു സംശയവും വേണ്ട. അതൊക്കെ വെച്ചു നോക്കുമ്പോൾ നമ്മൾ എത്രയോ ഭാഗ്യവാൻ മാരാണ്.....ഒന്നുമില്ലെങ്കിൽ മലയാളം എന്ന പെറ്റമ്മയെ അടുത്തറിയാനുള്ള ഭാഗ്യമെങ്കിലും ഇന്നത്തെ തലമുറയിലുള്ളവർക്കു ലഭിച്ചു. എന്നാൽ അടുത്ത തലമുറയോ...? ചിന്തിക്കേണ്ടിയിരിക്കുന്നു നാം... ഒരുപാട്...വാസ്തവത്തിൽ നാടോടുമ്പോൾ നാടിന്റെ നടുവേ ഓടുകയല്ല നമ്മൾ ഇപ്പോൾ ചെയ്യുന്നത്, പകരം ഒരുമുഴം മുമ്പേ ഓടുകയാണിപ്പോൾ.....

മലയാളം പഠിക്കുക എന്ന് പറഞ്ഞാൽ ഒരു ഭാഷ പഠിക്കുക എന്നു മാത്രമല്ല അർഥം. നമ്മുടെ മാതൃസംസ്കാരത്തിന്റെ സത്ത് ആസ്വദിക്കുക എന്നതാണ്. ആ സംസ്കാരത്തെ- ആ സംസ്കാരത്തിന്റെ ഭാഷയായ മലയാളത്തെ- അവഗണിക്കുക എന്നു പറഞ്ഞാൽ നാടും മൂടും മറക്കുക എന്നാണ് അർഥം. അതിൽ മാതാപിതാക്കന്മാർ അഭിമാനിക്കുകയും കൂടി ചെയ്യുക എന്ന് പറഞ്ഞാൽ അതിൽപരം ഒരധഃപതനം നമുക്ക് സംഭവിക്കാനില്ല. മലയാളത്തെ അവഗണിക്കുന്ന മലയാളി നമുക്കൊരു അപമാനമാണ്. ഈ അന്താരാഷ്ട്ര മാതൃഭാഷാ ദിനത്തിൽ നമുക്ക് പ്രതിജ്ഞയെടുക്കാം. അമ്മമലയാളത്തെ നമുക്ക് സംരക്ഷിക്കാം എന്ന പ്രതിജ്ഞ....

## മാതൃഭാഷയും മനുഷ്യനും

"ഭൂമിയുടെ പുഴകൾക്കും കനികൾക്കും മുമ്പേ

എന്നെ അമ്മുള്ളട്ടിയിരുന്ന പൊക്കിൾക്കൊടി"

എന്ന വരികളിൽ അമ്മയുടെ ഗർഭപാത്രത്തിൽ കഴിഞ്ഞ കുഞ്ഞിന് അതിജീവനത്തിലുള്ള ഔഷധങ്ങൾ നൽകുന്ന അമ്മയുടെ സ്നേഹമായി മാതൃഭാഷയെ സങ്കൽപ്പിക്കുന്നു. ഗർഭാവസ്ഥയിൽ അമ്മയുടെ ജീവിതം കുഞ്ഞിനുവേണ്ടി മാറ്റിവയ്ക്കപ്പെട്ടതാണ്. ഏതു ദുർഘടങ്ങളെയും പ്രതിസന്ധികളെയും അമ്മ അതിജീവിക്കുന്നത് കുഞ്ഞിനോടുള്ള സ്നേഹവായ്പുകൊണ്ടാണ്. അമ്മയുടെ ചിന്തകളും സ്വപ്നങ്ങളും കുഞ്ഞിനോട് പങ്കുവയ്ക്കുന്നതാവട്ടെ മാതൃഭാഷയിലൂടെയുമാണ്. ഇപ്രകാരം ജനിച്ചുവീഴുന്നതിനുമുമ്പുതന്നെ, പുഴകളും കനികളും ഭക്ഷണമൊരുക്കുന്നതിനുമുമ്പുതന്നെ ജീവനാമൃതം നൽകുന്നപൊക്കിൾ ക്കൊടിയായി മാതൃഭാഷ മാറുന്നു. സ്വഭാവരൂപീകരണത്തിന്റെ, സംസ്കാരത്തിന്റെ വേരുകൾ പൊടിച്ചുതുടങ്ങുന്നതും ഗർഭപാത്രത്തിൽ നിന്നാണെന്നത് ശാസ്ത്രസത്യം. വേരുകൾ നഷ്ടമാവുന്ന മനുഷ്യൻ പൊങ്ങിക്കിടക്കുന്ന, ഒഴുക്കിനൊപ്പം എവിടേയ്ക്കോ അലഞ്ഞുതിരിയുന്ന

പാഴ്വസ്തുവായി മാറുമെന്നും ഇവിടെ വ്യാഖ്യാനിക്കാം. മാതൃഭാഷ നഷ്ടപ്പെടുന്നവന് ഇല്ലാതാവുന്നത് സ്വന്തം വേരുകൾ തന്നെയാണ്.

"വേദനയുടെ ധന്യമൂർച്ഛയിൽ സ്വയം വളർന്ന്

എന്നെ ഉലുവയുടെയും വെളുത്തുള്ളിയുടെയും

തീക്ഷ്ണസുഗന്ധങ്ങളിലേയ്ക്കാനയിച്ചവൾ"

എന്ന വരികളിൽ അമ്മയുമായുള്ള പൊക്കിൾക്കൊടിബന്ധം വിഛേദിച്ച് കൺമിഴിക്കുന്ന കുഞ്ഞിന്റെ അനുഭവങ്ങളാണ് ചിത്രീകരിക്കുന്നത്. വേദനയുടെ ധന്യമൂർച്ഛ എന്ന പ്രയോഗം ഏതമ്മയും തന്റെ കുഞ്ഞിന്റെ ജനനത്തിനായി സഹിക്കുന്ന തീവ്രവേദനയെ സൂചിപ്പിക്കുന്നു. വേദന ക്ഷണികമായിരുന്നുവെന്ന് അമ്മയെ തോന്നിപ്പിക്കുന്നത് കുഞ്ഞിന്റെ തുവൽ സ്പർശമാണ്. സ്ത്രീ അമ്മയാവുമ്പോഴാണ് അവളുടെ ജീവിതത്തിലെ സുപ്രധാനഘട്ടം പൂർണ്ണമാവുന്നതും അവൾ ആദരവുനേടുന്നതും. പെൺകുഞ്ഞ് സ്വന്തം അമ്മയെ ഉൾത്തുടിപ്പോടെ സ്നേഹിച്ചുതുടങ്ങുന്നത് അമ്മയാകുമ്പോൾ മാത്രമാണെന്ന തിരിച്ചറിവും ഇവിടെ നിറയുന്നു.

ഉലുവയുടെയും വെളുത്തുള്ളിയുടെയും തീക്ഷ്ണസുഗന്ധമായി അമ്മയുടെ ഗന്ധം മാറുന്നത് പ്രസവശേഷമാണ്. പ്രസവശുശ്രൂഷയ്ക്കായി നൽകുന്ന ആയുർവ്വേദ ഔഷധക്കൂട്ടുകളിലെല്ലാം ഉലുവയുടെയും

വെളുത്തുള്ളിയുടെയും സാന്നിദ്ധ്യമുണ്ട്. എരിവിന്റെ സുഗന്ധമാണ് ഈ ചേരുവകൾ നൽകുന്നത്. പ്രസവാനന്തരം ലേഹ്യവും അരിഷ്ടവും കഷായവുമൊക്കെ നൽകുന്നത് ഒരുപക്ഷേ, കേരളീയ സംസ്കൃതിയുടെയും പ്രകൃതിയുടെയും മാത്രം സവിശേഷതയാവാം. ഉലുവയും കരിപ്പെട്ടിയും വാട്ടിച്ചേർത്ത ലേഹ്യം, ഉലുവയും വെളുത്തുള്ളിയും ചേർത്ത കഞ്ഞി, ഉലുവ വറുത്തതിനൊപ്പം ചുട്ട വെളുത്തുള്ളിയും ചുട്ട കുടംപുളിയും ഇഞ്ചിയും കറിവേപ്പിലയും ചേർത്ത് അരച്ചെടുക്കുന്ന ചമ്മന്തി, ഉലുവ വെന്ത വെള്ളം, ഉലുവയും വെളുത്തുള്ളിയും ചേർന്ന ലേഹ്യം, അരിഷ്ടം എന്നിവയൊക്കെ നമ്മുടെ നാട്ടിലെ പ്രസവശുശ്രൂഷയിൽ ഒഴിച്ചുകൂടാനാവാത്ത ഘടകങ്ങളായിരുന്നു. ഇവയൊക്കെ മണ്ണുമായുള്ള ബന്ധത്തെ സൂചിപ്പിക്കുന്നതുകൂടിയാണെന്നത് ശ്രദ്ധേയമാണ്. അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധം തന്നെയാണ് ഭാഷയും പ്രകൃതിയും തമ്മിലുള്ളതും.

"വെളിച്ചത്തിന്റെ അപ്പൂപ്പൻ താടികൾകൊണ്ട്
ഉണ്ണിയുടലിലെ ഈറ്റുചോരതുടച്ച്
മാനുമണത്തിൽ സ്നാനപ്പെടുത്തിയവൾ"

എന്ന കല്പനയിൽ കുഞ്ഞ് ആദ്യമായിക്കാണുന്ന വെളിച്ചവും ആദ്യത്തെ ശ്വാസോച്ഛ്വാസവും ഒക്കെ സൂചിപ്പിക്കുന്നു. ഗർഭപാത്രത്തിലെ സുരമാതൃഭാഷയും മനുഷ്യനും തമ്മിലുള്ള ജീവത്ബന്ധം ആവിഷ്കരിക്കുന്ന

നിരവധി വ്യാഖ്യാനസാധ്യതകളുള്ള കവിതയാണ് സച്ചിദാനന്ദന്റെ മലയാളം. കേരളപ്രകൃതിയുമായും സംസ്കാരവുമായും ഗ്രാമീണതയുമായും ബന്ധപ്പെട്ടുനിൽക്കുന്ന അനവധി പ്രതീകങ്ങളിലൂടെ മാതൃഭാഷയുടെ ഓർമ്മകളിൽ പണിതെടുത്ത ഒരു ശില്പമാണത്. ഒരു ഏഴുനിലഗോപുരം. ബാല്യം മുതൽ ഇന്നുവരെയുള്ള അവസ്ഥകളിലേയ്ക്കുള്ള ഒരു സഞ്ചാരം അതിലുണ്ട്. ഘടനാപരമായി അതൊരു പരീക്ഷണമാണ്...

"ഭൂമിയുടെ പുഴകൾക്കും കനികൾക്കും മുമ്പേ

എന്നെ അമൃതൂട്ടിയിരുന്ന പൊക്കിൾക്കൊടി"

എന്ന വരികളിൽ അമ്മയുടെ ഗർഭപാത്രത്തിൽ കഴിഞ്ഞ കുഞ്ഞിന് അതിജീവനത്തിലുള്ള ഔഷധങ്ങൾ നൽകുന്ന അമ്മയുടെ സ്നേഹമായി മാതൃഭാഷയെ സങ്കൽപ്പിക്കുന്നു. ഗർഭാവസ്ഥയിൽ അമ്മയുടെ ജീവിതം കുഞ്ഞിനുവേണ്ടി മാറ്റിവയ്ക്കപ്പെട്ടതാണ്. ഏതു ദുർഘടങ്ങളെയും പ്രതിസന്ധികളെയും അമ്മ അതിജീവിക്കുന്നത് കുഞ്ഞിനോടുള്ള സ്നേഹവായ്പുകൊണ്ടാണ്. അമ്മയുടെ ചിന്തകളും സ്വപ്നങ്ങളും കുഞ്ഞിനോട് പങ്കുവയ്ക്കുന്നതാവട്ടെ മാതൃഭാഷയിലൂടെയുമാണ്. ഇപ്രകാരം ജനിച്ചുവീഴുന്നതിനുമുമ്പുതന്നെ, പുഴകളും കനികളും ഭക്ഷണമൊരുക്കുന്നതിനുമുമ്പുതന്നെ ജീവനാമൃതം നൽകുന്നപൊക്കിൾ ക്കൊടിയായി മാതൃഭാഷ മാറുന്നു. സ്വഭാവരൂപീകരണത്തിന്റെ, സംസ്കാരത്തിന്റെ വേരുകൾ പൊടിച്ചുതുടങ്ങുന്നതും ഗർഭപാത്രത്തിൽ

നിന്നാണെന്നത് ശാസ്ത്രസത്യം. വേരുകൾ നഷ്ടമാവുന്ന മനുഷ്യൻ പൊങ്ങിക്കിടക്കുന്ന, ഒഴുക്കിനൊപ്പം എവിടേയ്ക്കോ അലഞ്ഞുതിരിയുന്ന പാഴ്വസ്തുവായി മാറുമെന്നും ഇവിടെ വ്യാഖ്യാനിക്കാം. മാതൃഭാഷ നഷ്ടപ്പെടുന്നവന് ഇല്ലാതാവുന്നത് സ്വന്തം വേരുകൾ തന്നെയാണ്.

"വേദനയുടെ ധന്യമൂർച്ഛയിൽ സ്വയം വളർന്ന്

എന്നെ ഉലുവയുടെയും വെളുത്തുള്ളിയുടെയും

തീക്ഷ്ണസുഗന്ധങ്ങളിലേയ്ക്കാനയിച്ചവൾ"

എന്ന വരികളിൽ അമ്മയുമായുള്ള പൊക്കിൾക്കൊടിബന്ധം വിഛേദിച്ച് കൺമിഴിക്കുന്ന കുഞ്ഞിന്റെ അനുഭവങ്ങളാണ് ചിത്രീകരിക്കുന്നത്. വേദനയുടെ ധന്യമൂർച്ഛ എന്ന പ്രയോഗം ഏതമ്മയും തന്റെ കുഞ്ഞിന്റെ ജനനത്തിനായി സഹിക്കുന്ന തീവ്രവേദനയെ സൂചിപ്പിക്കുന്നു. വേദന ക്ഷണികമായിരുന്നുവെന്ന് അമ്മയെ തോന്നിപ്പിക്കുന്നത് കുഞ്ഞിന്റെ തുവൽ സ്പർശമാണ്. സ്ത്രീ അമ്മയാവുമ്പോഴാണ് അവളുടെ ജീവിതത്തിലെ സുപ്രധാനഘട്ടം പൂർണ്ണമാവുന്നതും അവൾ ആദരവുനേടുന്നതും. പെൺകുഞ്ഞ് സ്വന്തം അമ്മയെ ഉൾത്തുടിപ്പോടെ സ്നേഹിച്ചുതുടങ്ങുന്നത് അമ്മയാകുമ്പോൾ മാത്രമാണെന്ന തിരിച്ചറിവും ഇവിടെ നിറയുന്നു.

ഉലുവയുടെയും വെളുത്തുള്ളിയുടെയും തീക്ഷ്ണസുഗന്ധമായി അമ്മയുടെ ഗന്ധം മാറുന്നത് പ്രസവശേഷമാണ്. പ്രസവശുശ്രൂഷയ്ക്കായി നൽകുന്ന ആയുർവ്വേദ ഔഷധക്കൂട്ടുകളിലെല്ലാം ഉലുവയുടെയും വെളുത്തുള്ളിയുടെയും സാന്നിദ്ധ്യമുണ്ട്. എരിവിന്റെ സുഗന്ധമാണ് ഈ ചേരുവകൾ നൽകുന്നത്. പ്രസവാനന്തരം ലേഹ്യവും അരിഷ്ടവും കഷായവുമൊക്കെ നൽകുന്നത് ഒരുപക്ഷേ, കേരളീയ സംസ്കൃതിയുടെയും പ്രകൃതിയുടെയും മാത്രം സവിശേഷതയാവാം. ഉലുവയും കരിപ്പെട്ടിയും വാട്ടിച്ചേർത്ത ലേഹ്യം, ഉലുവയും വെളുത്തുള്ളിയും ചേർത്ത കഞ്ഞി, ഉലുവ വറുത്തതിനൊപ്പം ചുട്ട വെളുത്തുള്ളിയും ചുട്ട കുടംപുളിയും ഇഞ്ചിയും കറിവേപ്പിലയും ചേർത്ത് അരച്ചെടുക്കുന്ന ചമ്മന്തി, ഉലുവ വെന്ത വെള്ളം, ഉലുവയും വെളുത്തുള്ളിയും ചേർന്ന ലേഹ്യം, അരിഷ്ടം എന്നിവയൊക്കെ നമ്മുടെ നാട്ടിലെ പ്രസവശുശ്രൂഷയിൽ ഒഴിച്ചുകൂടാനാവാത്ത ഘടകങ്ങളായിരുന്നു. ഇവയൊക്കെ മണ്ണുമായുള്ള ബന്ധത്തെ സൂചിപ്പിക്കുന്നതുകൂടിയാണെന്നത് ശ്രദ്ധേയമാണ്. അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധം തന്നെയാണ് ഭാഷയും പ്രകൃതിയും തമ്മിലുള്ളതും.

"വെളിച്ചത്തിന്റെ അപ്പൂപ്പൻ താടികൾകൊണ്ട്

ഉണ്ണിയുടലിലെ ഈറ്റുചോരതുടച്ച്

മാമ്പൂമണത്തിൽ സ്നാനപ്പെടുത്തിയവൾ"

എന്ന കല്പനയിൽ കുഞ്ഞ് ആദ്യമായിക്കാണുന്ന വെളിച്ചവും ആദ്യത്തെ ശ്വാസോച്ഛ്വാസവും ഒക്കെ സൂചിപ്പിക്കുന്നു. ഗർഭപാത്രത്തിലെ സുരക്ഷിതത്ത്വത്തിൽ നിന്ന് അരക്ഷിതത്ത്വത്തിലേയ്ക്ക് കുഞ്ഞ് എത്തിച്ചേരുകയാണ്. വെളിച്ചത്തിന്റെ അപ്പൂപ്പൻതാടികൾ എന്ന പ്രയോഗം അപ്പൂപ്പൻതാടിയുടെ കനമില്ലായ്മയും ഭംഗിയും കുഞ്ഞിന്റെ നിഷ്കളങ്കതയും ഒരുപോലെ സൂചിപ്പിക്കുന്നു. മാമ്പൂമണത്തിൽ സ്നാനപ്പെടുത്തുക എന്ന പ്രയോഗം അമ്മയുടെ സ്നേഹത്തെ പ്രതിനിധീകരിക്കുന്നു. പ്രസവശേഷം വേതിട്ടുകുളിക്കുക എന്നത് ദിവസങ്ങളോളം നീണ്ടുനിൽക്കുന്ന രക്ഷയാണ്. നാല്പാമരത്തോടൊപ്പം (അത്തി, ഇത്തി, പേരാൽ,അരയാൽ ഇവയുടെ തൊലി) മാവ്, പ്ലാവ് തുടങ്ങി നിരവധി വൃക്ഷങ്ങളുടെ ഇലകളും വേതിട്ടുകുളിക്ക് ഉപയോഗിക്കുന്നുണ്ട്. ഏറ്റവുമാദ്യം കുഞ്ഞ് തിരിച്ചറിയുന്നത് അമ്മയുടെ ഗന്ധമാണ്. ഉലുവയുടെയും വെളുത്തുള്ളിയുടെയും തീക്ഷ്ണഗന്ധത്തോടൊപ്പം മാമ്പൂമണമായും കുഞ്ഞ് അമ്മയെ അറിഞ്ഞുതുടങ്ങുന്നു. മാമ്പൂമണം മലയാളിക്ക് സ്നേഹസാന്നിദ്ധ്യംതന്നെയാണ്. മാമ്പഴവും മാതൃത്വവും അതു നമ്മെ അനുഭവിപ്പിക്കാതിരിക്കില്ല. അതുകൊണ്ടുതന്നെ മാമ്പൂമണം എന്നത് അമ്മയുടെ സ്നേഹസാമിപ്യമായി ഭാഷയുടെ സ്നേഹസാന്നിദ്ധ്യമായി വ്യാഖ്യാനിക്കാം.

"പൊന്നും വയമ്പും കൊണ്ട് എന്റെ നാവിൻതുമ്പിൽ

ഖനികളുടെ ആഴവും വനങ്ങളുടെ സാന്ദ്രതയും പകർന്നവൾ" എന്ന വരികളിൽ ആദ്യമായി കുഞ്ഞിന്റെ നാവിൻ തൊടുന്ന രുചികളാണ് സൂചിതം. സ്വർണ്ണം ഉരച്ചുകൊടുക്കുന്നതിലൂടെ ഖനികളുടെ ആഴവും വയമ്പുനൽകുന്നതിലൂടെ വനങ്ങളുടെ സാന്ദ്രതയുമാണ് പകരുന്നത്. പ്രകൃതിയുമായി ഇണങ്ങി ജീവിക്കേണ്ടതിന്റെ, ജീവിച്ചിരുന്നതിന്റെ അടയാളങ്ങളായി ഇതിനെക്കാണാം. വയമ്പ് ഔഷധമാണെന്നതും ശ്രദ്ധേയമാണ്. വാക്കുകളിൽ, ഹൃദയത്തിൽ ഖനികളുടെ ആഴവും പ്രവൃത്തിയിൽ പ്രകൃതിയുടെ സ്നേഹവും കനിവും ആർദ്രതയും നിലനിർത്താൻ പ്രേരിപ്പിക്കുന്നതാവണം മാതൃഭാഷ എന്ന് കവി ധ്വനിപ്പിക്കുന്നു. മാതൃഭാഷ അമ്മയുടെ സ്നേഹമായി ഹൃദയത്തിൽ ആവാഹിക്കുന്ന ശിശു സ്വാഭാവികമായി പ്രകൃതിയോടിണങ്ങി വേരുകളാഴ്ത്തി പടർന്നുപന്തലിക്കുമെന്ന് ഈ വരികളിലൂടെ വായിച്ചെടുക്കാം.

"ഇരയിമ്മന്റെ താരാട്ടും ഉണ്ണായിയുടെ പദങ്ങളും കൊണ്ട്

എന്നെ സ്വപ്നങ്ങളിലേയ്ക്കുറക്കിക്കിടത്തിയവൾ" എന്ന വരികളിൽ എല്ലാ അമ്മമാരും ഏറ്റുപാടുന്ന "ഓമനത്തിങ്കൾ കിടാവോ...” എന്ന താരാട്ടും ഉണ്ണായിവാര്യരുടെ കഥകളിപ്പദങ്ങളും നിറയുന്നു. കഥകളിയും സംഗീതവും തിരുവാതിരയും നിറഞ്ഞുനിന്നിരുന്ന നമ്മുടെ സംസ്കാരം സ്ത്രീകളെ ഏറെ സ്വാധീനിച്ചിരുന്നു. അമ്മ കുഞ്ഞിനെ ഉറക്കുന്നത് നിശബ്ദതകൊണ്ടല്ല, സംഗീതവും ചലനവും കൊണ്ടാണ്.

അമ്മയുടെ സ്വരത്തിലെ താളവിന്യാസമാണ് കുഞ്ഞിനെ സുഖസുഷുപ്തിയിലേയ്ക്കു നയിക്കുന്നത്. അമ്മയുടെ ശബ്ദം, ഗന്ധം, സ്നേഹം, തലോടൽ എന്നിവയിലൂടെ കുഞ്ഞ് സ്വപ്നങ്ങളിലേയ്ക്ക് ഉണരുകയാണ്. അമ്മ ഭാഷയുടെ പ്രതീകമായി മാറുന്നു. വികാരങ്ങൾ പ്രകടിപ്പിക്കുന്നതും സ്വപ്നം കാണുന്നതും മാതൃഭാഷയിലൂടെയാണെന്നതിവിടെ സ്മരിക്കാം.

സ്വപ്നങ്ങളിൽ നിന്ന് ഉണരുന്ന കുഞ്ഞ് ശൈശവാവസ്ഥയിൽ നിന്ന് ബാല്യത്തിലേയ്ക്കു പ്രവേശിക്കുന്നു. ആദ്യമായി എഴുത്തിനിരുത്തുന്ന ചടങ്ങിലേയ്ക്ക് ബാല്യം എത്തിച്ചേരുന്നു.

"വിരൽത്തുമ്പിൽപ്പിടിച്ച് മണലിന്റെ വെള്ളിക്കൊമ്പിൽ

ഹരിശ്രീയുടെ രാജമല്ലികൾ വിടർത്തിയവൾ"

എന്ന പ്രയോഗത്തിൽ മണലിനെ വെള്ളിക്കൊമ്പായും അക്ഷരത്തെ പുഷ്പങ്ങളായും ചിത്രീകരിക്കുന്നു. ഗ്രാമീണ സൗന്ദര്യത്തിന്റെ പ്രതീകമാണ് പൂത്തുനിൽക്കുന്ന രാജമല്ലികൾ. പൂവിടരുന്നതുപോലെ അക്ഷരം - വാക്ക് - അറിവ് ചുറ്റുപാടുകളിൽനിന്നും സ്വാഭാവികമായി ആർജ്ജിച്ചെടുക്കുകയാണ് ബാല്യത്തിൽ. അക്ഷരം ജ്ഞാനമാണ്. പുതിയ സമൂഹത്തിൽ അറിവ് അധികാരവുമാണ്. ജ്ഞാനപുഷ്പത്തെ വിരിയിച്ചവളാണ് മാതൃഭാഷ. വിരൽത്തുമ്പിലെ അക്ഷരങ്ങൾ സംവേദനക്ഷമമായ അനുഭവങ്ങളായി മാറുന്നു.

"അച്ഛനോടും സൂര്യനോടുമൊപ്പം കിഴക്കുദിച്ച്

വ്യാകരണവും കവിതയും കാട്ടി

എന്നെ ഭയപ്പെടുത്തി പ്രലോഭിപ്പിച്ചവൾ" എന്ന വരികളിൽ ഭാഷയും അച്ഛനും അമ്മയും തമ്മിലുള്ള ബന്ധംതന്നെയാണ് സൂചിപ്പിക്കുന്നത്. വ്യാകരണവും കവിതയും ഭാഷയിൽ ഇഴചേർന്നു നിൽക്കുന്നു. കവിത നമ്മുടെ ഹൃദയത്തോട് (affective domain) സംവദിക്കുമ്പോൾ വ്യാകരണം നമ്മുടെ ബുദ്ധിയോട് (intellectual domain) സംവദിക്കുന്നു. അച്ഛന്റെ സ്നേഹം കാർക്കശ്യം നിറഞ്ഞതാണ്. കവിതയിലെ വ്യാകരണം പോലെ അതു നിലനിൽക്കുന്നു. വ്യാകരണശുദ്ധിയില്ലാത്ത കവിത അർത്ഥസമ്പുഷ്ടമാവുകയില്ല. കാർക്കശ്യം നിറഞ്ഞ അച്ഛന്റെ സ്നേഹത്തെക്കുറിച്ച് ഓർമ്മിപ്പിച്ചുകൊണ്ടാണ് അമ്മ കുഞ്ഞിനെ വളർത്തുന്നത്.

"നിങ്ങടെ അച്ഛനിങ്ങുവരട്ടെ, നല്ല തല്ലുവച്ചുതരും

നല്ല തല്ലുപോലും കൊള്ളാതെ തളർന്നുറങ്ങുന്ന കുട്ടികൾ" എന്ന് 'ശാന്ത' എന്ന കവിതയിൽ കടമ്മനിട്ട വരച്ചിടുന്നുണ്ട്. അമ്മയുടെ സ്നേഹത്തിൽ മൃദുലതയും ആർദ്രതയും നിറയുമ്പോൾ അച്ഛന്റെ സ്നേഹത്തിൽ കാർക്കശ്യം കൂടി അനുഭവപ്പെടാറുണ്ട്.

സ്നേഹവാത്സല്യങ്ങളുടെയും സുരക്ഷിതത്ത്വത്തിന്റെയും ഭാഷയാണ് മാതൃഭാഷ എന്നിവിടെ വ്യാഖ്യാനിക്കാം.

"എന്റെ സ്ലെയ്റ്റിൽ വിടർന്ന വടിവുറ്റ മഴവില്ല്

എന്റെ പുസ്തകത്താളിൽ പെറ്റുപെരുകിയ മയിൽപ്പീലി"

എന്ന വരികൾ വടിവൊത്ത അക്ഷരങ്ങളെയും വരകളെയും വർണ്ണങ്ങളെയും പ്രതിഫലിപ്പിക്കുന്നു. പുസ്തകത്താളിൽ പെറ്റുപെരുകിയ മയിൽപ്പീലി ബാല്യസങ്കല്പങ്ങളെയും സൗഹൃദത്തിന്റെ കൈമാറ്റങ്ങളേയും സൂചിപ്പിക്കുന്നു. മധുരച്ചവർപ്പുറ്റ ഇലഞ്ഞിപ്പഴം സ്കൂളിലേയ്ക്കുള്ള യാത്രകളെ സൂചിപ്പിക്കുന്നു. ഏതു ചവർപ്പിനെയും മധുരമാക്കുന്ന രസതന്ത്രം ബാല്യത്തിന്റെ സവിശേഷതയാണ്. നാടൻ രുചികളും കാഴ്ചകളും ഗന്ധങ്ങളും അനുഭവിച്ച് സ്കൂളിലേയ്ക്കുപോയിരുന്ന ഗ്രാമീണബാല്യചിത്രങ്ങൾ ഈ പ്രതീകങ്ങൾ വായനക്കാരിലെത്തിക്കും. ഒ.എൻ.വി.യുടെ 'മോഹ'മെന്ന കവിതയും, നെല്ലിക്കയുടെ കയ്പ്പും, പുളിപ്പും, മധുരവും നളിനിയുടെയും ദിവാകരന്റെയും, മജീദിന്റെയും സുഹറയുടെയും യാത്രകളും, ബാല്യകുതുഹലങ്ങളും കുരീപ്പുഴയുടെ വിദ്യാലയാനുഭവങ്ങളുമൊക്കെ നമ്മുടെ മനസ്സിലേയ്ക്കെത്തിക്കാൻ ഈ കല്പനകൾക്കാവുന്നുണ്ട്.

'നിരന്തരഖരഹരപ്രിയ' എന്ന വാക്ക് സംഗീതം പോലെ താനനുഭവിച്ച യാത്രകളെ പ്രതിനിധാനം ചെയ്യുന്നു. ഒരു ഗ്രാമമാണ് പണ്ട് ഓരോ കുട്ടിയെയും വളർത്തിയത്. പരസ്പരം കുശലം ചോദിച്ച് നടന്നു നീങ്ങുന്ന ഗ്രാമീണരുടെ സംസാരവൈവിദ്ധ്യങ്ങളും പ്രയോഗ സവിശേഷതകളും ശൈലികളും കുട്ടിയിലേയ്ക്ക് അവനറിയാതെ സ്വാംശീകരിക്കുകയായിരുന്നു. ദേശഭാഷയുടെ തനിമ സ്വാഭാവികതയോടെ നിറയുകയായിരുന്നു.

'അമ്പത്തൊന്നു കമ്പികളുള്ള വീണ' എന്ന പ്രയോഗം അക്ഷരമാലയെ കുറിക്കുന്നതാണല്ലോ. സ്വരാക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴുള്ള മൃദുലതയും വ്യഞ്ജനാക്ഷരങ്ങളുടെ കാഠിന്യവും തേനും ഇരുമ്പുമായി മാറുന്നു. അമ്പത്തൊന്നു കമ്പികളോട് അക്ഷരങ്ങളെ ഉപമിക്കുമ്പോൾ ഏതു ഭാവത്തെയും ഏതനുഭവങ്ങളെയും ഏതു ഗ്രന്ഥത്തെയും വ്യാഖ്യാനിക്കാനുതകുന്ന അക്ഷരങ്ങളുടെ ധാരാളിത്തമാണ് പ്രതിബിംബിക്കുന്നത്.

"ഞാറ്റുവേലയിൽ നിന്ന് ഞാറ്റുവേലയിലേയ്ക്കു പോകുന്ന

കിളിപ്പാട്ടിന്റെ കുലുങ്ങുന്ന തൂക്കുപാലം" എന്ന വരികളിൽ കാലാവസ്ഥയും കൃഷിയും എഴുത്തച്ഛനും കിളിപ്പാട്ടും ഒരുമിക്കുന്നു. സൂര്യൻ തിരുവാതിര നക്ഷത്രത്തിൽ നിൽക്കുന്ന കാലമാണ് ഞാറുനടാൻ പറ്റിയ സമയമായി കണക്കാക്കുന്നത്. ഞാറ്റുവേലയും മഴക്കാലമാസങ്ങളും

തമ്മിലും ബന്ധമുണ്ട്. കർക്കിടകമാസത്തിലെ രാമായണപാരായണത്തിലൂടെ കേരളീയ ഐക്യത്തെ ഊട്ടിയുറപ്പിക്കുകയാണ് ഭക്തിയുടെ ശുക്കപാലത്തിലൂടെ എഴുത്തച്ഛൻ ചെയ്തത്. "കേരളീയ ജനങ്ങളെ ഐക്യപ്പെടുത്തുകയായിരുന്നു രാമായണവിവർത്തനത്തിലൂടെ എഴുത്തച്ഛൻ ചെയ്തതെ"ന്ന ഡോ. സുകുമാർ അഴീക്കോടിന്റെ വാക്കുകൾ ഇവിടെ ശ്രദ്ധേയമാണ്. സംസ്കൃതഭാഷയിൽ മലയാളിക്ക് അന്യമായിരുന്ന അദ്ധ്യാത്മരാമായണത്തെ ശുദ്ധമായ മണിപ്രവാളഭാഷയിലൂടെ മലയാളത്തിലേയ്ക്ക് കൈപിടിച്ചുനടത്തിയ എഴുത്തച്ഛൻ മലയാളഭാഷയുടെ സാദ്ധ്യതകളെ പൂർണ്ണമായി ഉൾക്കൊള്ളുകയായിരുന്നു. വിവിധദേശങ്ങളിൽ നിന്നും ഭാഷകളിൽ നിന്നും പദങ്ങൾ കൈക്കൊണ്ട് ഭാഷയെ നിലവാരപ്പെടുത്തുകയും ഒരേസമയം ലളിതവും ഗഹനവുമാക്കിത്തീർക്കുകയും ചെയ്തു. ഇതിഹാസങ്ങളെ ആവാഹിക്കാനുള്ള കഴിവ് മലയാളത്തിനുണ്ടെന്ന് അദ്ദേഹം തെളിയിച്ചുതന്നു. സ്വർഗ്ഗത്തിലേയ്ക്ക് ഗോപുരംപണിത് കയറാനൊരുങ്ങിയ ജനത്തെ ഭാഷകലക്കിക്കളഞ്ഞാണ് ദൈവം പിൻതിരിപ്പിച്ചതെന്ന ബൈബിൾഭാഗം ഇവിടെ സ്മരിക്കാം. കാക്കനാടന്റെ 'ബാബേൽ' എന്ന കഥയും ഇവിടെ അനുസ്മരിക്കാം. ഐക്യത്തെ ഊട്ടിയുറപ്പിക്കുന്നത് ഭാഷയാണ്.

"അറിവും ആടലോടകവും മണക്കുന്ന

പഴമൊഴികളുടെ നിറനിലാവ്" എന്ന വരികളിൽ അമ്മൂമ്മവൈദ്യവും അടുക്കളവൈദ്യവും നാടൻ മരുന്നുകളും ഒപ്പം അനുഭവങ്ങളിലൂടെ സ്വാംശീകരിച്ചെടുത്ത പഴമൊഴികളുടെ ആർജ്ജവവും നിറയുന്നു. പഴമൊഴികൾ ഭാഷയുടെ തനിമയെയും ശക്തിയെയും സംസ്കാരത്തെയും ധ്വന്യാത്മകമായി സൂചിപ്പിക്കുന്നു. ഭാഷയുടെ പഴമ നിശ്ചയിക്കുന്നത് പഴഞ്ചൊല്ലുകളും ശൈലികളും കടംകഥകളും കൂടി വിശകലനം ചെയ്താണ്.

"പാമ്പിൻ മാളങ്ങൾ നിറഞ്ഞ കടങ്കഥകളുടെ

നൂണുപോകേണ്ട മൈലാഞ്ചിവഴികൾ" എന്ന വരികളിൽ കടങ്കഥകളുടെ ഉത്തരങ്ങൾ തേടാനുള്ള പ്രതിബന്ധങ്ങൾ സൂചിപ്പിക്കുന്നു. പാമ്പിൻമാളങ്ങളും മുള്ളുകൾ നിറഞ്ഞ മൈലാഞ്ചിക്കൂട്ടങ്ങളും ഉത്തരങ്ങളിലേയ്ക്കുള്ള യാത്രയിലെ പ്രതിസന്ധികളാണ്. ഭാഷയുടെ വ്യംഗ്യപ്രധാനതയും ഒപ്പം പ്രകൃതിവൈവിദ്ധ്യവും സൂക്ഷ്മതയോടെ, കൂർമ്മബുദ്ധിയോടെ ഉൾക്കൊള്ളുന്നവനുമാത്രമേ നൂണുപോയി ഉത്തരം കണ്ടെത്താൻ സാധിക്കൂ. സർവ്വജീവജാലങ്ങളെയും കുറിച്ച് അവയുടെ സ്വഭാവസവിശേഷതകളെക്കുറിച്ച് അറിവ് പുലർത്തുമ്പോഴേ ഭാഷയുടെ വിശാലമായ സാദ്ധ്യതകൾക്കൊപ്പം പ്രകൃതിയുടെ വൈവിദ്ധ്യപൂർണ്ണമായ സ്വഭാവസങ്കീർണ്ണതകളിലേയ്ക്കും നമുക്ക് സഞ്ചരിക്കാനാവൂ.

"സന്ധ്യകളിൽ അഗ്നിവിശുദ്ധയായി കനകപ്രഭചൊരിഞ്ഞ എഴുത്തച്ഛന്റെ സീതാമാതാവ്" സീതായനവും രാമായണവും അനുഭവിപ്പിക്കുന്നു. രാമായണപാരായണം ഭക്തിക്കുമാത്രമല്ല അക്ഷരശുദ്ധിക്കും ആവശ്യമാണെന്ന് മലയാളിക്കറിയാം. അഗ്നിവിശുദ്ധ എന്ന വാക്ക് സീത അനുഭവിച്ച ദുഃഖഗാഥ മുഴുവൻ അനുഭവിപ്പിക്കാൻ പര്യാപ്തമാണ്. രാമായണപാരായണത്തിനായി സന്ധ്യാസമയത്ത് കൊളുത്തുന്ന നിലവിളക്കിന്റെ അഗ്നിവിശുദ്ധിക്കപ്പുറം സീതാദേവിയുടെ അഗ്നിപ്രവേശവും ചാരിത്രശുദ്ധിയും ഇവിടെ സമന്വയിക്കുന്നു. സീതാദുഃഖം പകർന്നുതരാനുള്ള ആർദ്രമായ ഭാഷയും മലയാളത്തിനു സ്വന്തമെന്ന് കവി ഇവിടെ അടിവരയിടുന്നു.

"പച്ചയും കിരീടവുമണിഞ്ഞ് അരമണിയും ചിലമ്പും കിലുക്കി

ഞങ്ങൾ നേടിയ വാടാത്ത കല്യാണസൗഗന്ധികം" എന്ന വരികൾ സാമൂഹ്യപരിഷ്കർത്താവും ഓട്ടൻതുള്ളലിന്റെ ഉപജ്ഞാതാവുമായ കുഞ്ചൻനമ്പ്യാരെ സൂചിപ്പിക്കുന്നു. "ഒരുത്തനും ലഘുത്വത്തെ വരുത്താനും മോഹമില്ല, ഒരുത്തനും ഹിതമായി പറവാനും ഭാവമില്ല" എന്ന് പ്രസ്താവിച്ചുകൊണ്ട് ചടുലമായ ഭാഷയിൽ സാമൂഹ്യവിമർശനം നടത്താൻ കഴിഞ്ഞത് മാതൃഭാഷയിലൂടെയാണെന്നത് ഭാഷയുടെ വിമർ ശനപ്രധാനതയെ സൂചിപ്പിക്കുന്നു. ദ്രൗപദിയുടെ ആഗ്രഹങ്ങളെയും ഭീമന്റെ യാത്രകളെയും ഹനുമാന്റെ നിസ്സംഗതയെയും

കല്യാണസൗഗന്ധികം ഓർമ്മിപ്പിക്കുന്നു. ഒപ്പം ചാക്യാരുടെ പരിഹാസവും നമ്പ്യാരുടെ ആർജ്ജവവും മനസ്സിലെത്തുന്നു. കേരളത്തെ കലാകേരളമാക്കി മാറ്റിയതിൽ 'വാടാത്ത കല്യാണസൗഗന്ധിക'ത്തിനും തുള്ളൽവേഷങ്ങൾക്കും സ്ഥാനമുണ്ടെന്നും ഇവിടെ വ്യാഖ്യാനിക്കാം.

"ഉത്സവപ്പിറ്റേന്നത്തെ പുലരിമയക്കത്തിൽ

ചേങ്കിലമുഴക്കത്തോടൊപ്പം കാതുകളിൽ പൂത്തുനിന്ന

സാമ്യമകന്നോരുദ്യാനം" കേരളത്തിലെ ഉത്സവങ്ങളെയും അതിനോടനുബന്ധിച്ച് പുലരും വരെ നടത്തിയിരുന്ന കഥകളിയരങ്ങുകളെയും സൂചിപ്പിക്കുന്നു. നളചരിതത്തിലെ ഉദ്യാനവർണ്ണനകളും ഹംസത്തിന്റെ രംഗപ്രവേശവും ദമയന്തിയും തോഴിമാരും ചേർന്നു പകർന്നുതരുന്ന ദൃശ്യശ്രവ്യാനുഭവങ്ങളും നേരം പുലർന്നുകഴിഞ്ഞിട്ടും കാതുകളിൽ പ്രതിധ്വനിച്ചുനിൽക്കുന്നത് ഇവിടെ വ്യക്തമാകുന്നു. പൂത്തുനിൽക്കുന്ന ഉദ്യാനമെന്ന കല്പന കഥകളി വേഷങ്ങളുടെ വർണ്ണവൈവിദ്ധ്യവും തനിമയും കൈരളിക്കുമാത്രം സ്വന്തമായ കഥകളിസംസ്കാരത്തിന്റെ പെരുമയെയും സൂചിപ്പിക്കുന്നു. നമ്മുടെ മലയാളം സംസ്കാരത്തിന്റെ പ്രതീകമായി പരിണമിക്കുന്നു.

"ക്ഷീരസാഗരശയനന്റെ നാഭിയിൽ മുളയെടുത്ത

സ്വാതിയുടെ സംഗീതസരോരുഹം" എന്ന വരികളിൽ സാക്ഷാൽ അനന്തപദ്മനാഭനും സ്വാതിതിരുനാളും സംഗീതവും അലയടിക്കുന്നു. സ്വാതിയുടെ സംഗീതസദസ്സിലെ ഇരയിമ്മൻതമ്പിയും ഷഡ്കാലഗോവിന്ദമാരാരും മുത്തുസ്വാമി ദീക്ഷിതരും ത്യാഗരാജനും വടിവേലുവും പൊന്നയ്യയും ചിന്നയ്യയും ശിവാനന്ദനും തുടങ്ങി നിരവധി അമാനുഷികരെയും നമുക്ക് സ്മരിക്കാം. സംഗീതത്തിന്റെ മാസ്മരികത ഇതര ഭാഷകളുടെ സമന്വയത്തിലൂടെ നമ്മുടെ ഭാഷയെയും സംഗീതത്തെയും സമ്പന്നമാക്കുന്നതാണെന്ന് സ്വാതിയുടെ സംഗീത സരോരുഹം ഓർമ്മിപ്പിക്കുന്നു.

"ആലിൻചോട്ടിലെ എണ്ണമറ്റമേളത്തിരകളിൽ

ആലിലയിൽ പൊന്തിക്കിടന്ന ചൈതന്യം" എന്ന വരികൾ ഉത്സവമേളങ്ങളും ക്ഷേത്രപരിസരങ്ങളും ആലിലകൃഷ്ണനും ഓർമ്മയിലെത്തിക്കുന്നു. ക്ഷേത്രങ്ങളും ഉത്സവങ്ങളുമില്ലാത്ത കേരളീയപ്രകൃതി നമുക്ക് അചിന്തനീയമാണല്ലോ.

"സോളമന്റെ താഴ്വരയിലെ ഹംസശുഭ്രയായ ലില്ലി

മോശയ്ക്കൊപ്പം പ്രവചിച്ചവൾ

ദാവീദിനോടൊത്ത്

കാളക്കുറ്റന്മാരുടെ കൊമ്പിൽ നിന്നു കരഞ്ഞവൾ

മലയാളം" എന്ന വരികൾ ബൈബിൾ കഥാപാത്രങ്ങളേയും സംഭവങ്ങളേയും സൂചിപ്പിക്കുന്നതിനൊപ്പം ബൈബിൾ വിവർത്തനത്തിനനുയോജ്യമായ ഭാഷയാണ് മലയാളമെന്ന് കണ്ടെത്തുകയും ചെയ്യുന്നു.

സോളമന്റെ ഉത്തമഗീതവും ദാവീദിന്റെ സങ്കീർത്തനവും മോശയുടെ ന്യായപ്രമാണവും ബൈബിളിലെ മൂന്നു പാഠങ്ങളാണ്. സോളമന്റെ താഴ്വരയിലെ ഹംസശുഭ്രയായ ലില്ലി സോളമന്റെ ഉത്തമഗീതത്തെ സൂചിപ്പിക്കുന്നു. പഴയനിയമത്തിലെ ഉത്തമഗീതം ബൈബിളിലെ ഏറ്റവും കാവ്യാത്മകവും കാല്പനികവിശുദ്ധിനിറഞ്ഞതുമായ ഭാഗമാണ്. 'Song of Song' എന്ന പേരിൽ ശ്രീ അയ്യപ്പപ്പണിക്കർ ഉത്തമഗീതം വിവർത്തനംചെയ്തിട്ടുണ്ട്. ഉത്തമഗീതത്തിലെ കാല്പനികസുന്ദരമായ വരികൾ ദൈവവും അനുയായികളും തമ്മിലുള്ള ബന്ധത്തെയാണ് പ്രതിനിധാനം ചെയ്യുന്നതെന്ന് വ്യാഖ്യാനങ്ങൾ പറയുന്നു. ഉത്തമഗീതത്തിലെ ലില്ലിപ്പൂഷ്പത്തെപ്പോലെ സുന്ദരമായ ഭാഷയെപ്പോലും കാവ്യഭംഗി ചോർന്നുപോകാതെ വിവർത്തനം ചെയ്യാനുള്ള പദസംഘാതം മലയാളത്തിനുണ്ട് എന്നാണിവിടെ വിവക്ഷ.

"മോശയ്ക്കൊപ്പം പ്രവചിച്ചവൾ" എന്ന വരികൾ ദൈവവും മോശയും തമ്മിൽ സംസാരിച്ച വചനങ്ങളെ ജനങ്ങളിലേയ്ക്കെത്തിക്കാൻ കഴിഞ്ഞ ഭാഷയുടെ ഗഹനതയെ സൂചിപ്പിക്കുന്നു. പത്ത് കല്പനകളടങ്ങിയ ന്യായപ്രമാണം മോശയ്ക്കാണ് ദൈവം അരുൾചെയ്തത്. മോശയും ദൈവവും തമ്മിലുണ്ടായ അരുളപ്പാടിന്റെ ഭാഷയും മലയാളത്തിനുൾക്കൊള്ളാൻ കഴിഞ്ഞുവെന്ന് വ്യംഗ്യം.

ദാവീദിന്റെ സങ്കീർത്തനത്തിലെ സ്തുതിഗീതങ്ങളുടെ ഭാഷയും വിവർത്തനത്തിലൂടെ നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായിമാറി. സുന്ദരവും പ്രധാനവുമായ ബൈബിൾഭാഗങ്ങൾ അർത്ഥവും ഭാവവും ചോർന്നുപോകാതെ വിവർത്തനം ചെയ്യാനുള്ള പദസമ്പത്ത് മലയാളഭാഷയിലുണ്ട് എന്ന് ബൈബിൾ വിവർത്തനം തെളിയിക്കുന്നു.

"ഏതൊരുവേദവുമേതൊരുശാസ്ത്രവു-

മേതൊരുകാവ്യവുമേതൊരാൾക്കും

ഹൃത്തിൽ പതിയേണമെങ്കിൽ സ്വഭാഷതൻ

വക് ത്രത്തിൽ നിന്നുതാൻ കേൾക്കവേണം."

(എന്റെ ഭാഷ – വള്ളത്തോൾ)

എന്ന വരികളും ഇവിടെ സ്മരിക്കാം. ക്രിസ്തുമതത്തെ ലോകവ്യാപകമാക്കിമാറ്റാൻ മലയാളം വഹിച്ച പങ്ക് നിസ്തുലമാണ്.

മിഷണറിമലയാളത്തിലൂടെ അച്ചടിയിലൂടെ നമ്മുടെ ഭാഷ കടൽകടന്നതും ഇവിടെ ഓർക്കാം. നീതിപ്പൊരുളും ഉപനിഷത്തും സ്വകീയരെ പാടികേൾപ്പിച്ച കൈരളി ബൈബിൾ വചനങ്ങളും അരുളപ്പാടുകളും സങ്കീർത്തനങ്ങളും മലയാളത്തിലൂടെ അവതരിപ്പിച്ചു.

"പുറപ്പെട്ടവൾ, ക്രൂശിക്കപ്പെട്ടവൾ, ഉയർത്തെഴുന്നേറ്റവൾ മലയാളം" എന്ന വരികൾ ഭാഷയെ ക്രിസ്തുവിന്റെ പീഡാനുഭവങ്ങളോട് ബന്ധപ്പെടുത്തുന്നു. സഹനത്തിന്റെയും അതിജീവനത്തിന്റെയും പ്രതീകമായി ഭാഷ മാറുന്നു. ആര്യാധിനിവേശത്തിന്റെ ഭാഗമായി ഭാഷയിലുണ്ടായ കടന്നുകയറ്റവും സംസ്കൃതത്തിന്റെയും തമിഴിന്റെയും അതിപ്രസരത്തിൽ നിന്നും ഭാഷയ്ക്കുണ്ടായ ഉയിർത്തെഴുന്നേൽപ്പും ഇവിടെ ചേർത്തുവായിക്കാം. ബൈബിൾ ഭാഷയുടെ ലാവണ്യവിശുദ്ധിയും ഒപ്പം ബൈബിൾ സംസ്കാരവും ഉൾക്കൊള്ളാൻ കഴിഞ്ഞുവെന്നത് ഭാഷയുടെയും സംസ്കാരത്തിന്റെയും സമന്വയത്തെ സൂചിപ്പിക്കുന്നു.

പിന്നീടുവരുന്ന ഖണ്ഡത്തിൽ ചെറുശ്ശേരിയും പൂന്താനവും വള്ളത്തോളും പിയും ജിയും ഇടപ്പള്ളിക്കവികളും വൈലോപ്പിള്ളിയും ഇടശ്ശേരിയുമൊക്കെ കടന്നുവരുന്നുണ്ട്.

"എവിടെയായിരുന്നു നിന്റെ പിറവി?

ആദിമനുഷ്യന്റെ ആംഗ്യങ്ങളിലും വരകളിലും നിന്ന്

ആദ്യത്തെ ഭാഷയോടൊപ്പം

നീയും വനാന്തരങ്ങളിലുദിച്ചുയർന്നുവോ?” എന്ന് ഭാഷയുടെ ഉദ്ഭവത്തെക്കുറിച്ച് കവി തുടരുന്നുണ്ട്.

"പേരാറും പെരിയാറും നിന്റെ ശബ്ദങ്ങളെ

ഊട്ടിയുരുട്ടിയെടുത്തുവോ?

ഏലത്തിന്റെയും ഇലവർഗത്തിന്റെയും സുഗന്ധം സഹിക്കാനാകാതെ

കടൽ കടന്നെത്തിയ ഓരോ വിദേശിയും

സുഗന്ധികൾക്കുപകരം നിന്റെ ഖജനാവിൽ

വാക്കുകളുടെ തങ്കനാണയങ്ങൾ നിക്ഷേപിച്ചുവോ?

വട്ടെഴുത്തിന്റെ താഴികക്കുടങ്ങളിലും

കോലെഴുത്തിന്റെ കനകഗോപുരങ്ങളിലും

സൂര്യനെപ്പോലെ നീ വെട്ടിത്തിളങ്ങിയോ?

ഗെയ്ഥേയുടെ നാട്ടിൽ നിന്നെത്തിയ ഒരു പാതിരിക്ക്

നിന്റെ തപസ്സിളക്കുന്ന സൗന്ദര്യം

ഉറക്കമില്ലാത്ത രാത്രികൾ നൽകിയോ?”

എന്നിങ്ങനെ ഭാഷയുടെ ചരിത്രവും ദേശത്തിന്റെ ചരിത്രവും കവിതയിൽ സമന്വയിക്കുന്നതുകാണാം. ഓരോ യാത്രയിലും തന്റെ പ്രതിച്ഛായയായും അപരചേതനയായും മലയാളമുണ്ടായിരുന്നുവെന്ന് വിശ്വസിക്കുന്ന സച്ചിദാനന്ദൻ തന്റെ സ്വത്വനിർമ്മിതിയായി ഭാഷയെ കണ്ടെത്തുന്നു.

കവിതയുടെ അവസാനഖണ്ഡത്തിൽ

"നീയാണെന്റെ ആകാശം; എന്റെ കാഴ്ചയുടെ ചക്രവാളം

നീയാണെന്റെ ജലം; എന്റെ രുചിയുടെ ധ്രുവസീമ

എന്റെ ഭൂമി, എന്റെ സ്പർശത്തിന്റെ മഹാമൂർച്ഛ

എന്റെ വായു, എന്റെ ഘ്രാണത്തിന്റെ ചുറ്റളവ്

നീയാണെന്റെ അഗ്നി, എന്റെ കേൾവിയുടെ തരംഗദൈർഘ്യം

ഒടുവിൽ ഞാനഴിഞ്ഞുതീരുമ്പോൾ

എന്റെ പഞ്ചഭൂതങ്ങളും നിന്നിലേയ്ക്കു തിരിച്ചുവരുന്നു

എന്റെ വീട് എന്റെ അഭയം, അവസാനത്തെ താവളം

എന്റെ സാദ്ധ്യതയുടെ അറ്റം, എന്റെ വാഗത്തഭൂമി

എന്നും ജീവിച്ചിരിക്കുന്ന അമ്മ

മരണാനന്തര ജീവിതം

ജീവിതം"

എന്നിങ്ങനെ ഭാഷയിലേയ്ക്ക് ലയിക്കുന്ന കവിയുടെ ജീവിതം ചിത്രീകരിക്കുന്നുണ്ട്. ഇവിടെ അമ്മയും ഭാഷയും ഭൂമിയും ഒന്നുതന്നെയെന്ന വീക്ഷണം ഊട്ടിയുറപ്പിക്കുകയാണ്.

മലയാളമെന്നാൽ മലയാളനാടെന്നും അർത്ഥം. ഭാഷയും ദേശവും തമ്മിലുള്ള ഐക്യം ഭാഷയും സംസ്കാരവും തമ്മിലുള്ള ഇഴയടുപ്പമാണ്. മലയാളം കേവലം ഭാഷയെന്നതിലുപരി സ്വത്വനിർമ്മിതിയും സാംസ്കാരികത്തനിമയും പ്രകൃതിബോധവും ഉൾച്ചേർന്ന മഹാമാനുഷികതയാണെന്ന തിരിച്ചറിവിലേയ്ക്കാണ് സച്ചിദാനന്ദൻ നമ്മെ നയിക്കുന്നത്.

Azeez . said...

നല്ല അസ്സലായിരിക്കുന്നു.ഒരു കവിതയ്ക്ക് ഇത്രമാത്രം വ്യാഖ്യാനസാദ്ധ്യതകളുണ്ടായിരുന്നുവോ!
തിരുമേനിയുടെ ചോദ്യത്തിന് മറുപടിയായി ഒരു വിശകലനക്കുറിപ്പ് വരുന്നുവെന്ന്

ചേനപ്പാടിക്കെഴുതിയ കമൻറിൽ നിന്നും മനസ്സിലായിരുന്നു. പക്ഷേ ഇത്ര ഗംഭീരമായിരിക്കുമെന്നോർത്തില്ല.ഇത് വിശകലനം മാത്രമല്ല,ഒട്ടനവധി മറ്റു കവിതാസൂചനകളിലൂടെ നല്ലൊരു റെഫറൻസ് കൂടിയാണ്.ടിപിയുടെ അമ്പത്തൊന്നു വെട്ടുവരെ കവിതയായി സൂചിപ്പിച്ചു.വളരെ വളരെ നല്ല പഠനം.

നമ്മുടെ പൊന്നു മലയാളത്തിനെ ഒന്നു നന്നായി പ്രണയിക്കുവാൻ കൊതി തോന്നിപ്പോകുന്നു. ഒരു കുഞ്ഞായി അമ്മയുടെ വയറ്റിലേക്കൊന്നുകൂടി കയറുവാൻ കൊതി.മാതൃഭാഷ നഷ്ടപ്പെട്ട എൻ റുണ്ണികളൊക്കെ പാഴ്വസ്തുവായി എവിടെയൊക്കെയോ അലഞ്ഞുതിരിയുന്നു.

വെളുത്തുള്ളിയുമുലുവയുമൊക്കെ പൊള്ളലായും കശപ്പായും ഞാനും അനുഭവിക്കുന്നു.സകല ഇലകളും പറിച്ചിട്ട് ചെമ്പുകലത്തിൽ നാൽപത് വേത് തിളക്കുന്നതും ഞാൻ കാണുന്നു.

നല്ല കവിത.മലയാളത്തിൻറെ അസ്സൽ മണം.

കേരളത്തിലെ നിത്യജീവിതവുമായി മലയാളത്തെ എല്ലാ തരത്തിലും ഈ കവിതയിൽ ചേർത്തുപറഞ്ഞിട്ടുണ്ട്.കേരളത്തിലെ ഉൽസവങ്ങൾ,രാമായണ പാരായണം, തുള്ളൽ കഥകൾ അങ്ങിനെ എത്രയോ സൂചനകൾ ഇതിലുണ്ട്.മോശയുടെ പ്രവചനങ്ങൾ അതേരൂപത്തിൽ മലയാളിക്കു മലയാളത്തിലൂടെ കിട്ടിയെന്ന് സൂചനയുണ്ട്.ദാവീദിൻറെ സങ്കീർത്തനം കിട്ടി.ക്രൂശിക്കപ്പെട്ടവൾ, പുറപ്പെട്ടവൾ തുടങ്ങിയ ഒട്ടനവധി സൂചനകൾ കണ്ടു.മിഷനറിമാരിലൂടെ മലയാളം പോഷിക്കപ്പെട്ടതുമൊക്കെ മനസ്സിലായി.

ഇനി ഒരു വർഗ്ഗീയതയെഴുതട്ടെ . എന്തേ ഞമ്മക്കൊന്നും തന്നില്ലല്ലോ.ഞമ്മട സംഭാവന മലയാളത്തിനൊന്നുമില്ലേ. ഇനിയെങ്കിലും മലയാളം പഠിക്കുവെന്ന് ഞമ്മളോട് ഈ കവിതയിൽ ഒരു സൂചനയുണ്ടോ.

ചിലതെങ്കിലും ഉണ്ടല്ലോ. അറേബ്യയിൽ നടന്ന എത്രയോ കിസ്സകൾ, ബദർ പാട്ടുകൾ,നഫീസത്തുമാല, രിഫായിമാലകൾ, എത്രയോമാപ്പിളപ്പാട്ടുകൾ, മലയാളംപേർഷ്യൻ ഗസലുകൾ, മയിലാഞ്ചിപ്പാട്ടുകൾ,ഒപ്പനപ്പാട്ടുകൾ,സ്വന്തമായ ഒരു ഭാഷയെന്ന അറബിമലയാളം, അക്ഷരമാലകൾ, മലയാളഭാഷയിലുള്ള നൂറുനൂറ് അറബി പ്രയോഗങ്ങൾ....

ക്ഷിതത്ത്വത്തിൽ നിന്ന് അരക്ഷിതത്ത്വത്തിലേയ്ക്ക് കുഞ്ഞ് എത്തിച്ചേരുകയാണ്. വെളിച്ചത്തിന്റെ അപ്പൂപ്പൻതാടികൾ എന്ന പ്രയോഗം അപ്പൂപ്പൻതാടിയുടെ കനമില്ലായ്മയും ഭംഗിയും കുഞ്ഞിന്റെ നിഷ്കളങ്കതയും ഒരുപോലെ സൂചിപ്പിക്കുന്നു. മാമ്പൂമണത്തിൽ

സ്നാനപ്പെടുത്തുക എന്ന പ്രയോഗം അമ്മയുടെ സ്നേഹത്തെ പ്രതിനിധീകരിക്കുന്നു. പ്രസവശേഷം വേതിട്ടുകുളിക്കുക എന്നത് ദിവസങ്ങളോളം നീണ്ടുനിൽക്കുന്ന രക്ഷയാണ്. നാല്പാമരത്തോടൊപ്പം (അത്തി, ഇത്തി, പേരാൽ,അരയാൽ ഇവയുടെ തൊലി) മാവ്, പ്ലാവ് തുടങ്ങി നിരവധി വൃക്ഷങ്ങളുടെ ഇലകളും വേതിട്ടുകുളിക്ക് ഉപയോഗിക്കുന്നുണ്ട്. ഏറ്റവുമാദ്യം കുഞ്ഞ് തിരിച്ചറിയുന്നത് അമ്മയുടെ ഗന്ധമാണ്. ഉലുവയുടെയും വെളുത്തുള്ളിയുടെയും തീക്ഷ്ണഗന്ധത്തോടൊപ്പം മാമ്പൂമണമായും കുഞ്ഞ് അമ്മയെ അറിഞ്ഞുതുടങ്ങുന്നു. മാമ്പൂമണം മലയാളിക്ക് സ്നേഹസാന്നിദ്ധ്യംതന്നെയാണ്. മാമ്പഴവും മാതൃത്വവും അതു നമ്മെ അനുഭവിപ്പിക്കാതിരിക്കില്ല. അതുകൊണ്ടുതന്നെ മാമ്പൂമണം എന്നത് അമ്മയുടെ സ്നേഹസാമിപ്യമായി ഭാഷയുടെ സ്നേഹസാന്നിദ്ധ്യമായി വ്യാഖ്യാനിക്കാം.

"പൊന്നും വയമ്പും കൊണ്ട് എന്റെ നാവിൻതുമ്പിൽ

ഖനികളുടെ ആഴവും വനങ്ങളുടെ സാന്ദ്രതയും പകർന്നവൾ"

എന്ന വരികളിൽ ആദ്യമായി കുഞ്ഞിന്റെ നാവിൻ തൊടുന്ന രുചികളാണ് സൂചിതം. സ്വർണ്ണം ഉരച്ചുകൊടുക്കുന്നതിലൂടെ ഖനികളുടെ ആഴവും വയമ്പുനൽകുന്നതിലൂടെ വനങ്ങളുടെ സാന്ദ്രതയുമാണ് പകരുന്നത്. പ്രകൃതിയുമായി ഇണങ്ങി ജീവിക്കേണ്ടതിന്റെ, ജീവിച്ചിരുന്നതിന്റെ അടയാളങ്ങളായി ഇതിനെക്കാണാം. വയമ്പ് ഔഷധമാണെന്നതും

ശ്രദ്ധേയമാണ്. വാക്കുകളിൽ, ഹൃദയത്തിൽ ഖനികളുടെ ആഴവും പ്രവൃത്തിയിൽ പ്രകൃതിയുടെ സ്നേഹവും കനിവും ആർദ്രതയും നിലനിർത്താൻ പ്രേരിപ്പിക്കുന്നതാവണം മാതൃഭാഷ എന്ന് കവി ധ്വനിപ്പിക്കുന്നു. മാതൃഭാഷ അമ്മയുടെ സ്നേഹമായി ഹൃദയത്തിൽ ആവാഹിക്കുന്ന ശിശു സ്വാഭാവികമായി പ്രകൃതിയോടിണങ്ങി വേരുകളാഴ്ത്തി പടർന്നുപന്തലിക്കുമെന്ന് ഈ വരികളിലൂടെ വായിച്ചെടുക്കാം.

"ഇരയിമ്മന്റെ താരാട്ടും ഉണ്ണായിയുടെ പദങ്ങളും കൊണ്ട്

എന്നെ സ്വപ്നങ്ങളിലേയ്ക്കുറക്കിക്കിടത്തിയവൾ" എന്ന വരികളിൽ എല്ലാ അമ്മമാരും ഏറ്റുപാടുന്ന "ഓമനത്തിങ്കൾ കിടാവോ..." എന്ന താരാട്ടും ഉണ്ണായിവാര്യരുടെ കഥകളിപ്പദങ്ങളും നിറയുന്നു. കഥകളിയും സംഗീതവും തിരുവാതിരയും നിറഞ്ഞുനിന്നിരുന്ന നമ്മുടെ സംസ്കാരം സ്ത്രീകളെ ഏറെ സ്വാധീനിച്ചിരുന്നു. അമ്മ കുഞ്ഞിനെ ഉറക്കുന്നത് നിശബ്ദതകൊണ്ടല്ല, സംഗീതവും ചലനവും കൊണ്ടാണ്. അമ്മയുടെ സ്വരത്തിലെ താളവിന്യാസമാണ് കുഞ്ഞിനെ സുഖസുഷുപ്തിയിലേയ്ക്കു നയിക്കുന്നത്. അമ്മയുടെ ശബ്ദം, ഗന്ധം, സ്നേഹം, തലോടൽ എന്നിവയിലൂടെ കുഞ്ഞ് സ്വപ്നങ്ങളിലേയ്ക്ക് ഉണരുകയാണ്. അമ്മ ഭാഷയുടെ പ്രതീകമായി മാറുന്നു. വികാരങ്ങൾ പ്രകടിപ്പിക്കുന്നതും സ്വപ്നം കാണുന്നതും മാതൃഭാഷയിലൂടെയാണെന്നതിവിടെ സ്മരിക്കാം.

സ്വപ്നങ്ങളിൽ നിന്ന് ഉണരുന്ന കുഞ്ഞ് ശൈശവാവസ്ഥയിൽ നിന്ന് ബാല്യത്തിലേയ്ക്കു പ്രവേശിക്കുന്നു. ആദ്യമായി എഴുത്തിനിരുത്തുന്ന ചടങ്ങിലേയ്ക്ക് ബാല്യം എത്തിച്ചേരുന്നു.

"വിരൽത്തുമ്പിൽപ്പിടിച്ച് മണലിന്റെ വെള്ളിക്കൊമ്പിൽ

ഹരിശ്രീയുടെ രാജമല്ലികൾ വിടർത്തിയവൾ"

എന്ന പ്രയോഗത്തിൽ മണലിനെ വെള്ളിക്കൊമ്പായും അക്ഷരത്തെ പുഷ്പങ്ങളായും ചിത്രീകരിക്കുന്നു. ഗ്രാമീണ സൗന്ദര്യത്തിന്റെ പ്രതീകമാണ് പൂത്തുനിൽക്കുന്ന രാജമല്ലികൾ. പൂവിടരുന്നതുപോലെ അക്ഷരം - വാക്ക് - അറിവ് ചുറ്റുപാടുകളിൽനിന്നും സ്വാഭാവികമായി ആർജ്ജിച്ചെടുക്കുകയാണ് ബാല്യത്തിൽ. അക്ഷരം ജ്ഞാനമാണ്. പുതിയ സമൂഹത്തിൽ അറിവ് അധികാരവുമാണ്. ജ്ഞാനപുഷ്പത്തെ വിരിയിച്ചവളാണ് മാതൃഭാഷ. വിരൽത്തുമ്പിലെ അക്ഷരങ്ങൾ സംവേദനക്ഷമമായ അനുഭവങ്ങളായി മാറുന്നു.

"അച്ഛനോടും സൂര്യനോടുമൊപ്പം കിഴക്കുദിച്ച്

വ്യാകരണവും കവിതയും കാട്ടി

എന്നെ ഭയപ്പെടുത്തി പ്രലോഭിപ്പിച്ചവൾ" എന്ന വരികളിൽ ഭാഷയും അച്ഛനും അമ്മയും തമ്മിലുള്ള ബന്ധംതന്നെയാണ് സൂചിപ്പിക്കുന്നത്. വ്യാകരണവും കവിതയും ഭാഷയിൽ ഇഴചേർന്നു നിൽ

ക്കുന്നു. കവിത നമ്മുടെ ഹൃദയത്തോട് (affective domain) സംവദിക്കുമ്പോൾ വ്യാകരണം നമ്മുടെ ബുദ്ധിയോട് (intellectual domain) സംവദിക്കുന്നു. അച്ഛന്റെ സ്നേഹം കാർക്കശ്യം നിറഞ്ഞതാണ്. കവിതയിലെ വ്യാകരണം പോലെ അതു നിലനിൽക്കുന്നു. വ്യാകരണശുദ്ധിയില്ലാത്ത കവിത അർത്ഥസമ്പുഷ്ടമാവുകയില്ല. കാർക്കശ്യം നിറഞ്ഞ അച്ഛന്റെ സ്നേഹത്തെക്കുറിച്ച് ഓർമ്മിപ്പിച്ചുകൊണ്ടാണ് അമ്മ കുഞ്ഞിനെ വളർത്തുന്നത്.

"നിങ്ങടെ അച്ഛനിങ്ങുവരട്ടെ, നല്ല തല്ലുവച്ചുതരും

നല്ല തല്ലുപോലും കൊള്ളാതെ തളർന്നുറങ്ങുന്ന കുട്ടികൾ" എന്ന് 'ശാന്ത' എന്ന കവിതയിൽ കടമ്മനിട്ട വരച്ചിട്ടുണ്ട്. അമ്മയുടെ സ്നേഹത്തിൽ മൃദുലതയും ആർദ്രതയും നിറയുമ്പോൾ അച്ഛന്റെ സ്നേഹത്തിൽ കാർക്കശ്യം കൂടി അനുഭവപ്പെടാറുണ്ട്. സ്നേഹവാത്സല്യങ്ങളുടെയും സുരക്ഷിതത്ത്വത്തിന്റെയും ഭാഷയാണ് മാതൃഭാഷ എന്നിവിടെ വ്യാഖ്യാനിക്കാം.

"എന്റെ സ്ലെയ്റ്റിൽ വിടർന്ന വടിവുറ്റ മഴവില്ല്

എന്റെ പുസ്തകത്താളിൽ പെറ്റുപെരുകിയ മയിൽപ്പീലി"

എന്ന വരികൾ വടിവൊത്ത അക്ഷരങ്ങളെയും വരകളെയും വർണ്ണങ്ങളെയും പ്രതിഫലിപ്പിക്കുന്നു. പുസ്തകത്താളിൽ പെറ്റുപെരുകിയ

മയിൽപ്പീലി ബാല്യസങ്കല്പങ്ങളെയും സൗഹൃദത്തിന്റെ കൈമാറ്റങ്ങളേയും സൂചിപ്പിക്കുന്നു. മധുരച്ചവർപ്പുറ്റ ഇലഞ്ഞിപ്പഴം സ്കൂളിലേയ്ക്കുള്ള യാത്രകളെ സൂചിപ്പിക്കുന്നു. ഏതു ചവർപ്പിനെയും മധുരമാക്കുന്ന രസതന്ത്രം ബാല്യത്തിന്റെ സവിശേഷതയാണ്. നാടൻ രുചികളും കാഴ്ചകളും ഗന്ധങ്ങളും അനുഭവിച്ച് സ്കൂളിലേയ്ക്കുപോയിരുന്ന ഗ്രാമീണബാല്യചിത്രങ്ങൾ ഈ പ്രതീകങ്ങൾ വായനക്കാരിലെത്തിക്കും. ഒ.എൻ.വി.യുടെ 'മോഹ'മെന്ന കവിതയും, നെല്ലിക്കയുടെ കയ്പും, പുളിപ്പും, മധുരവും നളിനിയുടെയും ദിവാകരന്റെയും, മജീദിന്റെയും സുഹറയുടെയും യാത്രകളും, ബാല്യകുതൂഹലങ്ങളും കുരീപ്പുഴയുടെ വിദ്യാലയാനുഭവങ്ങളുമൊക്കെ നമ്മുടെ മനസ്സിലേയ്ക്കെത്തിക്കാൻ ഈ കല്പനകൾക്കാവുന്നുണ്ട്.

'നിരന്തരഖരഹരപ്രിയ' എന്ന വാക്ക് സംഗീതം പോലെ താനനുഭവിച്ച യാത്രകളെ പ്രതിനിധാനം ചെയ്യുന്നു. ഒരു ഗ്രാമമാണ് പണ്ട് ഓരോ കുട്ടിയെയും വളർത്തിയത്. പരസ്പരം കുശലം ചോദിച്ച് നടന്നു നീങ്ങുന്ന ഗ്രാമീണരുടെ സംസാരവൈവിദ്ധ്യങ്ങളും പ്രയോഗ സവിശേഷതകളും ശൈലികളും കുട്ടിയിലേയ്ക്ക് അവനറിയാതെ സ്വാംശീകരിക്കുകയായിരുന്നു. ദേശഭാഷയുടെ തനിമ സ്വാഭാവികതയോടെ നിറയുകയായിരുന്നു. സാധാരണക്കാരന്റെ

ഭാഷയെക്കുറിച്ച് 'ഗാന്ധിയും കവിതയും' എന്ന കവിതയിലും സച്ചിദാനന്ദൻ സൂചിപ്പിക്കുന്നുണ്ട്.

'അമ്പത്തൊന്നു കമ്പികളുള്ള വീണ' എന്ന പ്രയോഗം അക്ഷരമാലയെ കുറിക്കുന്നതാണല്ലോ. സ്വരാക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴുള്ള മൃദുലതയും വ്യഞ്ജനാക്ഷരങ്ങളുടെ കാഠിന്യവും തേനും ഇരുമ്പുമായി മാറുന്നു. (അക്ഷരമാലയുടെ എണ്ണത്തോട് 51 വെട്ടുകളേറ്റ ടി. പി. ചന്ദ്രശേഖരന്റെ ശരീരത്തെ ഉപമിച്ച കെ. ജി. ശങ്കരപ്പിള്ളയുടെ 'വെട്ടുവഴികൾ' എന്ന കവിത അദ്ധ്യാപകർക്കു സ്മരിക്കാം.) അമ്പത്തൊന്നു കമ്പികളോട് അക്ഷരങ്ങളെ ഉപമിക്കുമ്പോൾ ഏതു ഭാവത്തെയും ഏതനുഭവങ്ങളെയും ഏതു ഗ്രന്ഥത്തെയും വ്യാഖ്യാനിക്കാനുതകുന്ന അക്ഷരങ്ങളുടെ ധാരാളിത്തമാണ് പ്രതിബിംബിക്കുന്നത്.

"ഞാറ്റുവേലയിൽ നിന്ന് ഞാറ്റുവേലയിലേയ്ക്കു പോകുന്ന

കിളിപ്പാട്ടിന്റെ കുലുങ്ങുന്ന തൂക്കുപാലം" എന്ന വരികളിൽ കാലാവസ്ഥയും കൃഷിയും എഴുത്തച്ഛനും കിളിപ്പാട്ടും ഒരുമിക്കുന്നു. സൂര്യൻ തിരുവാതിര നക്ഷത്രത്തിൽ നിൽക്കുന്ന കാലമാണ് ഞാറുനടാൻ പറ്റിയ സമയമായി കണക്കാക്കുന്നത്. ഞാറ്റുവേലയും മഴക്കാലമാസങ്ങളും തമ്മിലും ബന്ധമുണ്ട്. കർക്കിടകമാസത്തിലെ രാമായണപാരായണത്തിലൂടെ കേരളീയ ഐക്യത്തെ ഊട്ടിയുറപ്പിക്കുകയാണ് ഭക്തിയുടെ തൂക്കുപാലത്തിലൂടെ എഴുത്തച്ഛൻ

ചെയ്തത്. "കേരളീയ ജനങ്ങളെ ഐക്യപ്പെടുത്തുകയായിരുന്നു രാമായണവിവർത്തനത്തിലൂടെ എഴുത്തച്ഛൻ ചെയ്തതെ"ന്ന ഡോ. സുകുമാർ അഴീക്കോടിന്റെ വാക്കുകൾ ഇവിടെ ശ്രദ്ധേയമാണ്. സംസ്കൃതഭാഷയിൽ മലയാളിക്ക് അന്യമായിരുന്ന അദ്ധ്യാത്മരാമായണത്തെ ശുദ്ധമായ മണിപ്രവാളഭാഷയിലൂടെ മലയാളത്തിലേയ്ക്ക് കൈപിടിച്ചുനടത്തിയ എഴുത്തച്ഛൻ മലയാളഭാഷയുടെ സാദ്ധ്യതകളെ പൂർണ്ണമായി ഉൾക്കൊള്ളുകയായിരുന്നു. വിവിധദേശങ്ങളിൽ നിന്നും ഭാഷകളിൽ നിന്നും പദങ്ങൾ കൈക്കൊണ്ട് ഭാഷയെ നിലവാരപ്പെടുത്തുകയും ഒരേസമയം ലളിതവും ഗഹനവുമാക്കിത്തീർക്കുകയും ചെയ്തു. ഇതിഹാസങ്ങളെ ആവാഹിക്കാനുള്ള കഴിവ് മലയാളത്തിനുണ്ടെന്ന് അദ്ദേഹം തെളിയിച്ചുതന്നു. സ്വർഗ്ഗത്തിലേയ്ക്ക് ഗോപുരംപണിത് കയറാനൊരുങ്ങിയ ജനത്തെ ഭാഷകലക്കിക്കളഞ്ഞാണ് ദൈവം പിൻതിരിപ്പിച്ചതെന്ന ബൈബിൾഭാഗം ഇവിടെ സ്മരിക്കാം. കാക്കനാടന്റെ 'ബാബേൽ' എന്ന കഥയും ഇവിടെ അനുസ്മരിക്കാം. ഐക്യത്തെ ഊട്ടിയുറപ്പിക്കുന്നത് ഭാഷയാണ്.

"അറിവും ആടലോടകവും മണക്കുന്ന

പഴമൊഴികളുടെ നിറനിലാവ്" എന്ന വരികളിൽ അമ്മൂമ്മവൈദ്യവും അടുക്കളവൈദ്യവും നാടൻ മരുന്നുകളും ഒപ്പം അനുഭവങ്ങളിലൂടെ സ്വാംശീകരിച്ചെടുത്ത പഴമൊഴികളുടെ ആർജ്ജവവും

നിറയുന്നു. പഴമൊഴികൾ ഭാഷയുടെ തനിമയെയും ശക്തിയെയും സംസ്കാരത്തെയും ധ്വന്യാത്മകമായി സൂചിപ്പിക്കുന്നു. ഭാഷയുടെ പഴമ നിശ്ചയിക്കുന്നത് പഴഞ്ചൊല്ലുകളും ശൈലികളും കടംകഥകളും കൂടി വിശകലനം ചെയ്താണ്.

"പാമ്പിൻ മാളങ്ങൾ നിറഞ്ഞ കടങ്കഥകളുടെ

നൂണുപോകേണ്ട മൈലാഞ്ചിവഴികൾ" എന്ന വരികളിൽ കടങ്കഥകളുടെ ഉത്തരങ്ങൾ തേടാനുള്ള പ്രതിബന്ധങ്ങൾ സൂചിപ്പിക്കുന്നു. പാമ്പിൻമാളങ്ങളും മുള്ളുകൾ നിറഞ്ഞ മൈലാഞ്ചിക്കൂട്ടങ്ങളും ഉത്തരങ്ങളിലേയ്ക്കുള്ള യാത്രയിലെ പ്രതിസന്ധികളാണ്. ഭാഷയുടെ വ്യംഗ്യപ്രധാനതയും ഒപ്പം പ്രകൃതിവൈവിദ്ധ്യവും സൂക്ഷ്മതയോടെ, കൂർമ്മബുദ്ധിയോടെ ഉൾക്കൊള്ളുന്നവനുമാത്രമേ നൂണുപോയി ഉത്തരം കണ്ടെത്താൻ സാധിക്കൂ. സർവ്വജീവജാലങ്ങളെയും കുറിച്ച് അവയുടെ സ്വഭാവസവിശേഷതകളെക്കുറിച്ച് അറിവ് പുലർത്തുമ്പോഴേ ഭാഷയുടെ വിശാലമായ സാദ്ധ്യതകൾക്കൊപ്പം പ്രകൃതിയുടെ വൈവിദ്ധ്യപൂർണ്ണമായ സ്വഭാവസങ്കീർണ്ണതകളിലേയ്ക്കും നമുക്ക് സഞ്ചരിക്കാനാവൂ.

"സന്ധ്യകളിൽ അഗ്നിവിശുദ്ധയായി കനകപ്രഭചൊരിഞ്ഞ എഴുത്തച്ഛന്റെ സീതാമാതാവ്" സീതായനവും രാമായണവും അനുഭവിപ്പിക്കുന്നു. രാമായണപാരായണം ഭക്തിക്കുമാത്രമല്ല അക്ഷരശുദ്ധിക്കും ആവശ്യമാണെന്ന് മലയാളിക്കറിയാം. അഗ്നിവിശുദ്ധ

എന്ന വാക്ക് സീത അനുഭവിച്ച ദുഃഖഗാഥ മുഴുവൻ അനുഭവിപ്പിക്കാൻ പര്യാപ്തമാണ്. രാമായണപാരായണത്തിനായി സന്ധ്യാസമയത്ത് കൊളുത്തുന്ന നിലവിളക്കിന്റെ അഗ്നിവിശുദ്ധിക്കപ്പുറം സീതാദേവിയുടെ അഗ്നിപ്രവേശവും ചാരിത്രശുദ്ധിയും ഇവിടെ സമന്വയിക്കുന്നു. സീതാദുഃഖം പകർന്നുതരാനുള്ള ആർദ്രമായ ഭാഷയും മലയാളത്തിനു സ്വന്തമെന്ന് കവി ഇവിടെ അടിവരയിടുന്നു.

"പച്ചയും കിരീടവുമണിഞ്ഞ് അരമണിയും ചിലമ്പും കിലുക്കി

ഞങ്ങൾ നേടിയ വാടാത്ത കല്യാണസൗഗന്ധികം" എന്ന വരികൾ സാമൂഹ്യപരിഷ്കർത്താവും ഓട്ടൻതുള്ളലിന്റെ ഉപജ്ഞാതാവുമായ കുഞ്ചൻനമ്പ്യാരെ സൂചിപ്പിക്കുന്നു. "ഒരുത്തനും ലഘുത്വത്തെ വരുത്താനും മോഹമില്ല, ഒരുത്തനും ഹിതമായി പറവാനും ഭാവമില്ല" എന്ന് പ്രസ്താവിച്ചുകൊണ്ട് ചടുലമായ ഭാഷയിൽ സാമൂഹ്യവിമർശനം നടത്താൻ കഴിഞ്ഞത് മാതൃഭാഷയിലൂടെയാണെന്നത് ഭാഷയുടെ വിമർ ശനപ്രധാനതയെ സൂചിപ്പിക്കുന്നു. ദ്രൗപദിയുടെ ആഗ്രഹങ്ങളെയും ഭീമന്റെ യാത്രകളെയും ഹനുമാന്റെ നിസ്സംഗതയെയും കല്യാണസൗഗന്ധികം ഓർമ്മിപ്പിക്കുന്നു. ഒപ്പം ചാക്യാരുടെ പരിഹാസവും നമ്പ്യാരുടെ ആർജ്ജവവും മനസ്സിലെത്തുന്നു. കേരളത്തെ കലാകേരളമാക്കി മാറ്റിയതിൽ 'വാടാത്ത കല്യാണസൗഗന്ധിക'ത്തിനും തുള്ളൽവേഷങ്ങൾക്കും സ്ഥാനമുണ്ടെന്നും ഇവിടെ വ്യാഖ്യാനിക്കാം.

"ഉത്സവപ്പിറ്റേന്നത്തെ പുലരിമയക്കത്തിൽ

ചേങ്കിലമുഴക്കത്തോടൊപ്പം കാതുകളിൽ പൂത്തുനിന്ന

സാമ്യമകന്നോരുദ്യാനം" കേരളത്തിലെ ഉത്സവങ്ങളെയും അതിനോടനുബന്ധിച്ച് പുലരും വരെ നടത്തിയിരുന്ന കഥകളിയരങ്ങുകളെയും സൂചിപ്പിക്കുന്നു. നളചരിതത്തിലെ ഉദ്യാനവർണ്ണനകളും ഹംസത്തിന്റെ രംഗപ്രവേശവും ദമയന്തിയും തോഴിമാരും ചേർന്നു പകർന്നുതരുന്ന ദൃശ്യശ്രവ്യാനുഭവങ്ങളും നേരം പുലർന്നുകഴിഞ്ഞിട്ടും കാതുകളിൽ പ്രതിധ്വനിച്ചുനിൽക്കുന്നത് ഇവിടെ വ്യക്തമാകുന്നു. പൂത്തുനിൽക്കുന്ന ഉദ്യാനമെന്ന കല്പന കഥകളി വേഷങ്ങളുടെ വർണ്ണവൈവിദ്ധ്യവും തനിമയും കൈരളിക്കുമാത്രം സ്വന്തമായ കഥകളിസംസ്കാരത്തിന്റെ പെരുമയെയും സൂചിപ്പിക്കുന്നു. നമ്മുടെ മലയാളം സംസ്കാരത്തിന്റെ പ്രതീകമായി പരിണമിക്കുന്നു.

"ക്ഷീരസാഗരശയനന്റെ നാഭിയിൽ മുളയെടുത്ത

സ്വാതിയുടെ സംഗീതസരോരുഹം" എന്ന വരികളിൽ സാക്ഷാൽ അനന്തപദ്മനാഭനും സ്വാതിതിരുനാളും സംഗീതവും അലയടിക്കുന്നു. സ്വാതിയുടെ സംഗീതസദസ്സിലെ ഇരയിമ്മൻതമ്പിയും ഷഡ്കാലഗോവിന്ദമാരാരും മുത്തുസ്വാമി ദീക്ഷിതരും ത്യാഗരാജനും

വടിവേലുവും പൊന്നയ്യയും ചിന്നയ്യയും ശിവാനന്ദനും തുടങ്ങി നിരവധി അമാനുഷികരെയും നമുക്ക് സ്മരിക്കാം. സംഗീതത്തിന്റെ മാസ്മരികത ഇതര ഭാഷകളുടെ സമന്വയത്തിലൂടെ നമ്മുടെ ഭാഷയെയും സംഗീതത്തെയും സമ്പന്നമാക്കുന്നതാണെന്ന് സ്വാതിയുടെ സംഗീത സരോരുഹം ഓർമ്മിപ്പിക്കുന്നു.

"ആലിൻചോട്ടിലെ എണ്ണമറ്റമേളത്തിരകളിൽ

ആലിലയിൽ പൊന്തിക്കിടന്ന ചൈതന്യം" എന്ന വരികൾ ഉത്സവമേളങ്ങളും ക്ഷേത്രപരിസരങ്ങളും ആലിലകൃഷ്ണനും ഓർമ്മയിലെത്തിക്കുന്നു. ക്ഷേത്രങ്ങളും ഉത്സവങ്ങളുമില്ലാത്ത കേരളീയപ്രകൃതി നമുക്ക് അചിന്തനീയമാണല്ലോ.

